34th Year of Service 2026

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

April 20, 2026 Vol. XXXIV No. 16

3 സ്ത്രീകളോടു മാപ്പ് ചോദിച്ച് മോദി
10 ജലസംഭരണികളിൽ 30 ശതമാനം വെള്ളം മാത്രം
11 ഇന്ത്യയിൽ 25 ലക്ഷം പേർ ദാരിദ്ര്യത്തിലാകുമെന്ന്
13 സമർപ്പണത്തിന്റെ അമ്പതു വർഷങ്ങൾ
20 ചരിത്രത്തിൽ ഇടം നേടി പൈതൃകം – 2026



ചിക്കാഗോ സെന്റ് തോമസ് സീറോമലബാർ രൂപതാ സ്ഥാപനത്തിന്റെ രജത ജൂബിലിയുടെ ഭാഗമായി നടത്തപ്പെട്ട മലയാളി സിസ്റ്റേഴ്സിന്റെ സംഗമം ചിക്കാഗോ (ബെൻസെൻവിൽ) സേക്രഡ് ഹാർട്ട് ക്നാനായ കാത്തലിക് ഫൊറോനാപ്പള്ളിയിൽ റിതുവേനിയൻ-ബൈസന്റൈൻ കത്തോലിക്കാ രൂപതയുടെ ബിഷപ് റോബർട്ട് പിപ്റ്റ ഉദ്ഘാടനം ചെയ്തപ്പോൾ. ബിഷപ് മാർ ജോയി ആലപ്പാട്ട്, ബിഷപ് മാർ ജേക്കബ് അങ്ങാടിയത്ത്, ഫാ. അലക്സാണ്ടർ കുര്യൻ, വികാരി ജനറാൾമാരായ ഫാ. തോമസ് മുളവനാൽ, ഫാ. ജോൺ മേലേപ്പുറം, ഫാ. തോമസ് കടുകപ്പള്ളിൽ, ചാൻസലർ ഫാ. ജോൺസൺ കോവൂർ പുത്തൻപുരയിൽ, സേക്രഡ് ഹാർട്ട് വികാരി ഫാ. ഏബ്രഹാം കളരിക്കൽ, സെന്റ് മേരീസ് അസിസ്റ്റന്റ് വികാരി ഫാ. അനീഷ് മാവേലിപുത്തൻപുരയിൽ, സിസ്റ്റർ അമേലിയ, സിസ്റ്റർ ആനി സെറീൻ, സിസ്റ്റർ ലിസാ ആഞ്ഞലിക്കൽ തുടങ്ങിയവർ സമീപം.

### വനിതാ സംവരണം:
## ഭരണഘടനാ ഭേദഗതി നീക്കം പരാജയപ്പെട്ടു

ന്യൂഡൽഹി: വനിതാ സംവരണം നടപ്പാക്കാനെന്ന പേരിൽ ലോക്സഭാ സീറ്റുകൾ 850 വരെയാക്കാനുള്ള കേന്ദ്ര സർക്കാർ നീക്കം ലോക്സഭയിൽ പ്രതിപക്ഷം ഒറ്റക്കെട്ടായി പരാജയപ്പെടുത്തി. ഭരണഘടനാ ഭേദഗതിക്ക് ആവശ്യമായ മൂന്നിൽ രണ്ടു ഭൂരിപക്ഷം സർക്കാരിനു ലഭിച്ചില്ല. ബില്ലിനെ അനുകൂലിച്ച് 298 പേരും എതിർത്ത് 230 പേരും വോട്ട് ചെയ്തു. വോട്ട് ചെയ്ത 528 പേരിൽ 352 പേരുടെ പിന്തുണയാണ് മൂന്നിൽ രണ്ടു ഭൂരിപക്ഷത്തിനു വേണ്ടിയിരുന്നത്. ഫലത്തിൽ 54 പേരുടെ കുറവിൽ ബിൽ പരാജയപ്പെട്ടു. 11 പേർ വോട്ടിങ് സമയത്ത് ഹാജരായിരുന്നില്ല. 123 എം.പിമാർ പങ്കെടുത്ത 23 മണിക്കൂർ മാരത്തൺ ചർച്ചയ്ക്കൊടുവിലാണ് ബിൽ വോട്ടിനിട്ടത്.

ബിൽ ലോക്സഭയിൽ പരാജയപ്പെട്ടതിനാൽ രാജ്യസഭ ഇനി പരിഗണിക്കില്ല. ഭരണഘടനാ ഭേദഗതി പാസാകാത്തതിനാൽ, മണ്ഡല പുനർനിർണയ കമ്മീഷൻ രൂപീകരണത്തിനു നിയമസഭകളുള്ള കേന്ദ്ര ഭരണപ്രദേശങ്ങൾക്കു ബാധകമാകുന്ന വ്യവസ്ഥകൾ ഭേദഗതി ചെയ്യുന്നതിനുമുള്ള 2 ബില്ലുകൾ സർക്കാർ ഉപേക്ഷിച്ചു. 2014 മോദി സർക്കാർ അധികാരത്തിൽ വന്നശേഷം ആദ്യമായാണ് ഒരു ഭരണഘടനാ ഭേദഗതിബിൽ പരാജയപ്പെടുന്നത്. (ശേഷം 28–ാം പേജിൽ)

## സ്കൂൾ സംഘത്തിന്റെ വാൻ 300 അടി താഴ്ചയിലേക്ക് മറിഞ്ഞു 9 മരണം

വാൽപാറ: മലപ്പുറം പാങ്ങ് പള്ളിപ്പറമ്പ് ഗവ. എൽ.പി. സ്കൂളിൽ നിന്നുള്ള സംഘം യാത്രചെയ്ത വാൻ നിയന്ത്രണംവിട്ടു വാൽപാറ–പൊള്ളാച്ചി ചുരം റോഡിൽ 300 അടി താഴ്ചയിലേക്കുമറിഞ്ഞ് ഒരു കുട്ടിയുൾപ്പെടെ 9 പേർ മരിച്ചു. 4 പേർക്കു പരിക്കേറ്റു 3 പേരുടെ നില ഗുരുതരമാണ്. പ്രധാന അദ്ധ്യാപകരായ അജിത (54), അദ്ധ്യാപകരായ റംല (52), സുഹറ (43), ആശ (41), അബ്ദുൾ മജീദ് (43), ഭാര്യ റുഖിയ (39), പാചകത്തൊഴിലാളി സാജിത (45), സുഹറയുടെ മകൻ ചെറുകുളമ്പ് ഐകെടിഎച്ച്എസ്എസ് എട്ടാം ക്ലാസ് വിദ്യാർത്ഥി ഹിഷാം (12), സമീപ സ്കൂളായ പാങ്ങ് ജിയുപിഎസിലെ അദ്ധ്യാപിക ഷക്കീന (37) എന്നിവരാണു മരിച്ചത്. പാങ്ങ് പള്ളിപ്പറമ്പ് ജി. എൽ.പി സ്കൂളിൽ ജോലിചെയ്തിരുന്ന ഷക്കീന ഈയിടെയാണ് പാങ്ങ് ജിയുപി സ്കൂളിലേക്കു മാറിയത്. അപകടത്തിൽപെട്ട വാനിന്റെ ഡ്രൈവർ മുഹമ്മദ് ഫാഹിസ് (22), ഉൾപ്പെടെ 3 പേർ ഗുരുതര പരുക്കുകളോടെ കോയമ്പത്തൂർ ഗവ. മെഡിക്കൽ കോളജ് ആശുപത്രിയിൽ തീവ്രപരിചരണ വിഭാഗത്തിലാണ്. പൊള്ളാച്ചി സർക്കാർ ആശുപത്രിയിൽ ചികിത്സയിലായുന്ന 10 വയസ്സുകാരി മസ്നീനെ രാത്രി വൈകി നാട്ടിലേക്കു കൊണ്ടുപോയി. 17–ന് വൈകിട്ട് 5.20 നായിരുന്നു അപകടം.



പൊള്ളാച്ചിവഴി നാട്ടിലേക്കു മടങ്ങുമ്പോൾ ചുരത്തിലെ 13–ാം ഹെയർപിൻ വളവു തിരിയുന്നതിനിടെ നിയന്ത്രണം വിട്ട വാൻ പലതവണ കീഴ്മേൽ മറിഞ്ഞു തെറിച്ച് 9–ാം വളവിലേക്കു പതിക്കുകയായിരുന്നു. എട്ട് പേർ സംഭവസ്ഥലത്തു തന്നെ മരിച്ചു. വാൻ 9–ാം വളവിലെ കൈവരിയിൽ ഇടിച്ചു മരത്തിൽ തട്ടിയാണു നിന്നത്. അപകടത്തിന്റെ കാരണത്തെക്കുറിച്ച് കൂടുതൽ അന്വേഷണം നടന്നുവരികയാണ്. മുഖ്യമന്ത്രി പിണറായി വിജയന്റെ നിർദേശത്തെത്തുടർന്ന് മന്ത്രി കെ. കൃഷ്ണൻകുട്ടി രാത്രിയോടെ പൊള്ളാച്ചിലെത്തി. തുടർന്ന് 17–ന് രാത്രിതന്നെ പോസ്റ്റ്മോർട്ടം നടത്തി 18–ന് രാവിലെയോടെ മൃതദേഹങ്ങൾ ബന്ധുക്കൾക്കു വിട്ടുനൽകാൻ നടപടി സ്വീകരിച്ചു.

### മുഖ്യമന്ത്രിത്തർക്കം:
## നിർദ്ദേശം ലംഘിച്ചാൽ നടപടിയെന്ന് ഹൈക്കമാൻഡ്

കോട്ടയം: തെരഞ്ഞെടുപ്പ് ഫലം വരുന്നതിനു മുമ്പേ മുഖ്യമന്ത്രി സ്ഥാനത്തെച്ചൊല്ലി കോൺഗ്രസിൽ നടക്കുന്ന ചർച്ചകളിൽ ഹൈക്കമാൻഡിനു കടുത്ത അതൃപ്തി. കേരളത്തിന്റെ സംഘടനാച്ചുമതലയുള്ള എ.ഐ.സി.സി. ജനറൽ സെക്രട്ടറി ദീപാദാസ് മുൻഷിയാണ് നേതാക്കളെ ഹൈക്കമാൻഡിന്റെ നീരസമറിയിച്ചത്. കോൺഗ്രസിലെ മുഖ്യമന്ത്രിപ്പോരിൽ മുസ്ലിം ലീഗിനും കടുത്ത അതൃപ്തിയുണ്ട്. വിഷയത്തിൽ ഹൈക്കമാൻഡ് ഇടപെടണമെന്നും പരസ്യപ്പോര് അവസാനിപ്പിക്കാൻ നിർദ്ദേശം നല്കണമെന്നും ആവശ്യപ്പെട്ട് കോൺഗ്രസ് നേതൃത്വത്തെ ലീഗ് തങ്ങളുടെ നിലപാട് അറിയിച്ചു. കോൺഗ്രസ് ഹൈക്കമാൻഡ് മെയ് നാലിന് വോട്ടെണ്ണൽ കഴിയുന്നതു വരെ മുഖ്യമന്ത്രിയാരെന്ന പരസ്യപ്രസ്താവന പാടില്ലെന്ന് അന്ത്യശാസനം നല്കിയിരിക്കുകയാണ്. സാമൂഹികമാധ്യമങ്ങളിലടക്കം നടക്കുന്ന 'മുഖ്യമന്ത്രിത്തർക്കം' അവസാനിപ്പിക്കാൻ ഇടപെടണമെന്നാവശ്യപ്പെട്ട് ബെന്നി ബെഹനാൻ എം.പി ഉൾപ്പെടെ ഒരുവിഭാഗം മുതിർന്ന നോതാക്കൾ കോൺഗ്രസ് അദ്ധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയ്ക്കു കത്തയച്ചിരുന്നു.

പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ, മുൻപ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, എ.ഐ.സി.സി. ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ എന്നിവരെ മുൻനിർത്തിയാണ് മുഖ്യമന്ത്രിയാരെന്ന ചർച്ചകൾ ചൂടുപിടിക്കുന്നത്. യുഡിഎഫ് ജയിച്ചാൽ പ്രതിപക്ഷനേതാവെന്ന നിലയിൽ സ്വാഭാവികമായും സതീശൻ മുഖ്യമന്ത്രിയാകുമെന്ന് അദ്ദേഹത്തെ പിന്തുണയ്ക്കുന്നവർ കരുതുന്നു. മുതിർന്ന നേതാവ് രമേശ് ചെന്നിത്തലയെ (ശേഷം 28–ാം പേജിൽ)

SUNNY FINANCIAL STRATEGIES, LLC

Forbes 2025 BEST-IN-STATE TOP FINANCIAL SECURITY PROFESSIONALS



Tom Sunny, CFP®, CLU®, RICP®

*Financial Planner & Wealth Advisor*

*Expert Guidance Through Life's Financial Transitions*

Comprehensive planning for professionals, retirees, and business owners who want clarity, confidence, and long-term security for generations.

Support for complex financial moments, including:

- Financial Planning & Wealth Management
- 401(k) & IRA Investment Optimization
- Risk Management & Insurance
- Business & Employee Benefits
- Retirement Income Strategy
- Estate Planning & Trusts
- Tax Planning Strategies
- Social Security & Medicare

*Complimentary Financial Plan*
Retirement & Estate Review
No Cost • Limited Availability

*Let's Plan Your Brighter Financial Future*

847-414-9116 tom@sunnyfinancial.com

SunnyFinancial.com

SCAN TO LEARN MORE

475 N Martingale Rd, Suite 1250, Schaumburg, IL 60173 | 847-585-4931 | SunnyFinancial.com

Financial Advisor with Eagle Strategies LLC (a Registered Investment Adviser). Securities offered through NYLIFE Securities LLC (Member FINRA/SIPC). Insurance offered through NYLIFE Securities LLC, a Licensed Insurance Agency. Eagle Strategies LLC and NYLIFE Securities LLC are New York Life companies.

Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates and does not offer tax or legal advice.

# Secure Tax Services

DBA SMALL BUSINESS ACCOUNTING LLC

## Personal and Business Tax Services

*Free Electronic Filling*



TINO SIMON MUNDAPLACKIL

Phone: 630-635-3615

E-mail:tino@greatwaysinc.com

1001 E Chicago Ave, Suite 151

Naperville, IL 60540

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

# ACCIDENT ATTORNEYS

AV PREEMINENT® Peer Rated for Highest Level of Professional Excellence 2025

## LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY

**Fee Discounts On Certain Cases For Malayalee Clients**

**Home Visits Available**



Steve Crifase
Steve@Crifaselaw.com

# CRIFASE LAW FIRM, LTD.

## 312-855-0511

Free Consultation/Your Call Is Always Welcome Like A Family Friend



Michael Crifase
Michael@Crifaselaw.com

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com

BBB ACCREDITED BUSINESS A+ Rating Better Business Bureau

## വനിതാ സംവരണം

# സ്ത്രീകളോടു മാപ്പ് ചോദിച്ച് മോദി

ന്യൂഡൽഹി: വനിതാ സംവരണ ബിൽ പാർലമെന്റിൽ പരാജയപ്പെട്ടതിനു ഇന്ത്യയിലെ ജനങ്ങളോടു മാപ്പ് ചോദിക്കുകയാണെന്നു പ്രധാനമന്ത്രി നരേന്ദ്ര മോദി. കോൺഗ്രസും തൃണമൂൽ കോൺഗ്രസും ഡിഎംകെയും ചേർന്നു ബില്ലിനെ ഭ്രൂണഹത്യ നടത്തിയെന്നും പ്രധാനമന്ത്രി ആരോപിച്ചു. ബിൽ പാർലമെന്റിൽ പരാജയപ്പെട്ടതിന്റെ തൊട്ടടുത്ത ദിവസം രാജ്യത്തെ അഭിസംബോധന ചെയ്ത് പ്രധാനമന്ത്രി പ്രതിപക്ഷ കക്ഷികളെ അതിരൂക്ഷമായ ഭാഷയിലാണു വിമർശിച്ചത്.

ഇന്ത്യയിലെ സ്ത്രീകൾ കോൺഗ്രസിനോടും സഖ്യകക്ഷികളോടും പൊറുക്കില്ല. സ്ത്രീകളിൽനിന്ന് അവരുടെ അവകാശങ്ങൾ തട്ടിയെടുത്തശേഷം ആഘോഷിക്കുകയായിരുന്നു പ്രതിപക്ഷം. അതുവഴി സ്ത്രീകളുടെ ആത്മാഭിമാനത്തെ അവഹേളിക്കുകയാണു പ്രതിപക്ഷം. സ്ത്രീകൾ എന്തു മറന്നാലും അവർക്കുണ്ടായ അപമാനം മറക്കുകയില്ല എന്ന് ഓർക്കണം. പ്രതിപക്ഷം ചെയ്തത് ഓരോ സ്ത്രീയുടെയും മനസിലുണ്ടാകും. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ സ്ത്രീകൾ ഇന്ത്യയുടെ ഓരോ ചലനവും നിരീക്ഷിക്കുന്നവരാണെന്നു പ്രതിപക്ഷം മറന്നുപോയി. അതിനാൽ ബില്ലിനെ പരാജയപ്പെടുത്തിയ പ്രതിപക്ഷത്തിന് അതിനുള്ള ശിക്ഷ ഉറപ്പായും ലഭിക്കും- മോദി പറഞ്ഞു.

ഇന്ത്യയുടെ മുഴുവൻ കാഴ്ചപ്പാടിൽ കോൺഗ്രസും സഖ്യകക്ഷികളും സത്യസന്ധമായൊരു ശ്രമത്തിന്റെ ഭ്രൂണഹത്യ നടത്തുകയായിരുന്നു. കോൺഗ്രസും സമാജ്‌വാദി പാർട്ടിയും ഡിഎംകെയും പോലുള്ള പാർട്ടികളാണ് ഇതിനു സൂത്രധാരത്വം വഹിച്ചത്. ഭരണഘടനയോടും ഇന്ത്യയിലെ സ്ത്രീകളോടും ഒരു വലിയ കുറ്റമാണ് ഇവർ ചെയ്തത്.



രാജ്യതാത്പര്യമാണ് നമുക്കു പ്രധാനമെങ്കിലും ചിലർക്ക് രാഷ്ട്രീയമാണു വലുത്. ബിൽ പാസാക്കാൻ കഴിയാത്തതിൽ ഇന്ത്യയിലെ എല്ലാ സ്ത്രീകളോടും മാപ്പു ചോദിക്കുകയാണ്. ഇന്ത്യയിലെ സ്ത്രീശക്തി ഉയർന്നുപറക്കുന്നതിൽനിന്ന് എങ്ങനെയാണു തടയപ്പെട്ടതെന്ന് എല്ലാവരും കണ്ടതാണ്.

എല്ലാത്തരത്തിലും ശ്രമിച്ചിട്ടും വനിതാ സംവരണ ഭേദഗതി ബിൽ പാസാക്കാനായില്ല. അതിന് എല്ലാ അമ്മമാരോടും സഹോദരിമാരോടും ക്ഷമ ചോദിക്കുന്നു - പ്രസംഗത്തിൽ പ്രധാനമന്ത്രി പറഞ്ഞു.

ബിൽ പരാജയപ്പെട്ടപ്പോൾ പ്രതിപക്ഷം കൈയടിച്ച് ആഹ്ലാദിക്കുകയായിരുന്നു. ഇന്ത്യയിലെ സ്ത്രീകളുടെ ആത്മാഭിമാനത്തെയാണ് ഇതു വ്രണപ്പെടുത്തിയത്. സ്ത്രീകൾ ഈ അപമാനത്തിന് മാപ്പ് നൽകില്ല. ഒന്നും കവർന്നെടുക്കാനായിരുന്നില്ല ബില്ലിലൂടെ ലക്ഷ്യമിട്ടിരുന്നത്. മറിച്ച് എല്ലാവർക്കും എന്തെങ്കിലുമൊക്കെ നൽകാനാണ് ശ്രമിച്ചത്. സ്ത്രീകളുടെ അവകാശം ഉറപ്പാക്കാനുള്ള സത്യസന്ധമായ ശ്രമമായിരുന്നു ഇത്. സംസ്ഥാനങ്ങളുടെ ശക്തി ഒരേ അനുപാതത്തിൽ വർധിപ്പിക്കാനും ലക്ഷ്യമിട്ടിരുന്നുവെന്നും പ്രധാനമന്ത്രി പറഞ്ഞു.

അതേസമയം, പ്രധാനമന്ത്രിയുടെ പരാമർശം ഏകപക്ഷീയവും തെറ്റിദ്ധാരണാജനകവുമാണെന്ന് കോൺഗ്രസ് നേതാവ് ജയറാം രമേശ് പ്രതികരിച്ചു.

# മോദിയുടെ രാഷ്ട്രീയ പ്രസംഗം ചട്ടലംഘനമെന്ന് വിദഗ്ധർ

ന്യൂഡൽഹി: ബംഗാളിലും തമിഴ്‌നാട്ടിലും നിയമസഭാതെരഞ്ഞെടുപ്പ് പ്രചാരണം പുരോഗമിക്കുന്നതിനിടയിൽ വനിതാസംവരണവിഷയത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ദൂരദർശനിലൂടെ പ്രതിപക്ഷത്തിനുനേരെ നടത്തിയ രാഷ്ട്രീയ കടന്നാക്രമണം തെരഞ്ഞെടുപ്പ് ചട്ടലംഘനമെന്ന് വിദഗ്ധർ. അധികാരത്തിലിരിക്കുന്നവർ ഔദ്യോഗികമാധ്യമങ്ങളിലൂടെ രാഷ്ട്രീയപ്രചാരണം നടത്തരുതെന്ന പെരുമാറ്റച്ചട്ടത്തിലെ നാലാം വകുപ്പിന്റെ ലംഘനമാണിതെന്നും പ്രധാനമന്ത്രിക്കെതിരെ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് കോൺഗ്രസ്-ഇടതുപക്ഷ നേതാക്കൾ തെരഞ്ഞെടുപ്പ് കമ്മീഷന് പരാതി നൽകി. മോദിയുടെ പ്രസംഗം ചട്ടലംഘനമാണെന്ന് മുതിർന്ന സുപ്രീം കോടതി അഭിഭാഷകനും ഭരണഘടനാവിദഗ്ധരുമായ കപിൽ സിബലും കാളീശ്വരം രാജും ചൂണ്ടിക്കാട്ടി. ഇതിൽ തെരഞ്ഞെടുപ്പ് കമ്മീഷൻ എന്തു നടപടി സ്വീകരിക്കുമെന്നാണ് ഇനി കണ്ടറിയേണ്ടത്.

സി.പി.എം ജനറൽ സെക്രട്ടറി എം.എ. ബേബി, സിപിഐ രാജ്യസഭാ നേതാവ് പി. സന്തോഷ് കുമാർ, കേരളത്തിലെ കോൺഗ്രസ് നേതാവ് അനിൽ അക്കര എന്നിവരാണ് നടപടിയാവശ്യപ്പെട്ട് തെരഞ്ഞെടുപ്പ് കമ്മീഷന് പരാതി നൽകിയത്. രാഷ്ട്രത്തോടുള്ള ഔദ്യാഗിക പ്രസംഗത്തെ ചെളിവാരിയെറിയലും നുണകളും നിറഞ്ഞ രാഷ്ട്രീയപ്രസംഗമാക്കി മോദി മാറ്റിയെന്ന് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ പറഞ്ഞു. ഇന്ത്യയെ സത്യസന്ധതയോടെ സമീപിക്കുന്നതിനുപകരം മോദി തെറ്റിദ്ധരിപ്പിക്കുകയാണെന്ന് തൃണമൂൽ കോൺഗ്രസ് നേതാവും ബംഗാൾ മുഖ്യമന്ത്രിയുമായ മമത ബാനർജി പറഞ്ഞു. വെറും വാചാടോപങ്ങൾ നിറഞ്ഞ, മുഖംരക്ഷിക്കാനുള്ള ശ്രമം മാത്രമാണ് മോദിയുടേതെന്ന് സിപിഎം ജനറൽ സെക്രട്ടറി എം.എ. ബേബി ആരോപിച്ചു. പ്രധാനമന്ത്രിയുടേത് പെരുമാറ്റച്ചട്ടത്തിന്റെ നഗ്നമായ ദുരുപയോഗമാണെന്ന് പി. സന്തോഷ് കുമാർ ആരോപിച്ചു.

# പടക്കശാല സ്ഫോടനം; തമിഴ്‌നാട്ടിൽ 23 മരണം

ചെന്നൈ: തമിഴ്‌നാട്ടിൽ വിരുദുനഗർ ജില്ലയിലെ കട്ടനാർപട്ടിയിൽ പടക്കശാലയിലുണ്ടായ സ്ഫോടനത്തിൽ 23 പേർ മരിച്ചു. ആറു പേർക്ക് ഗുരുതരമായി പരുക്കേറ്റു. രക്ഷാപ്രവർത്തനത്തിനിടെ വീണ്ടും പടക്കംപൊട്ടി അഗ്നിരക്ഷാസേനാംഗത്തിനും മൂന്നു സന്നദ്ധപ്രവർത്തകർക്കും പരുക്കേറ്റു. സ്ഥലത്തുണ്ടായിരുന്ന കളക്ടർ സുഖപുത്ര തലനാരിഴയ്ക്കാണ് പരുക്കേൽക്കാതെ രക്ഷപ്പെട്ടത്.

സ്വകാര്യ പടക്കനിർമാണ സ്ഥാപനമായ വനജ ഫയർ വർക്സിന്റെ നിർമാണശാലയിൽ ഏപ്രിൽ 19-ന് ഞായറാഴ്ച ഉച്ചയ്ക്കുശേഷമാണ് സ്ഫോടനമുണ്ടായത്. പത്തിലധികം മുറികളുള്ള കെട്ടിടത്തിലെ നാല് മുറികൾ പൂർണമായി തകർന്നു. ചിന്നിച്ചിതറിയ മൃതദേഹങ്ങൾ വീണ്ടെടുക്കാൻ രക്ഷാപ്രവർത്തകർ ഏറെ പാടുപെട്ടു.



50 പേരാണ് ജോലിയിൽ ഏർപ്പെട്ടിരുന്നത്. തകർന്ന കെട്ടിടത്തിന്റെ അവശിഷ്ടങ്ങളിൽ കുടുങ്ങിയവരെ രക്ഷിക്കാനുള്ള ശ്രമങ്ങൾ തുടരുകയാണ്. പടക്കശാലയുടെ ഉടമ മുത്തുമാണിക്കം ഒളിവിലാണ്. അന്വേഷണത്തിന് നാല് പ്രത്യേക പോലീസ് സംഘങ്ങളെ നിയോഗിച്ചിട്ടുണ്ട്. സംഭവത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി, മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ, പ്രതിപക്ഷ നേതാവ് എടപ്പാളി പളനിസ്വാമി, വിവിധ കക്ഷിനേതാക്കൾ തുടങ്ങിയവർ അനുശോചനം രേഖപ്പെടുത്തി. മരിച്ചവരുടെ കുടുംബത്തിന് പ്രധാനമന്ത്രി രണ്ടു ലക്ഷം രൂപവീതം സഹായധനം പ്രഖ്യാപിച്ചു. പരുക്കേറ്റവർക്ക് 50,000 രൂപ വീതം നൽകും.

# തിരുവനന്തപുരം മെഡിക്കൽ കോളജിലെ രോഗികൾ ദുരിതത്തിൽ

തിരുവനന്തപുരം: മെഡിക്കൽ കോളജ് ആശുപത്രിയിൽ ജനറൽ സർജറിയിൽ അതീവ ഗുരുതരാവസ്ഥയിലുള്ള രോഗികൾ തുണി കെട്ടി മറച്ച താൽക്കാലിക ഐസിയുകളിൽ കഴിയുന്നതിന്റെ ദൃശ്യം പുറത്ത്. ആശുപത്രിയിലെ മൾട്ടി സ്പെഷ്യൽറ്റി ബ്ലോക്കിലെ വെന്റിലേറ്ററിൽ തീപിടുത്തമുണ്ടായതിനെത്തുടർന്ന് പ്രവർത്തനം നിർത്തിയ ഇന്റൻസീവ് കെയർ യൂണിറ്റുകൾ (ഐസിയു) ഒരു മാസം കഴിഞ്ഞിട്ടും പ്രവർത്തന സജ്ജമാക്കാത്തതിനാലാണ് ഈ ദുരവസ്ഥ.

അടിയന്തരമായി കൂടുതൽ ഐസിയുകൾ നൽകണമെന്നാവശ്യപ്പെട്ട് ജനറൽ സർജറി വകുപ്പ് മേധാവി ഡോ. എ. നിസാറുദ്ദീൻ പ്രിൻസിപ്പലിനും സൂപ്രണ്ടിനും കത്തുനൽകിയിട്ടും പ്രശ്നപരിഹാരമായില്ല.

മാർച്ച് 17-ന് ആണു മൾട്ടി സ്പെഷ്യൽറ്റി ബ്ലോക്കിലെ വെന്റിലേറ്ററിൽ തീപിടുത്തം ഉണ്ടായത്. തുടർന്ന് 38 ഐസിയു കിടക്കകൾക്കു പകരം 20 താൽക്കാലിക യൂണിറ്റുകൾ ഏർപ്പെടുത്തി. തീപിടിത്തത്തെ തുടർന്ന് അടിയന്തരമായി രോഗികളെ താൽക്കാലിക ഐസിയുവിലേക്കു മാറ്റിയിരുന്നു. പിന്നാലെ വെന്റിലേറ്ററിൽ ചികിത്സയിലുണ്ടായിരുന്ന അഞ്ച് പേർ മരിച്ചതു വിവാദമായെങ്കിലും പ്രതിസന്ധിയില്ലെന്നും ഐസിയുകൾ പ്രവർത്തിക്കുന്നുണ്ടെന്നുമായിരുന്നു ആശുപത്രി അധികൃതർ അവകാശപ്പെട്ടത്. അതിനിടെ, 10 ഐസിയുകൾ ഏപ്രിൽ 20-നോ 21-നോ ജനറൽ സർജറി വിഭാഗത്തിനു കൈമാറുമെന്നു മെഡിക്കൽ കോളജ് പ്രിൻസിപ്പൽ ഡോ. പി.കെ. ജബ്ബാർ അറിയിച്ചു. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അനുമതി ലഭിക്കാൻ വൈകിയതാണ് ഐസിയു അറ്റകുറ്റപ്പണിക്കു തിരിച്ചടിയായതെന്ന് ആശുപത്രി അധികൃതർ അറിയിച്ചു.

# ആഗോള സൈബർ തട്ടിപ്പ്: പരാതികളിൽ ഇന്ത്യ രണ്ടാമത്

കോട്ടയം: ഏറ്റവും കൂടുതൽ സൈബർ തട്ടിപ്പ് പരാതികൾ റിപ്പോർട്ട് ചെയ്ത രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യ രണ്ടാം സ്ഥാനത്ത്. കാനഡയാണ് പട്ടികയിൽ ഒന്നാമത്. ലോകമെമ്പാടുമുള്ള സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള അമേരിക്കൻ ഏജൻസി ഫെഡറൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷന്റെ (എഫ്ബിഐ) 2026-ലെ ഇന്റർനെറ്റ് ക്രൈം റിപ്പോർട്ടിലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്.

2025-ൽ മാത്രം ലോകത്തെമ്പാടുമുള്ള ഇന്റർനെറ്റ് ക്രൈം കംപ്ലെയിന്റ് സെന്ററിൽ പത്തു ലക്ഷത്തിലധികം പരാതികളാണ് ലഭിച്ചത്. ഏകദേശം 20,877 ബില്യൺ ഡോളറിന്റെ സാമ്പത്തിക നഷ്ടം ഇതിലൂടെ സംഭവിച്ചതായി റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

2024-നെ അപേക്ഷിച്ച് നഷ്ടത്തിൽ 26 ശതമാനത്തിന്റെ വർധനവാണുണ്ടായത്. ആകെ നഷ്ടത്തിന്റെ 85 ശതമാനവും ഇന്റർനെറ്റ് വഴിയുള്ള തട്ടിപ്പുകൾ മൂലമാണ് സംഭവിച്ചത്.

ഏറ്റവും കൂടുതൽ പരാതികൾ റിപ്പോർട്ട് ചെയ്ത രാജ്യങ്ങൾ കാനഡ, ഇന്ത്യ, ജപ്പാൻ, യുണൈറ്റഡ് കിങ്ഡം, ജർമനി എന്നിവയാണ്. പട്ടികയിൽ നൈജീരിയ, പാക്കിസ്ഥാൻ, ചൈന എന്നീ രാജ്യങ്ങളും ആദ്യ ഇരുപത്തഞ്ചിൽ ഉൾപ്പെടുന്നു.

സൈബർ തട്ടിപ്പുകൾ പ്രധാനമായും ലക്ഷ്യം വെക്കുന്നത് മുതിർന്ന പൗരന്മാരെയാണെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു. 60 വയസിനു മുകളിലുള്ളവരിൽ നിന്നാണ് ഏറ്റവും വലിയ സാമ്പത്തിക നഷ്ടം (7.7 ബില്യൺ ഡോളർ) രേഖപ്പെടുത്തിയിരിക്കുന്നത്.

സാങ്കേതിക വിദ്യയുടെ വളർച്ചയ്ക്കൊപ്പം സൈബർ ക്രിമിനലുകൾ പുതിയ തന്ത്രങ്ങൾ ആവിഷ്കരിക്കുന്ന പശ്ചാത്തലത്തിൽ പൊതുജനങ്ങളും സുരക്ഷാ ഏജൻസികളും കൂടുതൽ ജാഗ്രത പാലിക്കണമെന്ന് എഫ്ബിഐ മുന്നറിയിപ്പ് നല്കി.

# ദേശീയപാതകളിൽ സുരക്ഷ ഉറപ്പാക്കാൻ നിർദേശങ്ങളുമായി സുപ്രീംകോടതി

ന്യൂഡൽഹി: ഭരണപരമായ വീഴ്ചകളും അടിസ്ഥാനസൗകര്യങ്ങളുടെ കുറവും ദേശീയപാതകളിലെ അപകടങ്ങൾക്കു കാരണമായി മാറരുതെന്ന് സുപ്രീംകോടതി. ഇന്ത്യയിലെ ആകെ റോഡ് ശൃംഖലയുടെ രണ്ടു ശതമാനം മാത്രമാണു ദേശീയപാതകളെങ്കിലും ഇന്ത്യയിലെ വാഹനാപകടത്തിന്റെ 30 ശതമാനവും സംഭവിക്കുന്നത് ഇവിടെയാണെന്നും ജസ്റ്റിസുമാരായ ജെ.കെ. മഹേശ്വരി, അതുൽ എസ്. ചന്ദൂർക്കർ എന്നിവരടങ്ങിയ ബെഞ്ച് നിരീക്ഷിച്ചു. രാജസ്ഥാനിലും തെലങ്കാനയിലും ഒരു ദിവസത്തിന്റെ ഇടവേളയിൽ ദേശീയപാതയിൽ നടന്ന അപകടങ്ങളുടെ പശ്ചാത്തലത്തിൽ സുപ്രീംകോടതി സ്വമേധയാ സ്വീകരിച്ച കേസിലാണു നിരീക്ഷണം. രണ്ട് അപകടങ്ങളിലുമായി 34 പേരാണു മരിച്ചത്. ഇത്തരത്തിൽ അപകടങ്ങൾ ഒഴിവാക്കുന്നതിന് ഇന്ത്യയിൽ വ്യാപകമായി നടപ്പാക്കേണ്ട ചില നിർദേശങ്ങളും കോടതി പുറപ്പെടുവിച്ചു.

ഒഴിവാക്കാവുന്ന ഒരു മരണംപോലും സംഭവിക്കുന്നത് ഭരണകൂടത്തിന്റെ പരാജയമാണെന്നു കോടതി ചൂണ്ടിക്കാട്ടി. നിയമവിരുദ്ധമായ പാർക്കിംഗ്, അപകടമേഖലകൾ എന്നിവ കാരണം ഒരു ജീവൻ നഷ്ടപ്പെടുന്നത് പൗരന്മാർക്കു ഭരണകൂടം നൽകേണ്ട സുരക്ഷാകവചത്തിന്റെ പരാജയമാണെന്നും കോടതി വ്യക്തമാക്കി. ഭരണഘടനയുടെ 21-ാം അനുച്ഛേദം അനുശാസിക്കുന്ന 'ജീവിക്കാനുള്ള അവകാശത്തെ' റോഡ് സുരക്ഷയുമായി കോടതി നേരിട്ട് ബന്ധിപ്പിച്ചു. മനുഷ്യജീവൻ സംരക്ഷിക്കപ്പെടുന്നതിന് സുരക്ഷിതമായ അന്തരീക്ഷം ഉറപ്പാക്കാൻ ഭരണകൂടത്തിനു ബാധ്യതയുണ്ടെന്നും കോടതി പറഞ്ഞു.

ദേശീയപാതകളിലോ അവയുടെ വശങ്ങളിലോ നിശ്ചിത പാർക്കിംഗ് ഏരിയകളിൽ അല്ലാതെ വലിയ വാഹനങ്ങളോ വാണിജ്യ വാഹനങ്ങളോ നിർത്താൻ പാടില്ലെന്ന് കോടതി നിർദേശിച്ചു. അഡ്വാൻസ്ഡ് ട്രാഫിക മാനേജ്മെന്റ് സിസ്റ്റം, ജിപിഎസ് അധിഷ്ഠിത ഫോട്ടോഗ്രാഫിക് തെളിവുകൾ, ഇ-ചെല്ലാൻ സംവിധാനം എന്നിവ വഴി നിയമലംഘനങ്ങൾ കണ്ടെത്തണം. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം, ദേശീയപാതാ അഥോറിറ്റി (എൻഎച്ച്എഐ), സംസ്ഥാന പോലീസ്, ഗതാഗത വകുപ്പുകൾ എന്നിവർ 60 ദിവസത്തിനുള്ളിൽ ഈ നിർദേശങ്ങൾ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പാക്കണം. പരിശോധനകൾക്കും പട്രോളിംഗിനുമായി ജില്ലാ മജിസ്ട്രേറ്റുമാർ പ്രത്യേക നടപടിക്രമങ്ങൾ രൂപീകരിക്കണമെന്നും സുപ്രീംകോടതി നിർദേശിച്ചു.

പാതയോരങ്ങളിൽ നിശ്ചിത ദൂരപരിധി മറികടന്ന് പുതിയ ധാബകളോ മറ്റു വാണിജ്യസ്ഥാപനങ്ങളോ നിർമിക്കുന്നതും പ്രവർത്തിപ്പിക്കുന്നതും നിരോധിക്കണമെന്ന് കോടതി ആവശ്യപ്പെട്ടു. നിലവിലുള്ള അനധികൃത നിർമാണങ്ങൾ 60 ദിവസത്തിനുള്ളിൽ നീക്കം ചെയ്യണം.

ദേശീയപാതാ അഥോറിറ്റിയുടേയോ പൊതുമരാമത്ത് വകുപ്പിന്റെയോ അനുമതിയില്ലാതെ സുരക്ഷാ മേഖലകളിൽ പുതിയ ലൈസൻസുകൾ നൽകരുത്. നിലവിലുള്ള ലൈസൻസുകൾ 30 ദിവസത്തിനുള്ളിൽ പുനഃപരിശോധിക്കണമെന്നും കോടതി നിർദേശിച്ചു.

അപകടസാധ്യതയുള്ള ഇടങ്ങളിൽ മികച്ച വെളിച്ചം ഉറപ്പാക്കുക, നിരീക്ഷണസംവിധാനങ്ങൾ വർധിപ്പിക്കുക, ട്രക്കുകൾക്കായി പ്രത്യേകം പാർക്കിംഗ് സൗകര്യങ്ങൾ ഒരുക്കുക, അടിയന്തര സേവന സംവിധാനങ്ങൾ വികസിപ്പിക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കാനും ബന്ധപ്പെട്ട അധികാരികളോട് സുപ്രീംകോടതി നിർദേശിച്ചു.

## നേഴ്സുമാരുടെ സമരം: നിയന്ത്രണങ്ങൾ നീക്കി കോടതി

കൊച്ചി: നേഴ്സുമാരുടെ സമരത്തിൽ ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾ ഹൈക്കോടതി നീക്കി. സമരം നടത്തുന്നവർക്കെതിരെ അച്ചടക്കനടപടി പാടില്ലെന്നതടക്കമുള്ള നിയന്ത്രണങ്ങളാണു കോടതി നീക്കിയത്. മാനേജ്മെന്റും നേഴ്സിംഗ് ജീവനക്കാരും തമ്മിലുള്ള തർക്കത്തിൽ നേഴ്സുമാരുടെ അസോസിയേഷനും സ്വകാര്യ ആശുപത്രി മാനേജ്മെന്റും ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ നീക്കി ഇടക്കാല ഉത്തരവ് കോടതി പരിഷ്കരിച്ചു. ജസ്റ്റിസ് ഹരിശങ്കർ വി. മേനോനാണ് മുൻ ഉത്തരവ് ഭേദഗതി ചെയ്തത്.

കക്ഷികൾക്കിടയിൽ മധ്യസ്ഥത വഹിക്കാൻ കോടതി നിർദേശിച്ചതിനാൽ നേഴ്സുമാരുടെ അസോസിയേഷൻ അവരുടെ പണിമുടക്ക് മാറ്റിവെക്കണമെന്നും അംഗങ്ങൾ ജോലിയിൽനിന്നു വിട്ടുനിൽക്കുകയോ ഏതെങ്കിലും തരത്തിലുള്ള പണിമുടക്കിൽ ഏർപ്പെടുകയോ തടസപ്പെടുത്തുകയോ ചെയ്യുന്നില്ലെന്ന് ഉറപ്പാക്കണമെന്നും നിർദേശിച്ചിരുന്നു. എന്നാൽ, മധ്യസ്ഥത പരാജയപ്പെട്ടു. തുടർന്നാണ് മുൻ ഉത്തരവിൽ ഭേദഗതി വരുത്തിയത്. നേഴ്സുമാർക്ക് നിയമപരമായി സമരം പുനരാരംഭിക്കാം.

അതോടൊപ്പം നേഴ്സുമാർക്കെതിരെ ഉചിതമായ അച്ചടക്ക നടപടി സ്വീകരിക്കുന്നത് ഉൾപ്പെടെ ആശുപത്രി മാനേജ്മെന്റിന് നിയമപ്രകാരം മുന്നോട്ടുപോകാമെന്നും കോടതി വ്യക്തമാക്കി.

## ഏലിയാമ്മ തോമസ് പാലത്ര അന്തരിച്ചു



പള്ളുരുത്തി: പരേതനായ പാലത്ര തോമസിന്റെ ഭാര്യ ഏലിയാമ്മ തോമസ് (93) അന്തരിച്ചു. മക്കൾ: ലീലാമ്മ തോമസ്, ചെറിയാൻ, ഗ്രേസമ്മ, പുഷ്പമ്മ, ജോസഫ്, ജോജോ, ഷേർളി, സണ്ണി, റാണി, പരേതനായ ജോൺസൺ. മരുമക്കൾ: പരേതനായ ഫെലിക്സ്, ഡെയ്സി, വത്സ, പരേതനായ ബേബിച്ചൻ, സിബി, മേഴ്സി, മഞ്ജു, ജോർജ്, താര, പയസ്.

സംസ്കാരകർമ്മങ്ങൾ ഏപ്രിൽ 21-ന് ചൊവ്വാഴ്ച രാവിലെ 10-ന് വീട്ടിൽ ആരംഭിച്ച് തുടർന്ന് കൊന്തുരുത്തി സെന്റ് ജോൺസ് നെപുസ്തിയൻസ് പള്ളിയിൽ മൃതദേഹം സംസ്കരിക്കുന്നതാണ്. Funeral youtube Link: https://www.youtube.com/live/_u-DsvsKHc0?si=-lgHwBb29-jsFawj

## സിനിമാക്കഥകളോ മാധ്യമവിചാരണയോ ജഡ്ജിമാരെ സ്വാധീനിക്കില്ലെന്നു ഹൈക്കോടതി

കൊച്ചി: സിനിമാക്കഥകളോ മാധ്യമവിചാരണയോ ജഡ്ജിമാരെ സ്വാധീനിക്കില്ലെന്നു ഹൈക്കോടതി. കേസുകളുടെ പശ്ചാത്തലത്തിൽ ചിത്രീകരിക്കുന്ന സിനിമകളോ മറ്റു മാധ്യമങ്ങളോ കോടതികളെ സ്വാധീനിക്കാറില്ല. കോടതികൾക്കു നിഷ്പക്ഷത പാലിക്കാനാകുമെന്നും ഹൈക്കോടതി വ്യക്തമാക്കി. വെഞ്ഞാറമൂട് കൂട്ടക്കൊലക്കേസിൽനിന്നു പ്രചോദനം ഉൾക്കൊണ്ടു നിർമിച്ച മലയാള സിനിമയായ 'കാലം പറഞ്ഞ കഥ'യുടെ റിലീസ് തടയണമെന്നാവശ്യപ്പെട്ടു പ്രതിയുടെ അച്ഛൻ സമർപ്പിച്ച അപ്പീൽ പരിഗണിക്കവെയാണ് ജസ്റ്റിസുമാരായ പി. ഗോപിനാഥ്, ജോൺസൺ ജോൺ എന്നിവരടങ്ങിയ അവധിക്കാല ബെഞ്ച് ഇക്കാര്യം വ്യക്തമാക്കിയത്. സിനിമ തന്റെ മകന്റെ വിചാരണയെ അന്യായമായി സ്വാധീനിക്കുമെന്ന് ചൂണ്ടിക്കാട്ടിയാണ് പ്രതി അഫാന്റെ അച്ഛൻ അബ്ദുൾ റഹീമിന്റെ അപ്പീൽ.

ഒരു സിനിമ ഒരു ജുഡീഷൽ ഓഫീസറുടെ മനസിനെ സ്വാധീനിക്കാൻ സാധ്യതയുണ്ടെന്ന വീക്ഷണത്തോടു യോജിക്കാൻ കഴിയില്ല. തങ്ങളുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ അതു പറയാനാകുമെന്ന് ജസ്റ്റിസ് ഗോപിനാഥ് അഭിപ്രായപ്പെട്ടു. പോലീസ് ഒരു പ്രതിയെ അറസ്റ്റ് ചെയ്യുന്ന നിമിഷം മുതൽ അയാൾ കുറ്റവാളിയാണെന്ന് പൊതുജനങ്ങൾ കരുതുന്നു. ടിവി ചാനലുകൾക്ക് ടോക്ക് ഷോകളും ഉണ്ടാകും. നിയമത്തെക്കുറിച്ച് നന്നായി അറിയാമെന്ന് അവകാശപ്പെടുന്ന ആളുകൾ ഇരുന്ന് ചർച്ച ചെയ്യും.

ഈ ചർച്ചകൾ കാണുമ്പോൾ ചിരിക്കാൻ തോന്നുന്നു. കേസുമായി ബന്ധമില്ലാത്ത കാര്യങ്ങളെക്കുറിച്ചാണ് അവർ സംസാരിക്കുന്നത്. നമുക്ക് കൃത്യമായി ഒരു മൈക്കെടുത്ത് അതിലൊന്നിനും മറുപടി നൽകാനോ ഇതെല്ലാം മണ്ടത്തരമാണെന്ന് പറയാനോ കഴിയില്ല. കടലാസിൽ എന്താണുള്ളത്, എന്താണു മെറ്റീരിയൽ എന്നു നോക്കാതെയാണ് ആളുകൾ ചർച്ച ചെയ്യുന്നതെന്നും ജസ്റ്റിസ് ഗോപിനാഥ് അഭിപ്രായപ്പെട്ടു.

കാലം പറഞ്ഞ കഥയുടെ റിലീസ് തടയണമെന്ന റിട്ട് ഹർജി തള്ളിക്കൊണ്ടു ജസ്റ്റിസ് ബെച്ചു കുര്യൻ തോമസ് ഈ മാസം ഏഴിന് പുറപ്പെടുവിച്ച ഉത്തരവ് ചോദ്യം ചെയ്താണ് അബ്ദുൾ റഹീം അപ്പീൽ സമർപ്പിച്ചത്.

## ബിജെപി നേതാവ് കൊല്ലപ്പെട്ട കേസ്: കോൺഗ്രസ് എംഎൽഎക്ക് ജീവപര്യന്തം

ബംഗളൂരു: കർണാടകയിലെ ബിജെപി നേതാവ് യോഗേഷ് ഗൗഡർ കൊല്ലപ്പെട്ട കേസിൽ ധാർവാഡിലെ കോൺഗ്രസ് എംഎൽഎ വിനയ് കുൽക്കർണിക്ക് ജീവപര്യന്തം തടവ്. മറ്റു 16 പ്രതിഭകളെയും പ്രത്യേക കോടതി ജീവപര്യന്തം തടവിനു ശിക്ഷിച്ചു. വാസുദേവ രാമ നിലേകനി, സോമശേഖർ ബാസിപ്പ ന്യാമഗൗഡ എന്നിവരെ വെറുതേ വിട്ടു.

ജീവപര്യന്തം തടവിനു ശിക്ഷിക്കപ്പെട്ടതോടെ വിനയ് കുൽക്കർണിയുടെ നിയമസഭാംഗത്വം റദ്ദാകും.

2016 ജൂൺ 15-നു ധാർവാഡ് സപത്പുരിലെ ജിംനേഷ്യത്തിൽവെച്ചാണ് വാടകക്കൊലയാളികൾ യോഗേഷ് ഗൗഡറെ കൊലപ്പെടുത്തിയത്. ധാർവാഡ് ജില്ലാ പഞ്ചായത്ത് മുൻ അംഗമായിരുന്നു ഗൗഡർ. ഗൗഡർ കൊല്ലപ്പെട്ട സമയത്ത് വിനയ് കുൽക്കർണി കർണാടക മന്ത്രിയായിരുന്നു. തുടക്കത്തിൽ ലോക്കൽ പോലീസ് അന്വേഷിച്ച കേസ് 2019-ൽ, അന്നത്തെ ബിജെപി സർക്കാർ സിബിഐക്കു കൈമാറുകയായിരുന്നു. കുൽക്കർണിയാണ് കേസിലെ മുഖ്യസൂത്രധാരൻ എന്ന് സിബിഐ കുറ്റപത്രത്തിൽ വ്യക്തമാക്കിയിരുന്നു. ധാർവാഡിൽ തന്റെ രാഷ്ട്രീയ എതിരാളിയായി ഗൗഡർ വളർന്നുവരുന്നതിൽ കുൽക്കർണിക്ക് പകയുണ്ടായിരുന്നുവെന്നു സിബിഐ ആരോപിച്ചിരുന്നു. 2020-ൽ അറസ്റ്റിലായ കുൽക്കർണി 2021-ൽ ജാമ്യത്തിലിറങ്ങി. 2025 ജൂണിൽ കോടതി ജാമ്യം റദ്ദാക്കി. പ്രോസിക്യൂഷൻ സാക്ഷികളെ സ്വാധീനിക്കാനും തെളിവ് നശിപ്പിക്കാനും കുൽക്കർണി ശ്രമിച്ചുവെന്നുള്ള ആരോപണത്തെത്തുടർന്നായിരുന്നു ജാമ്യം റദ്ദാക്കിയത്. 2026 ജനുവരിയിൽ ജാമ്യത്തിനായി വീണ്ടും സമീപിച്ചെങ്കിലും ഹൈക്കോടതി ജാമ്യം നല്കിയില്ല. തുടർന്ന് ഫെബ്രുവരി 27-ന് സുപ്രീംകോടതി കുൽക്കർണിക്കു ജാമ്യം നല്കി.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIV
Number 16
April 20, 2026

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Special Correspondent*
Anil Pennukkara

DISCLAIMER

The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

### മഹദ്വചനം


ഒരുവൻ തന്റെ പണം മുഴുവൻ തലയ്ക്കുള്ളിൽ നിക്ഷേപിച്ചാൽ അതാർക്കും കവരാനാകില്ല.

**ബഞ്ചമിൻ ഫ്രാങ്ക്ളിൻ**

അജ്ഞതയുടെ സന്തതിയാണ് മുൻവിധി.

**വില്യം ഹാസ്ലിറ്റ്**


SECURE YOUR FUTURE AND PREPARE YOUR FAMILY LEGACY
ESTATE PLANNING
Wills • Revocable Living Trust • Incapacity Planning
Signature Signing Systems
Estate Planning Services
(713) 487 7814
(248) 467 7937
www.signaturemobilenotarytx.com
signaturesignsystems@gmail.com
JOMS MATHEW CEP
Certified Estate planner
WE PROVIDE SERVICES IN ALL OVER AMERICA


LUXURY HOME STAY IN
PULLAD/KUMBANAD/KOZHENCHERRY/THIRUVALLA
Quiet and Safe Area
Near Shopping Centers and Major Towns/Attractions
3 hr to Kochin and Thiruvananthapuram Airport
3 AC Bedrooms (one of them is a loft bedroom)
Separate Studio for drivers
4 American-style Bathrooms
Surveillance camera
Car service/Chef/Security Personnel can be arranged
Weekly and Monthly stays can be arranged
If stay for large parties is needed, I can arrange other home stays also
Contact details:
Email: drmg456@gmail.com
Phone: +1 (917)-921-5765, 974-590-5222
Website: www.mundayilhomestay.in
Address: Mundayil Homestay, Kumbanad P.O. Pathanamthitta District, Kerala, India 689547


nella CONSULTING
ACCOUNTING | TAX | CONSULTING
TAX
FOR ALL YOUR PERSONAL AND BUSINESS TAX SERVICES
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES
Partner
ALVIN NELLA, CPA, MBA

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

## ആശങ്കയുണർത്തുന്ന വനിതാ സംവരണം

ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും വനിതാസംവരണം വേഗത്തിൽ നടപ്പാക്കാനെന്ന വ്യാജേന കേന്ദ്രസർക്കാർ പാർലമെന്റിൽ അവതരിപ്പിച്ച ഭരണഘടനാഭേദഗതി ബില്ലിനുപിന്നിൽ വലിയ ചതി ഒളിഞ്ഞിരിപ്പുണ്ട്. ലോക്സഭയിൽ തെക്കൻ, വടക്കുകിഴക്കൻ സംസ്ഥാനങ്ങളുടെ ആനുപാതിക പ്രാതിനിധ്യത്തിൽ ഗണ്യമായ ഇടിവുണ്ടാക്കാൻ പര്യാപ്തമായവിധത്തിലാണ് ബിൽ രൂപകല്പന ചെയ്തിരിക്കുന്നത്. കേന്ദ്രഭരണകക്ഷിയായ ബിജെപിയുടെ രാഷ്ട്രീയതാത്പര്യത്തിനും ദീർഘകാലനേട്ടത്തിനും അനുഗുണമായ തരത്തിലാണ് ഇതു ചെയ്തിരിക്കുന്നത്. ബിജെപിക്ക് സ്വാധീനമുള്ള ഹിന്ദി ഹൃദയഭൂമിയിൽ ലോക്സഭാ സീറ്റുകളുടെ എണ്ണം സാരമായി വർധിക്കാനിടവരുന്ന രീതിയാണ് വിഭാവനംചെയ്തിരിക്കുന്നത്.

പ്രതിപക്ഷത്തിന്റെ കടുത്ത പ്രതിഷേധത്തിനിടയിലാണ് വനിതാ സംവരണവും ലോക്സഭാ, നിയമസഭാ മണ്ഡലങ്ങളുടെ പുനർനിർണയവും സംബന്ധിച്ച ഭരണഘടനാ ഭേദഗതി ബിൽ ലോക്സഭയിൽ അവതരിപ്പിച്ചത്. മണ്ഡലപുനർനിർണയ കമ്മീഷൻ രൂപീകരണം സംവരണത്തിനും മണ്ഡലപുനർനിർണയത്തിനുമുള്ള വ്യവസ്ഥകൾ നിയമസഭകളുള്ള കേന്ദ്രഭരണപ്രദേശങ്ങൾക്കു ബാധകമാക്കൽ എന്നിവയ്ക്കുള്ള ബില്ലുകളും സഭയുടെ പരിഗണനയ്ക്കായി കേന്ദ്രസർക്കാർ വെച്ചിരിക്കുകയാണ്. വനിതാ സംവരണത്തെ പിന്തുണയ്ക്കുമ്പോഴും അതിനെ മണ്ഡലപുനർനിർണയവുമായി കൂട്ടിക്കെട്ടുന്നതിനാൽ ഭരണഘടനാ ഭേദഗതിയെ എതിർക്കുന്നുവെന്നാണു പ്രതിപക്ഷത്തിന്റെ നിലപാട്. കൂടുതൽ സ്ത്രീകളെ രാഷ്ട്രീയ മുഖ്യധാരയിലെത്തിക്കാനുള്ള താത്പര്യമല്ല, സംവരണത്തെ മറയാക്കി മണ്ഡലപുനർനിർണയത്തിലൂടെ രാഷ്ട്രീയലാഭമുണ്ടാക്കുകയാണു ബിജെപിയുടെ ലക്ഷ്യമെന്നു പ്രതിപക്ഷം വിമർശിക്കുന്നു. ജമ്മു കശ്മീരിലും അസമിലും മണ്ഡലങ്ങളുടെ അതിരുകൾ മാറ്റിവരച്ചതിൽ ഭരണപക്ഷ രാഷ്ട്രീയലക്ഷ്യം വ്യക്തമായതാണെന്നും അതിന്റെ ആവർത്തനത്തിനാണു ശ്രമമെന്നും അവർ ആരോപിക്കുന്നുണ്ട്. വനിതാ സംവരണം ഉടനെ നടപ്പാക്കണമെന്ന തങ്ങളുടെ വാദം 2023-ൽ അംഗീകരിക്കാതിരുന്ന സർക്കാർ ഇപ്പോൾ കാട്ടുന്ന തിടുക്കം ദുരുദ്ദേശ്യപരം തന്നെയെന്നു പ്രതിപക്ഷം കരുതുന്നു.

മണ്ഡലപുനർനിർണയം നടത്തുമ്പോൾ തെക്കൻസംസ്ഥാനങ്ങൾക്കും മറ്റും ലോക്സഭാസീറ്റുകളുടെ എണ്ണത്തിൽ ആനുപാതിക നഷ്ടമുണ്ടാകില്ലെന്ന് ആഭ്യന്തരമന്ത്രി അമിത് ഷാ അടക്കമുള്ള കേന്ദ്ര നേതാക്കൾ നേരത്തേ പറഞ്ഞിരുന്നു. എന്നാൽ, ഇന്നലെ അവതരിപ്പിച്ച ഭരണഘടനാ ഭേദഗതിബിൽ, ലോക്സഭാസീറ്റുകളുടെ എണ്ണം കൂട്ടുമ്പോൾ സംസ്ഥാനങ്ങൾക്കിടയിലെ നിലവിലുള്ള സീറ്റ് അനുപാതം നിലനിർത്തുമെന്ന് ഉറപ്പാക്കുന്നില്ല. ലോക്സഭാ സീറ്റുകൾ സംസ്ഥാനങ്ങൾക്കിടയിൽ വിഭജിക്കേണ്ടത് ജനസംഖ്യാനുപാതത്തിലാണെന്നു വ്യവസ്ഥചെയ്യുന്ന, ഭരണഘടനയിലെ 81(2)(എ) അനുച്ഛേദത്തിൽ പുതിയ ബിൽ ഒരു മാറ്റവും വരുത്തുന്നില്ലെന്നതാണു കാരണം. അതിനാൽ, ജനസംഖ്യാനിയന്ത്രണത്തിൽ ദശാബ്ദങ്ങൾകൊണ്ട് വൻപുരോഗതി കൈവരിച്ച കേരളവും തമിഴ്നാടുംപോലുള്ള സംസ്ഥാനങ്ങൾക്ക്, അക്കാര്യത്തിൽ ശ്രദ്ധപുലർത്താതിരുന്ന ഉത്തരേന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച്, ലോക്സഭാ സീറ്റുകളുടെ എണ്ണത്തിൽ ആനുപാതികനഷ്ടം സംഭവിക്കും. ഉദാഹരണത്തിന്, നിർദിഷ്ട 850 അംഗ ലോക്സഭയിൽ, ഇപ്പോഴത്തെ അനുപാതമനുസരിച്ച് സീറ്റുകൾ വിഭജിക്കുകയാണെങ്കിൽ ഉത്തർപ്രദേശിലെ സീറ്റെണ്ണം നിലവിലെ എൺപതിൽനിന്ന് 125 ആയും കേരളത്തിലേത് നിലവിലെ ഇരുപതിൽനിന്ന് മുപ്പത്തിയൊന്നായും ഉയരും.

ഭരണഘടനാ ഭേദഗതി പാസാകണമെങ്കിൽ സഭയുടെ മൊത്തം അംഗബലത്തിന്റെ കേവലഭൂരിപക്ഷം വേണം. വോട്ട് ചെയ്യുന്നതിൽ മൂന്നിൽ രണ്ടു പേർ പിന്തുണയ്ക്കുകയും വേണം. ഇപ്പോഴത്തെ ലോക്സഭയുടെ അംഗബലവും പ്രതിപക്ഷത്തിന്റെ എതിർപ്പും പരിഗണിക്കുമ്പോൾ, ഭരണഘടനാ ഭേദഗതി പാസാകാനുള്ള സാധ്യത വിരളമാണ്. പാസാകാൻ കേവലഭൂരിപക്ഷം മാത്രം ആവശ്യമുള്ളതാണ് മറ്റു രണ്ടു ബില്ലുകൾ. ഭരണഘടനാ ഭേദഗതി പരാജയപ്പെട്ടാൽ ഈ രണ്ടു ബില്ലുകളും അപ്രസക്തമാകും.

ഇന്ത്യയിലെ ജനസംഖ്യയുമായി തട്ടിച്ചുനോക്കുമ്പോൾ നിയമനിർമാണസഭകളിലെ പ്രതിനിധികളുടെ അനുപാതം ഗുണപരമായ രീതിയിൽ മാറേണ്ടതുണ്ട്. ഫെഡറലിസത്തിന്റെ മര്യാദകൾ പാലിച്ചുള്ള മണ്ഡലപുനർനിർണയത്തിനുള്ള വഴികൾ കണ്ടുപിടിക്കേണ്ടത് ഭരണനേതൃത്വത്തിന്റെ ഉത്തരവാദിത്തമാണ്. വനിതാ സംവരണത്തിന്റെ മറവിൽ രാഷ്ട്രീയ നേട്ടങ്ങൾക്കായാണു മണ്ഡലപുനർനിർണയമെന്ന ഗൗരവമുള്ള ആരോപണത്തിന് അടിസ്ഥാനമാകുന്ന ആശങ്കകൾ പരിഹരിക്കാനുള്ള താൽപര്യം സർക്കാരിൽനിന്നു രാജ്യം പ്രതീക്ഷിക്കുന്നു.

# സ്വർണം ഇറക്കുമതി: 17 ബാങ്കുകൾക്ക് അനുമതി നൽകി കേന്ദ്രസർക്കാർ

മുംബൈ: ഇന്ത്യയിലെ 17 ബാങ്കുകൾക്ക് സ്വർണം ഇറക്കുമതി ചെയ്യാൻ കേന്ദ്രസർക്കാർ അനുമതി നൽകി. എസ്ബിഐ, എച്ച്ഡിഎഫ്സി, ആക്സിസ് ബാങ്ക് തുടങ്ങിയ 15 ബാങ്കുകൾക്ക് സ്വർണം, വെള്ളി എന്നിവ ഇറക്കുമതിചെയ്യാനും രണ്ടു ബാങ്കുകൾക്ക് സ്വർണം മാത്രം ഇറക്കുമതി ചെയ്യാനുമാണ് 2029 മാർച്ച് 31 വരെ അനുമതി നൽകിയത്.

ഇന്ത്യയിലെ സ്വർണവ്യാപാരരംഗത്തെ സുതാര്യത വർധിപ്പിക്കുന്നതിനും ആവശ്യകതയനുസരിച്ച് ലഭ്യത ഉറപ്പാക്കുന്നതിനുമാണ് ഈ നീക്കം. റിസർവ് ബാങ്കിന്റെ നിർദേശപ്രകാരം തെരഞ്ഞെടുക്കുന്ന ബാങ്കുകൾക്കു മാത്രമാണ് ഈ പ്രത്യേക അധികാരം നൽകിയിരിക്കുന്നത്. വിദേശ വ്യാപാര ഡയറക്ടറേറ്റ് ജനറലാണ് ഇതുസംബന്ധിച്ച് ഔദ്യോഗിക ഉത്തരവ് പുറത്തിറക്കിയത്.

ഓരോ സാമ്പത്തിക വർഷത്തിന്റെയും തുടക്കത്തിൽ സ്വർണവും വെള്ളിയും ഇറക്കുമതി ചെയ്യാൻ ബാങ്കുകൾക്ക് അധികാരം നൽകിക്കൊണ്ട് വിദേശവ്യാപാര ഡയറക്ടറേറ്റ് ജനറൽ പുതിയ ഉത്തരവ് ഇറക്കാറുണ്ട്. കഴിഞ്ഞ വർഷത്തെ ഉത്തരവിന്റെ കാലാവധി മാർച്ച് 31-ന് അവസാനിച്ചു. ഏപ്രിൽ പകുതി പിന്നിട്ടിട്ടും പുതിയ നിർദേശങ്ങൾ ലഭിക്കാത്തതിനാൽ ബാങ്കുകൾ പുതിയ ഓർഡറുകൾ നൽകിയിരുന്നില്ല. ഇറക്കുമതി പുനരാരംഭിച്ചില്ലെങ്കിൽ വിപണിയിൽ വൻ വിതരണക്ഷാമം ഉണ്ടാകുമെന്ന് ഇന്ത്യ ബുള്ളിയൻ ആൻഡ് ജ്വല്ലേഴ്സ് അസോസിയേഷൻ മുന്നറിയിപ്പ് നൽകിയിരുന്നു. നിലവിൽ പഴയ സ്റ്റോക്കുകളെയും എക്സ്ചേഞ്ച് ട്രേഡഡ് ഫണ്ടുകളെയും ആശ്രയിച്ചാണ് വിപണി മുന്നോട്ടുപോയിരുന്നത്. ബാങ്കുകൾ സ്വർണം, വെള്ളി ഇറക്കുമതി നിർത്തിവെച്ചെന്ന റിപ്പോർട്ടുകളെത്തുടർന്ന് ജ്വല്ലറി കമ്പനികളുടെ ഓഹരികൾ ഇടിവ് നേരിട്ടിരുന്നു. എന്നാൽ, ബാങ്കുകൾക്ക് അനുമതി നൽകിയതോടെ ഓഹരികൾ വീണ്ടും ഉയർന്നു.

ബാങ്കുകൾ നേരിട്ട് ഇറക്കുമതി ചെയ്യുന്നതോടെ സ്വർണത്തിന്റെ ലഭ്യത വർധിക്കുകയും കരിഞ്ചന്തയിലെ വ്യാപാരം കുറയുകയും ചെയ്യും. അടുത്ത മൂന്നു വർഷത്തേക്കുകൂടി കാലാവധി നീട്ടി നൽകിയത് ബാങ്കുകൾക്ക് ദീർഘകാലാടിസ്ഥാനത്തിൽ വ്യാപാരം ആസൂത്രണം ചെയ്യാൻ സഹായിക്കും. ആഗോളവിപണിയിലെ വിലവ്യതിയാനങ്ങൾക്കനുസരിച്ച് ഇന്ത്യയിലെ വിപണിയെ സജ്ജമാക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

നിലവിൽ അഞ്ചു ടണ്ണിലധികം സ്വർണവും എട്ടു ടണ്ണോളം വെള്ളിയും കസ്റ്റംസ് ക്ലിയറൻസ് ലഭിക്കാതെ വിവിധ വിമാനത്താവളങ്ങളിലും തുറമുഖങ്ങളിലും കുടുങ്ങിക്കിടക്കുകയാണെന്ന് വ്യാപാരവൃത്തങ്ങൾ സൂചിപ്പിക്കുന്നു.

## വിശ്വാസകാര്യങ്ങൾ വ്യക്തിപരമായ വിശ്വാസത്തിന് അതീതമായിരിക്കണം

ന്യൂഡൽഹി: മതപരമായ വിഷയങ്ങളിൽ തീരുമാനങ്ങൾ കൈക്കൊള്ളുമ്പോൾ ജഡ്ജിമാരും കോടതികളും വ്യക്തിപരമായ മതവിശ്വാസങ്ങൾക്ക് അതീതമായി ചിന്തിക്കണമെന്നും മനഃസാക്ഷിയും ഭരണഘടനാ ചട്ടക്കൂടും അതിനെ നയിക്കണമെന്നും സുപ്രീംകോടതി. ശബരിമല യുവതീപ്രവേശന വിഷയമടക്കം പരിഗണിക്കുന്ന ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ ഒമ്പതംഗ ഭരണഘടനാബെഞ്ചിന്റേതാണു നിരീക്ഷണം.

അതേസമയം, ആർത്തവകാലത്ത് ദക്ഷിണേന്ത്യയിലെ സ്ത്രീകൾ ക്ഷേത്രദർശനങ്ങളിൽനിന്ന് സ്വമേധയാ വിട്ടുനിൽക്കുന്ന ശീലമാണ് പിന്തുടരുന്നതെന്ന് ആത്മാർത്ഥ ട്രസ്റ്റിനുവേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ എം.ആർ. വെങ്കിടേശ് വാദിച്ചു. ഇതൊരു വിവേചനമല്ലെന്നും മറിച്ച് തലമുറകളായി കൈമാറിവരുന്ന വിശ്വാസത്തിന്റെ ഭാഗമായുള്ള അലിഖിത നിയമമാണെന്നും അദ്ദേഹം കോടതിയിൽ പറഞ്ഞു. ക്ഷേത്രങ്ങളിൽ മാത്രമല്ല, വീടുകളിലെ പൂജാമുറികളിൽപ്പോലും ഈ കാലയളവിൽ സ്ത്രീകൾ പ്രവേശിക്കാറില്ലെന്നും ഇതിനു ശാസ്ത്രീയമായ വിശദീകരണങ്ങൾ നൽകാനാകില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ശബരിമലയിലെ ആചാരങ്ങളെ വെല്ലുവിളിക്കാനായി ആരും അവിടെ പ്രവേശിക്കരുതെന്ന് ക്ഷേത്രം തന്ത്രി കണ്ഠര് രാജീവര് സുപ്രീംകോടതിയിൽ വ്യക്തമാക്കി. ഓരോ ക്ഷേത്രത്തിനും അവിടുത്തെ പ്രതിഷ്ഠയ്ക്കും അതിന്റേതായ സവിശേഷതകളുണ്ട്. ഹിന്ദുമതത്തിൽ വിഗ്രഹാരാധന എന്നത് ഒഴിവാക്കാനാകാത്ത ഘടകമാണ്. ആരാധനയിലൂടെ വിഗ്രഹം ദൈവമായി മാറുന്നു. ക്ഷേത്രം എന്നത് ഒരു മ്യൂസിയം പോലെ സന്ദർശിക്കേണ്ട ഇടമല്ലെന്നും തന്ത്രിക്കുവേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ വി. ഗിരി വ്യക്തമാക്കി. ഭരണഘടനാബെഞ്ചിലെ വാദം വീണ്ടും പുനരാരംഭിക്കും. സംസ്ഥാനസർക്കാർ അന്നേദിവസം തങ്ങളുടെ വാദങ്ങൾ ഉന്നയിച്ചേക്കും.

## തപാൽവോട്ട്: പതിനായിരത്തോളം ഉദ്യോഗസ്ഥർക്ക് വോട്ട് ചെയ്യാനായില്ല

തിരുവനന്തപുരം: തെരഞ്ഞെടുപ്പു ജോലി ചെയ്ത ജീവനക്കാരിൽ 10,000-ത്തോളം പേർക്ക് തപാൽവോട്ട് ചെയ്യാൻ കഴിഞ്ഞില്ലെന്നു വിവരം. തപാൽ വോട്ട് ചെയ്യാനാകാത്ത ജീവനക്കാർ ഹൈക്കോടതി വിധിക്കായി കാത്തിരിക്കുകയാണ്. എത്രത്തോളം ജീവനക്കാർക്ക് തപാൽ വോട്ട് ചെയ്യാൻ കഴിഞ്ഞിച്ചില്ലെന്ന ചോദ്യത്തിന് തെരഞ്ഞെടുപ്പു കമ്മീഷൻ കൃത്യമായ മറുപടി നൽകുന്നില്ല. നിയമസഭാ തെരഞ്ഞെടുപ്പ് ഡ്യൂട്ടിയിലുണ്ടായിരുന്ന ഉദ്യോഗസ്ഥരിൽ 7.49 ശതമാനം പേർക്ക് വോട്ട് ചെയ്യാനായിട്ടില്ലെന്നാണ് തെരഞ്ഞെടുപ്പു കമ്മീഷൻ അറിയിച്ചത്. 1.48 ലക്ഷം ജീവനക്കാരാണ് തെരഞ്ഞെടുപ്പു ജോലികളിൽ പങ്കെടുത്തത്. ഇതിൽ 7.49 ശതമാനം പേർക്ക് വോട്ട് ചെയ്യാനായില്ലെന്നാണ് കണക്ക്. പോളിംഗ് ഉദ്യോഗസ്ഥർക്ക് ഫെസിലിറ്റേഷൻ സെന്ററുകളിൽ വോട്ടുചെയ്യാനായിരുന്നു ക്രമീകരണം ഒരുക്കിയിരുന്നത്. എന്നാൽ ഉദ്യോഗസ്ഥർ വോട്ട് ചെയ്യാൻ എത്തിയ ദിവസങ്ങളിൽ ബന്ധപ്പെട്ട മണ്ഡലത്തിലെ ബാലറ്റ് എത്തിക്കാനാകാത്തതാണ് തിരിച്ചടിയായത്.

ഇവർക്ക് പോളിംഗ് സാധന വിതരണ കേന്ദ്രത്തിൽ വോട്ട് ചെയ്യാൻ അവസരമുണ്ടാകുമെന്ന് കമ്മീഷൻ പിന്നീട് അറിയിച്ചു. എന്നാൽ ചില വിതരണകേന്ദ്രങ്ങളിൽ പകുതിയോളം ബാലറ്റ് മാത്രമാണ് എത്തിയത്. ബാക്കിയുള്ളവർക്ക് വോട്ട് നിഷേധിച്ചെന്നാണ് ജീവനക്കാരുടെ സംഘടനകൾ പറയുന്നത്. ഉദ്യോഗസ്ഥരുടെ തപാൽബാലറ്റ് ഉറപ്പാക്കുന്നതിൽ ചില വരണാധികാരികൾക്കും വീഴ്ചയുണ്ടായി. എന്നാൽ, അർഹരായവർക്കെല്ലാം വോട്ട് ചെയ്യാൻ സൗകര്യമൊരുക്കിയെന്നും നടപടികൾ പൂർത്തിയാക്കിയത് നിയമാനുസൃതമാണെന്നുമാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ വിശദീകരണം. 1.46 ലക്ഷം പോളിംഗ് ഉദ്യോഗസ്ഥരിൽ എല്ലാവരും തപാൽവോട്ടിന് അപേക്ഷിച്ചോ എന്നതിലും കമ്മീഷൻ വ്യക്തമായ മറുപടി നൽകിയിട്ടില്ല. വോട്ട് നിഷേധത്തിനെതിരെ എൻജിഒ യൂണിയനാണ് ഹൈക്കോടതിയിൽ ഹർജി നൽകിയത്.

## പഹൽഗാം ഭീകരാക്രമണം: യുഎസിൽ പ്രദർശനം നടത്താൻ കേന്ദ്രസർക്കാർ

ന്യൂഡൽഹി: പഹൽഗാം ഭീകരാക്രമണത്തിന്റെ ഒന്നാം വാർഷികത്തിന്റെ ഭാഗമായി യുഎസിലെ ക്യാപിറ്റൽ ഹില്ലിൽ 'ഹ്യൂമൻ കോസ്റ്റ് ഓഫ് ടെററിസം' എന്ന പേരിൽ പ്രദർശനം നടത്താൻ കേന്ദ്രസർക്കാർ.

യുഎസിലെ ഇന്ത്യൻ എംബസിയാണ് അടുത്തയാഴ്ച പ്രദർശനം നടത്തുന്നത്. യുഎസ്-ഇറാൻ യുദ്ധം അവസാനിപ്പിക്കാൻ പാകിസ്ഥാൻ സജീവ ഇടപെടലുകൾ നടത്തുന്നതിനിടെയാണു ഭീകരപ്രവർത്തനത്തിൽ പാകിസ്ഥാന്റെ പങ്ക് പരോക്ഷമായി ഓർമിപ്പിക്കുന്ന പ്രദർശനം ഇന്ത്യ സംഘടിപ്പിക്കുന്നത്.

കഴിഞ്ഞവർഷം ഏപ്രിൽ 22-നു പഹൽഗാമിലുണ്ടായ ഭീകരാക്രമണത്തിൽ 26 പേരാണു കൊല്ലപ്പെട്ടത്. പിന്നാലെ പാകിസ്ഥാനിലെ തീവ്രവാദ കേന്ദ്രങ്ങൾക്കുനേരെ ഇന്ത്യ ആക്രമണം നടത്തിയിരുന്നു.

പാകിസ്ഥാനിൽനിന്നുള്ള ഭീകരപ്രവർത്തകർ ഇന്ത്യയിൽ മുൻപു നടത്തിയ ആക്രമണങ്ങളുടെ വിശദാംശങ്ങളും പ്രദർശനത്തിലുണ്ടാകും.

# LEGAL TEAM FOR PROPERTY SALE

I recently got my inherited properties in Kerala mutated from my parents to me through the efforts of a team of legal experts who have been practicing in Kerala for the past 40+ years on many different legal cases. If you are interested in getting in touch with this same legal team contact me for their contact details.

I have neither any financial (monetary) gains from nor any legal liability or responsibility for your case because your engagement with this legal team will be at your own sole risk. Consult with your local legal advisor before you decide to engage that is if you are unsure.

Here as a favor to the Malayalee expatriate community at large and at my own cost and my own will I am sharing my experience here for those seeking help with their assets in Kerala. The intent of the content in this post of mine is neither to promote nor degrade anyone nor their profession but to help those in serious need.

**My number is**
**+1 (412) 327-5600 (USA)**






# നിതിൻരാജിന്റെ മരണം: ഡോ. എം.കെ. റാമിനെ പുറത്താക്കി കോളജ്; ഡന്റൽ കോളജ് കൈയേറ്റഭൂമിയിൽ

അഞ്ചരക്കണ്ടി: അഞ്ചരക്കണ്ടി സ്വാശ്രയ ഡെന്റൽ കോളജ് ഒന്നാംവർഷ ബിഡിഎസ് വിദ്യാർത്ഥി ആർ. എൽ. നിതിൻരാജ് ആശുപത്രിക്കെട്ടിടത്തിൽനിന്നു ചാടിമരിച്ച സംഭവത്തിൽ ആരോപണവിധേയനായ ഓറൽ പതോളജി ആൻഡ് മൈക്രോബയോളജി വിഭാഗം മേധാവി ഡോ. എം.കെ. റാമിനെ കോളജിൽനിന്നു പുറത്താക്കി. നിതിൻരാജ് മരിച്ച് ഏഴാം ദിവസമാണു നിർണായക നടപടി. മാനേജ്മെന്റ് പാനൽ, മെഡിക്കൽ എജ്യുക്കേഷൻ വിഭാഗം, കോളജ് ജീവനക്കാർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, സംഘടനാപ്രതിനിധികൾ എന്നിവർ നടത്തിയ ചർച്ചകൾക്കൊടുവിൽ ഏപ്രിൽ 16-ന് വൈകിട്ടാണു തീരുമാനമെടുത്തത്. റാമിനെ പുറത്താക്കാൻ നടപടി സ്വീകരിക്കുമെന്ന് 14-ന് ചൊവ്വാഴ്ച പ്രിൻസിപ്പൽ ഡോ. വിനോദ് മോനി ഉറപ്പുനൽകിയിരുന്നു.

ഇതോടെ, ആത്മഹത്യാ പ്രേരണക്കുറ്റം ചുമത്തപ്പെട്ട റാമിനെതിരെ, നിതിൻരാജിന്റെ കുടുംബം ഉന്നയിച്ച പ്രധാന ആരോപണങ്ങൾ മാനേജ്മെന്റും ശരിവച്ചിരിക്കുകയാണ്. ആത്മഹത്യാ പ്രേരണക്കുറ്റം ചുമത്തപ്പെട്ട ഡോ. സംഗീത നമ്പ്യാർക്കെതിരെയും വിദ്യാർത്ഥികൾ പരാതി ഉന്നയിച്ച മറ്റൊരു അദ്ധ്യാപകനെതിരെയും അന്വേഷണശേഷം നടപടി സ്വീകരിക്കുമെന്ന് കോളജ്



അധികൃതർ ഉറപ്പു നൽകി.

നിതിൻരാജിന്റെ മരണത്തിന് ഉത്തരവാദികളായവർക്കെതിരെ നടപടി ആവശ്യപ്പെട്ട് മുഴുവൻ വിദ്യാർത്ഥികളും 16-ന് ക്യാംപസിനു മുന്നിൽ വൈറ്റ് കോട്ട് ഊരി പ്രതിഷേധിച്ചിരുന്നു. വിദ്യാർത്ഥികളും രക്ഷിതാക്കളും മാനേജ്മെന്റിന് കത്തും നൽകി. കോളജിൽ 20-ന് ബിഡിഎസ് ക്ലാസുകൾ പുനരാരംഭിക്കും. അതേസമയം, ഒളിവിൽപോയ ഡോ. റാമിനെയും ഡോ. സംഗീതയെയും കണ്ടെത്താൻ പ്രത്യേക അന്വേഷണസംഘത്തിന് (എസ്ഐടി) കഴിഞ്ഞിട്ടില്ല. ഇരുവരുടെയും മൊബൈൽ ഫോണുകൾ ഓഫാണെന്നും ലൊക്കേഷൻ കണ്ടെത്താനായിട്ടില്ലെന്നും എസ്ഐടി പറയുന്നു.

അഞ്ചരക്കണ്ടി ഡന്റൽ കോളജ് വിദ്യാർത്ഥി നിതിൻ രാജിന്റെ മരണത്തിൽ അന്വേഷണം നേരിടുന്ന കോളജ് മാനേജ്മെന്റിനെതിരായ ഗുരുതര ഭൂമി ക്രമക്കേട് ആരോപണങ്ങളും ശക്തമാകുന്നു. കോളജ് പ്രവർത്തിക്കുന്ന 200 ഏക്കർ അനധികൃതമായി കൈവശപ്പെടുത്തിയ മിച്ചഭൂമിയാണെന്ന് കണ്ണൂർ താലൂക്ക് ലാൻഡ് ബോർഡ് കണ്ടെത്തി. 1967-ലെ 133-ാം നമ്പർ ആധാരം മുതൽ ഇതുവരെ നടന്ന എല്ലാ ഭൂമി കൈമാറ്റങ്ങളും റദ്ദാക്കി കഴിഞ്ഞ മാസം അഞ്ചിന് ലാൻഡ് ബോർഡ് ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ഡെപ്യൂട്ടി കളക്ടർ ഇ. ഷറഫുദ്ദീൻ ചെയർമാനും വെള്ളോറ രാജൻ, പി. വി. ബാബു രാജേന്ദ്രൻ, പി. പ്രസാദൻ എന്നിവർ അംഗങ്ങളുമായ ബോർഡ് 2016 മുതൽ നടത്തിയ വിശദമായ അന്വേഷണത്തിന്റെ അടിസ്ഥാനത്തിലാണ് കഴിഞ്ഞ മാസത്തെ ഉത്തരവ്.

അഞ്ചരക്കണ്ടി, പടുവിലായി വില്ലേജുകളിലായി വ്യാപിച്ചുകിടക്കുന്ന രണ്ടത്തറ എസ്റ്റേറ്റ്, അഞ്ചരക്കണ്ടി എസൻഷ്യൽ ഓയിൽ കമ്പനി എന്നവയുടെ ഭൂമിയാണ് തർക്കത്തിലുള്ളത്. 1967-ലെ ആധാരം മുതൽ എല്ലാം അസാധു. കെഎൽആർ ആക്ട് പ്രകാരം 1964-ന് ശേഷം ഭൂപരിധി ലംഘിച്ചുള്ള ഭൂമി കൈമാറ്റം അസാധുവാണ്.

അതനുസരിച്ച് 1967-ൽ മാർജറി ഗ്രേസ്, ഒഹലോറൻ എന്നിവരിൽനിന്ന് വില്യം തോമസ് ക്രൈഗ് ജോൺ മുതൽ രണ്ടു പേർ വാങ്ങി കൈവശം വച്ചതും അതിന് ശേഷം നടന്ന എല്ലാ കൈമാറ്റങ്ങളും അസാധുവായി ബോർഡ് പ്രഖ്യാപിച്ചു. ഇതോടെ ഇപ്പോഴത്തെ കൈവശക്കാരനായ അബ്ദുൾ ജബ്ബാർ ഹാജിക്കും മക്കളായ ജസീറത്ത് ജബ്ബാർ, ജാബിർ ജബ്ബാർ, ജുനൈദ് ജബ്ബാർ എന്നിവർക്കും ഭൂമിയിൽ പ്രത്യേക അവകാശമില്ലാതായി.

## ഇസ്രയേൽ–ലബനൻ താത്ക്കാലിക വെടിനിർത്തൽ പ്രാബല്യത്തിൽ

ദുബായ്: ഇസ്രയേലും ലബനനും പത്തു ദിവസത്തെ വെടിനിർത്തലിനു സമ്മതിച്ചു. ഏപ്രിൽ 16-ന് അർധരാത്രി വെടിനിർത്തൽ പ്രാബല്യത്തിലായി. യുഎസ് പ്രസിഡണ്ട് ഡോണൾഡ് ട്രംപ് ആണ് ഇക്കാര്യം അറിയിച്ചത്. ഇസ്രേലി, ലബനീസ് നേതാക്കളുമായി താൻ സംസാരിച്ചെന്ന് ട്രംപ് അറിയിച്ചു. അതേസമയം, ഹിസ്ബുള്ള തീവ്രവാദികളെക്കുറിച്ച് ട്രംപ് പരാമർശം നടത്തിയില്ല. ഇസ്രേലി പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിനെയും ലബനീസ് പ്രസിഡണ്ട് ജോസഫ് ഔണിനെയും ചർച്ചകൾക്കായി വൈറ്റ് ഹൗസിലേക്കു ക്ഷണിച്ചെന്ന് ട്രംപ് പറഞ്ഞു.

ലബനനിൽ വെടിനിർത്തൽ വേണമെന്ന് ഇറാൻ നിരന്തരം ആവശ്യപ്പെട്ടിരുന്നു. പശ്ചിമേഷ്യൻ യുദ്ധം ആരംഭിച്ചതിനു പിന്നാലെ ലബനനിലെ ഇറാൻപക്ഷ ഹിസ്ബുള്ള ഇസ്രയേലിലേക്ക് ആക്രമണം നടത്തി. തുടർന്ന് ഇസ്രേലി സേന നടത്തിയ പ്രത്യാക്രമണത്തിൽ ലബനനിൽ വലിയ നാശനഷ്ടമുണ്ടായി. ഹിസ്ബുള്ള തീവ്രവാദികളടക്കം രണ്ടായിരത്തിലേറെ പേരാണ് ലബനനിൽ കൊല്ലപ്പെട്ടത്. ലക്ഷങ്ങൾ പലായനം ചെയ്തു. ലബനനിലേക്ക് 16-നും ഇസ്രേലി സേന വൻ ആക്രമണം നടത്തി. തെക്കൻ ലബനനെ രാജ്യത്തിന്റെ മറ്റു ഭാഗങ്ങളുമായി ബന്ധിപ്പിക്കുന്ന സുപ്രധാന പാലം 16-ന് ഇസ്രേലി സേന തകർത്തു. തുടർച്ചയായി രണ്ട് ആക്രമണങ്ങളിലാണ് ഖാസിമിയേ പാലം തകർത്തത്.

## സ്റ്റീൽ പാത്രത്തിൽ പടക്കം പൊട്ടിക്കാൻ ശ്രമം; പതിനാറുകാരന് ദാരുണാന്ത്യം

കൊയിലാണ്ടി: വിഷുദിനത്തിൽ ക്ഷേത്രപറമ്പിൽ കൂട്ടുകാർക്കൊപ്പം സ്റ്റീൽ പാത്രത്തിനുള്ളിൽ പടക്കം പൊട്ടിക്കാനുള്ള ശ്രമത്തിനിടെ ഗുരുതരമായി പരുക്കേറ്റ പതിനാറുകാരന് ദാരുണാന്ത്യം. കൊയിലാണ്ടി കൊരയങ്ങാട് തെരുവ് എടക്കോടൻ വീട്ടിൽ എ. കെ. അദ്വൈത് (16) ആണ് മരിച്ചത്. സോഷ്യൽ മീഡിയയിലെ വീഡിയോയിൽ കണ്ടതുപോലെ കൂടുതൽ ശബ്ദം കിട്ടുന്നതിനായി ഗുണ്ട് പടക്കം സ്റ്റീൽപാത്രം കൊണ്ടു മറച്ച് പൊട്ടിക്കുന്നതിനിടെ പാത്രം തകർന്ന് സ്റ്റീൽ ചീളുകൾ ശരീരത്തിൽ തറച്ചാണ് അദ്വൈതിനു ഗുരുതരമായി പരുക്കേറ്റത്.


ഏപ്രിൽ 15-ന് ബുധനാഴ്ച വൈകുന്നേരം നാലോടെ കൊയിലാണ്ടിയിലെ കൊരയങ്ങാട് ക്ഷേത്രപറമ്പിൽ മറ്റു സുഹൃത്തുക്കൾക്കൊപ്പം പടക്കം പൊട്ടിക്കുന്നതിനിടെയായിരുന്നു അപകടം. സ്റ്റീൽ പാത്രത്തിന്റെ ഭാഗം അദ്വൈതിന്റെ കക്ഷത്തിന്റെ ഭാഗത്ത് രക്തധമനിയിൽ തറച്ചുകയറുകയായിരുന്നു.

ഉടൻതന്നെ നാട്ടുകാർ ഓടിയെത്തി കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ എത്തിച്ചെങ്കിലും അമിതമായി രക്തം വാർന്നു പോയതിനാൽ ജീവൻ രക്ഷിക്കാനായില്ല.

സംഭവത്തിൽ കൊയിലാണ്ടി പോലീസ് അസ്വാഭാവിക മരണത്തിന് കേസ് എടുത്ത് അന്വേഷണം ആരംഭിച്ചു. കൊയിലാണ്ടി ജിവിവിഎച്ച്എസിൽ നിന്നും എസ്എസ്എൽസി പരീക്ഷ എഴുതി ഫലം കാത്തിരിക്കുകയായിരുന്നു.

കൊരയങ്ങാട് വാദ്യസംഘത്തിലെ കലാകാരനായിരുന്നു. സംസ്ഥാന സ്കൂൾ കലോത്സവത്തിൽ സ്കൂളിനെ പ്രതിനിധീകരിച്ച് ചെണ്ടമേള ടീമിലെ അംഗമായിരുന്നു. എടക്കോടൻ വീട്ടിൽ അനീഷിന്റെയും ബിൻസിയുടെയും മകനാണ്. സഹോദരൻ: അർജുൻ.

## ബിഹാർ മുഖ്യമന്ത്രിയായി സമ്രാട്ട് ചൗധരി സത്യപ്രതിജ്ഞ ചെയ്തു



പാറ്റ്ന: ബിഹാർ മുഖ്യമന്ത്രിയായി സമ്രാട്ട് ചൗധരി സത്യപ്രതിജ്ഞ ചെയ്തു. ഗവർണർ സയിദ് അത്ത ഹസനയിൻ സത്യവാചകം ചൊല്ലിക്കൊടുത്തു. ബിഹാറിൽ ആദ്യമായിട്ടാണ് ഒരു ബിജെപി മുഖ്യമന്ത്രിയുണ്ടാകുന്നത്. ഉപമുഖ്യമന്ത്രിമാരായ ജെഡി-യുവിലെ വിജയ്കുമാർ ചൗധരിയും ബിജേന്ദ്ര പ്രസാദ് യാദവും സത്യപ്രതിജ്ഞ ചെയ്തു. ഇരുവരും നിതീഷ്കുമാർ സർക്കാരിൽ മന്ത്രിമാരായിരുന്നു. മന്ത്രിസഭാ വികസനം ഉടനെയുണ്ടാകുമെന്ന് എൻഡിഎ വൃത്തങ്ങൾ അറിയിച്ചു.

1982 മുതൽ ബിഹാറിൽ നിയമസഭാംഗമാണ് വിജയ്കുമാർ ചൗധരി. സ്പീക്കറായും പ്രവർത്തിച്ചിട്ടുള്ള ഇദ്ദേഹം മുമ്പ് പലതവണ മന്ത്രിയായിരുന്നു. 1990 മുതൽ സുപോൾ മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ബിജേന്ദ്ര പ്രസാദ് യാദവ് മുമ്പ് ഊർജമന്ത്രിയായിരുന്നു.







# കോതമംഗലം പാംകെയർ ഗ്രോവ്സ് ശിലാസ്ഥാപനം നിർവഹിച്ചു




കോതമംഗലം: കോതമംഗലത്ത് നിർമ്മാണം ആരംഭിക്കുന്ന പാംകെയർ ഗ്രോവ്സ്, സീനിയർ ലിവിങ് പ്രൊജക്ടിന്റെ ശിലാസ്ഥാപനം നിർവഹിക്കപ്പെട്ടു. കോതമംഗലം സെന്റ് ജോർജ് കത്തീഡ്രൽ വികാരി ഫാ. മാത്യു കൊച്ചുപുരയ്ക്കൽ ശിലയുടെ ആശീർവാദവും ആമുഖപ്രഭാഷണവും നടത്തി. സീനിയർ ലിവിങ് പ്രൊജക്ട്സ് അഡ്വൈസർ ലിജ ജിജോ ശിലാസ്ഥാപനം നടത്തി. ആറ് ഏക്കർ ഭൂമിയിൽ 400 അപ്പാർട്ടുമെന്റുകളാണ് പ്രായമായവർക്ക് താമസിക്കാനായി ആധുനിക സൗകര്യങ്ങളോടെ ഇവിടെ നിർമ്മിക്കുന്നത്.

പാംകെയർ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ബാബു ജോസഫ്, ഡയറക്ടർ കോ-ഫൗണ്ടർ ലിമി റോസ് ടോം, ജനറൽ മാനേജർ ബിബിൻ വർഗീസ്, കോതമംഗലം സിൽവർ ടിപ്സ് ഹോട്ടൽ മാനേജിംഗ് ഡയറക്ടർ ജെയിംസ് മാത്യു, പ്രൊജക്ട് ആർക്കിടെക് കെ.സി. ജോർജ് തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.



## ചൈന ഇന്ത്യയുടെ ഏറ്റവും വലിയ വ്യാപാരപങ്കാളി

ന്യൂഡൽഹി: യുഎസിനെ കടത്തിവെട്ടി 2025-26 സാമ്പത്തികവർഷം ഇന്ത്യയുടെ ഏറ്റവും വലിയ വ്യാപാര പങ്കാളിയായി ചൈന. ഉഭയകക്ഷി വ്യാപാരം 15,110 കോടി ഡോളറിലെത്തി. അതേസമയം ചൈനയുമായുള്ള ഇന്ത്യയുടെ വ്യാപാരക്കമ്മി സർവകാല റെക്കോർഡാണ്. ഇറക്കുമതിച്ചെലവും കയറ്റുമതി വരുമാനവും തമ്മിലുള്ള അന്തരമാണ് വ്യാപാരക്കമ്മി. 2024-25 വരെ തുടർച്ചയായി നാലുവർഷം ഇന്ത്യയുടെ ഏറ്റവും വലിയ വ്യാപാര പങ്കാളി യുഎസ് ആയിരുന്നു.

കഴിഞ്ഞ സാമ്പത്തികവർഷം ചൈനയിലേക്കുള്ള ഇന്ത്യയുടെ കയറ്റുമതി 36.66 ശതമാനം ഉയർന്ന് 1947 കോടി ഡോളറിലെത്തി. ഇറക്കുമതി 16 ശതമാനം വർദ്ധിച്ച് 13,163 കോടി ഡോളറിന്റേതാണ്. 2024-25-ലെ 9,920 കോടി ഡോളറിൽ നിന്ന് 2025-26-ൽ വ്യാപാരക്കമ്മി 11,260 കോടി ഡോളറെന്ന എക്കാലത്തെയും ഉയർന്ന നിലയിലാണ്.

കഴിഞ്ഞ സാമ്പത്തിക വർഷം യുഎസിലേക്കുള്ള ഇന്ത്യയുടെ കയറ്റുമതി 0.92 ശതമാനം വർദ്ധിച്ച് 8730 കോടി ഡോളറാണ്. ഇറക്കുമതി 15.95 ശതമാനം വർദ്ധിച്ച് 5290 കോടി ഡോളറും. 2024 25-ലെ 4089 കോടി ഡോളറിൽ നിന്ന് 2025-26 വ്യാപാര മിച്ചം 3440 കോടി ഡോളറായി കുറഞ്ഞു.

2013-14 മുതൽ 2017-18 വരെയും 2020-21-ലും ചൈന ഇന്ത്യയുടെ ഏറ്റവും വലിയ വ്യാപാര പങ്കാളിയായിരുന്നു. ചൈനയ്ക്ക് മുൻപ് യുഎഇ ആയിരുന്നു ഈ സ്ഥാനത്ത്. 2021-22 മുതൽ യുഎസിനായിരുന്നു ആ സ്ഥാനം.

## വിഴിഞ്ഞത്തെ ആഗോള മാരിടൈം ഹബ്ബാക്കുന്നു

തിരുവനന്തപുരം: വിഴിഞ്ഞം തുറമുഖം ആഗോള സമുദ്ര വ്യാപാര മേഖലയിലെ തന്ത്രപ്രധാനമായ മാരിടൈം ഹബ്ബാക്കാൻ കേന്ദ്രം. പശ്ചിമേഷ്യൻ സംഘർഷത്തെത്തുടർന്ന് ആഗോള ചരക്കുനീക്കത്തിലും സമുദ്രവ്യാപാര മേഖലയിലുമുണ്ടായ അനിശ്ചിതത്വമാണ് രാജ്യത്ത് പുതിയൊരു മാരിടൈം ഹബ്ബ് സ്ഥാപിക്കാൻ കേന്ദ്ര സർക്കാരിനെ പ്രേരിപ്പിക്കുന്നത്.

ഇന്ത്യൻ മഹാസമുദ്രത്തിൽ പശ്ചിമേഷ്യയിലെ യുദ്ധസാഹചര്യങ്ങൾ ബാധിക്കാത്ത സമുദ്രവ്യാപാര കേന്ദ്രമാണ് വിഴിഞ്ഞം വികസനത്തിലൂടെ ലക്ഷ്യമിടുന്നത്. ഭാവിയിൽ സിങ്കപ്പൂർ, ദുബായ് തുറമുഖങ്ങൾക്ക് ബദലായി വിഴിഞ്ഞത്തെ സജ്ജമാക്കുകയാണ് ലക്ഷ്യം. ഇതിനുള്ള തുടർനടപടികൾ സ്വീകരിക്കാൻ പ്രധാനമന്ത്രിയുടെ ഓഫീസ് കേന്ദ്ര ഷിപ്പിങ് മന്ത്രാലയത്തെ ചുമതലപ്പെടുത്തി.

ഷിപ്പിങ് മന്ത്രാലയം ഉദ്യോഗസ്ഥർ സംസ്ഥാന തുറമുഖ വകുപ്പ് ഉദ്യോഗസ്ഥരും 'വിസിലു'മായി (വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡ്) പ്രാഥമിക ചർച്ചകൾ പൂർത്തിയാക്കി.

രാജ്യത്തെ തുറമുഖങ്ങൾ വികസിപ്പിക്കാൻ കേന്ദ്രം പ്രഖ്യാപിച്ച മാരിടൈം അമൃത്കാൽ വിഷൻ 2047-ന്റെ ഭാഗമായാണ് പദ്ധതി വരുന്നത്. നിലവിലുള്ള ട്രാൻസ്ഷിപ്മെന്റ് ടെർമിനലിനെ ട്രാൻസ്ഷിപ്മെന്റ് ഹബ്ബ് ആക്കുകയാണ് ലക്ഷ്യം.

നിലവിലുള്ളതിന്റെ ഇരട്ടിയിലധികം നിക്ഷേപമാണ് പ്രതീക്ഷിക്കുന്നത്. അദാനി ഗ്രൂപ്പിന് പുറമേ നിക്ഷേപതാത്പര്യമുള്ള സ്വകാര്യ മേഖലയിലുള്ളവർക്കും അവസരമൊരുക്കും. ഇതിനുള്ള വിഷൻ ഡോക്യുമെന്റ് തയ്യാറാക്കാൻ കേന്ദ്രം നടപടി തുടങ്ങി.

## എയർ ഇന്ത്യയുടെ ആദ്യവലിയ വിമാനം ഡൽഹിയിൽ

ന്യൂഡൽഹി: ഇന്റീരിയർ, സീറ്റ്, ബ്രാൻഡിങ് അടക്കം അടിമുടി പുതുപുത്തനാക്കിയ എയർ ഇന്ത്യയുടെ ആദ്യ വലിയ വിമാനം (വൈഡ് ബോഡി) ഡൽഹിയിലെത്തി. വിടി-എഎൻടി എന്ന രജിസ്ട്രേഷനുള്ള ബോയിങ് 787-8 ഡ്രീംലൈനർ വിമാനമാണ് റെട്രോഫിറ്റ് നടപടികൾ പൂർത്തിയാക്കി യുഎസിൽ നിന്നെത്തിയത്. പഴയ വിമാനങ്ങളിലെ കീറിപ്പറിഞ്ഞ സീറ്റുകളും മോശം ഇന്റീരിയറും പൂർണമായി ഒഴിവാക്കാനുള്ള റെട്രോഫിറ്റിങ് നടപടികൾ മൂന്ന് വർഷം മുമ്പാണ് കമ്പനി പ്രഖ്യാപിച്ചത്.

ബോയിങ് കമ്പനിയുടെ കാലിഫോർണിയയിലെ മോഡിഫിക്കേഷൻ സെന്ററിൽ 263 ദിവസം കൊണ്ടാണ് നടപടികൾ പൂർത്തിയാക്കിയത്. എയർ ഇന്ത്യക്ക് 26 ഡ്രീം ലൈനർ വിമാനങ്ങളാണുള്ളത്. ഇതിൽ ആദ്യത്തേതാണ് നവീകരിച്ച ശേഷം ഡൽഹിയിലെത്തിച്ചത്. മറ്റ് രണ്ട് വിമാനങ്ങളുടെ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഘട്ടംഘട്ടമായി മറ്റ് ഡ്രീംലൈനറുകളുടെയും റെട്രോഫിറ്റ് നടപടികൾ പൂർത്തിയാക്കും.

കമ്പനിയുടെ പക്കലുണ്ടായിരുന്ന 27 പഴയ എയർബസ് എ320 നിയോ മോഡൽ വിമാനങ്ങളുടെ റെട്രോഫിറ്റിങ് നടപടി ഒക്ടോബറിൽ പൂർത്തിയാക്കിയിരുന്നു. ഈ നടപടികൾ ഇന്ത്യയിൽ വെച്ചാണ് പൂർത്തിയാക്കിയത്. എല്ലാ വിമാനങ്ങൾക്കും എയർ ഇന്ത്യയുടെ പുതിയ ബ്രാൻഡിങ്ങും (ലിവറി) നല്കിയിട്ടുണ്ട്.

## മോസ്കോ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ അഞ്ച് മലയാളസിനിമകൾ

തിരുവനന്തപുരം: ഏപ്രിൽ 16 മുതൽ 23 വരെ നടക്കുന്ന 48-ാമത് മോസ്കോ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ ആദ്യമായി അഞ്ചു മലയാള സിനിമകൾ തെരഞ്ഞെടുക്കപ്പെട്ടു. മത്സരവിഭാഗത്തിൽ ഒരെണ്ണവും ലോകസിനിമാ വിഭാഗത്തിൽ നാലെണ്ണവുമാണ് തെരഞ്ഞെടുക്കപ്പെട്ടത്. ഫാസിൽ റസാക്ക് സംവിധാനം ചെയ്ത മോഹം എന്ന സിനിമയാണ് മുഖ്യ മത്സര വിഭാഗത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്.

അഭിലാഷ് ബാബു സംവിധാനം ചെയ്ത കൃഷ്ണാഷ്ടമി, ടോമി സുകുമാർ സംവിധാനം ചെയ്ത പ്യൂപ്പ, താമർ കെ.വി. സംവിധാനം ചെയ്ത സർക്കീട്ട്, ദീപക് ഡിയോൺ സംവിധാനം ചെയ്ത പ്രൈവറ്റ് എന്നിവയാണ് വേൾഡ് സിനിമ വിഭാഗത്തിൽ തെരഞ്ഞെടുക്കപ്പെട്ട മറ്റ് സിനിമകൾ. ലോകത്തിലെ 14 മികച്ച ഫിലിം ഫെസ്റ്റിവലുകളിലൊന്നാണ് മോസ്കോ ഇന്റർ നാഷണൽ ഫിലിം ഫെസ്റ്റിവൽ.

# കേരളത്തിലെ ജലസംഭരണികളിൽ 30 ശതമാനം വെള്ളം മാത്രം

തിരുവനന്തപുരം: വേനൽ ചൂടിന്റെ കാഠിന്യത്തിൽ വൈദ്യുതി ഉപയോഗത്തിൽ റിക്കാർഡ് കുതിപ്പു തുടരുന്നതിനിടെ കേരളത്തിലെ അണക്കെട്ടുകളിലെ ജലനിരപ്പ് ആശങ്കാജനകമാം വിധം താഴുന്നു. കേരളത്തിൽ കെഎസ്ഇബിയുടെ നിയന്ത്രണത്തിലുള്ള 18 ഡാമുകളിൽ മിക്കവയിലും സംഭരണശേഷിയുടെ 30 ശതമാനത്തോളം വെള്ളം മാത്രമാണുള്ളത്. കെഎസ്ഇബിയുടെ ഏറ്റവും പ്രധാനപ്പെട്ട ഡാമായ ഇടുക്കി ഡാമിൽ ഏപ്രിൽ 16-ന് ഉണ്ടായിരുന്നത് സംഭരണശേഷിയുടെ 36.93 ശതമാനം മാത്രം വെള്ളമാണ്. ആകെ 2403 അടി വെള്ളം സംഭരിക്കാവുന്ന ഇടുക്കിയിൽ 16-ന് രാവിലെ 11-ന് ബാക്കിയുള്ളത് 539.01 അടി വെള്ളം മാത്രം. ഇടമലയാർ ഡാമിൽ ആകെ സംഭരണശേഷിയുടെ 32.77 ശതമാനം വെള്ളം മാത്രമാണുള്ളത്. തൃശൂർ പെരിങ്ങൽക്കുത്ത് ഡാമിൽ 33.93 ശതമാനവും ബാണാസുര സാഗർ അണക്കെട്ടിൽ 25.75 ശതമാനം വെള്ളവുമാണ് ഇപ്പോൾ ഉള്ളത്. പത്തനംതിട്ട കക്കി ഡാമിൽ 34.93 ശതമാനം വെള്ളമുണ്ട്. പമ്പയിൽ 0.10 ശതമാനം വെള്ളം മാത്രമാണുള്ളത്. മാട്ടുപ്പെട്ടിയിൽ 32.80 ശതമാനവും പൊൻമുടിയിൽ 25.51 ശതമാനവുമാണ് സംഭരണ ജലനിരപ്പ്. കല്ലാർകുട്ടി, ലോവർ പെരിയാർ ഡാമുകളിലാണ് നിലവിൽ 50 ശതമാനത്തിൽ കൂടുതൽ വെള്ളം സംഭരിച്ചിട്ടുള്ളത്. ലോവർ പെരിയാറിൽ സംഭരണശേഷിയുടെ 74.11 ശതമാനം വെള്ളമുള്ളപ്പോൾ കല്ലാർകുട്ടിയിൽ 66.41 ശതമാനവുമാണ് ഏപ്രിൽ 16-ലെ ജലനിരപ്പ്. വൈദ്യുതി ഉപയോഗം വലിയതോതിൽ ഉയർന്നതോടെ ഡാമുകളിലെ ജലനിരപ്പ് വരുംദിവസങ്ങളിൽ ഇനിയും കുറയുമെന്നു വ്യക്തം.

## പശ്ചിമേഷ്യൻ സമാധാനത്തിന് പ്രാദേശിക കൂട്ടായ്മ അനിവാര്യമെന്ന് ഖത്തർ

ദോഹ: പശ്ചിമേഷ്യയിലെ വെല്ലുവിളികൾക്കു പരിഹാരം കാണാൻ മേഖലയിലെ രാജ്യങ്ങൾ തന്നെ മുൻകൈയെടുക്കണമെന്നു ഖത്തർ. രാജ്യാന്തര ഇടപെടലുകൾക്കപ്പുറം ഗൾഫ് രാഷ്ട്രങ്ങളുടെയും അയൽരാജ്യങ്ങളുടെയും നേരിട്ടുള്ള പങ്കാളിത്തത്തിലൂടെയേ സുസ്ഥിരസമാധാനം ഉറപ്പാക്കാൻ കഴിയൂവെന്നു പ്രധാനമന്ത്രിയുടെ ഉപദേശകനും വിദേശകാര്യ മന്ത്രാലയ വക്താവുമായ ഡോ. മാജിദ് ബിൻ മുഹമ്മദ് അൽ അൻസാരി പ്രതിവാര വാർത്താസമ്മേളനത്തിൽ പറഞ്ഞു. നയതന്ത്ര നീക്കങ്ങളിലൂടെ യുദ്ധം അവസാനിപ്പിക്കാനാണു ഖത്തർ പ്രഥമ പരിഗണന നൽകുന്നത്. താൽക്കാലിക വെടിനിർത്തൽ വ്യവസ്ഥകൾ ശക്തിപ്പെടുത്തി ശാശ്വത സമാധാന ഉടമ്പടിയിലേക്ക് എത്തിക്കുകയാണു ലക്ഷ്യം. സംഘർഷം വ്യാപിക്കാതിരിക്കാനുള്ള നയതന്ത്ര ചർച്ചകൾ തുടരുകയാണെന്നും അദ്ദേഹം പറഞ്ഞു.

വിതരണ ശൃംഖലകളെയും കയറ്റുമതിയെയും ബാധിക്കുമെന്നതിനാൽ മേഖലയിലെ രാജ്യങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ലബനന്റെ പരമാധികാരത്തിന്മേലുള്ള ഇസ്രയേലിന്റെ കടന്നുകയറ്റം അനുവദിക്കാനാകില്ല. ആയുധങ്ങൾ കൊണ്ടല്ല മറിച്ച് സംഭാഷണങ്ങളിലൂടെയാണു പ്രശ്നപരിഹാരം കണ്ടെത്തേണ്ടതെന്നും മാജിദ് ബിൻ മുഹമ്മദ് അൽ അൻസാരി ആവർത്തിച്ചു.

## ഡൽഹി വിമാനത്താവളത്തിൽ വിമാനങ്ങൾ കൂട്ടിയിടിച്ചു; യാത്രക്കാർ സുരക്ഷിതർ

ന്യൂഡൽഹി: ഡൽഹി രാജ്യാന്തര വിമാനത്താവളത്തിൽ വിമാനങ്ങളുടെ ചിറകുകൾ കൂട്ടിയിടിച്ച് അപകടം. ലേയിൽ നിന്നെത്തിയ സ്പൈസ് ജെറ്റ് വിമാനവും ഹൈദരാബാദിലേക്ക് പുറപ്പെടാൻ യാത്രക്കാരെ കയറ്റിക്കൊണ്ടിരുന്ന ആകാശ എയർ വിമാനവും തമ്മിലാണു കൂട്ടിമുട്ടിയത്.

ഏപ്രിൽ 16-ന് ഉച്ചയ്ക്ക് 2.15-നാണു സംഭവം. സ്പൈസ് ജെറ്റ് വിമാനത്തിന്റെ ചിറകൊടിഞ്ഞ് ആകാശ വിമാനത്തിനുള്ളിലേക്കു കയറി.

യാത്രക്കാരിൽ ആർക്കും പരുക്കേറ്റില്ലെന്നു ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ (ഡിജിസിഎ) അറിയിച്ചു. സ്പൈസ് ജെറ്റ് വിമാനം യാത്ര റദ്ദാക്കി. ആകാശ എയർ ബദൽ യാത്രാസൗകര്യം ഒരുക്കി.

സ്പൈസ് ജെറ്റ് പൈലറ്റുമാരെയും എയർ ട്രാഫിക് കൺട്രോളർ ഓഫീസറെയും അന്വേഷണം പൂർത്തിയാകുന്നതുവരെ ജോലിയിൽനിന്നു മാറ്റിനിർത്തിയതായി വ്യോമയാന മന്ത്രാലയം അറിയിച്ചു.



ഡൽഹി വിമാനത്താവളത്തിൽ ആകാശ എയർ വിമാനത്തിന്റെ ചിറകിൽ സ്പൈസ് ജെറ്റിന്റെ ചിറക് ഒടിഞ്ഞ് കുടുങ്ങിയിരിക്കുന്നു.

## വിദേശ സംഭാവന: പുതുതായി 38 സ്ഥാപനങ്ങൾക്ക് ലൈസൻസ്

ന്യൂഡൽഹി: വിദേശത്തു നിന്നുള്ള സംഭാവനകൾ നിയന്ത്രിക്കാനുള്ള എഫ്സിആർഎ നിയമഭേദഗതി സംബന്ധിച്ച വിവാദത്തിനിടെ ആഭ്യന്തരമന്ത്രാലയം 38 ലൈസൻസുകൾകൂടി അനുവദിച്ചു. മുൻ ക്രിക്കറ്റ് താരം ശിഖർ ധവാൻ തുടക്കമിട്ട ജീവകാരുണ്യ സംഘടനയായ ശിഖർ ധവാൻ ഫൗണ്ടേഷനും ഇക്കൂട്ടത്തിലുണ്ട്.

ഓൺലൈൻ വാതുവയ്പ് ആപ്പുകളുമായി ബന്ധപ്പെട്ട കേസിൽ ശിഖർ ധവാന്റെ 4.5 കോടി രൂപ മൂല്യമുള്ള സ്വത്തുക്കൾ കഴിഞ്ഞ വർഷം എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി) കണ്ടുകെട്ടിയിരുന്നു.

ഹിന്ദു രാഷ്ട്രം സ്ഥാപിക്കണമെന്നു വാദിക്കുന്ന മധ്യപ്രദേശ് ആസ്ഥാനമായ ആത്മീയ നേതാവ് ധീരേന്ദ്ര കൃഷ്ണ ശാസ്ത്രിയുടെ സംഘടനയായ ബാബ ബാഗേശ്വർ ധാമിനും ലൈസൻസ് കിട്ടി.

പുറമേ അഞ്ച് ഹിന്ദു സംഘടനകൾക്കും ലൈസൻസ് ലഭിച്ചു. ബംഗാളിലെ ബോൽപുരിലെ രാമകൃഷ്ണ മിഷൻ, ബിഹാറിലെ പൂർണിയ, ദിവ്യ ജ്യോതി ജാഗ്രതി സൻസ്ഥാൻ, ക്ഷേത്ര ധർമസ്ഥല ഗ്രാമവികസന പദ്ധതി, ആഗ്രയിലെ രാധ സോമി സത്സംഗ് ബിയാസ് എന്നിവയാണ് ഇവ.

## 16 പേർ രാജ്യസഭാംഗങ്ങളായി ചുമതലയേറ്റു

ന്യൂഡൽഹി: ബിജെപി ദേശീയ അധ്യക്ഷൻ നിതിൻ നബീൻ, മുതിർന്ന കോൺഗ്രസ് നേതാവ് അഭിഷേക് മനു സിംഗ്വി, കേന്ദ്രമന്ത്രി രാം നാഥ് ഠാക്കൂർ തുടങ്ങി പുതുതായി തെരഞ്ഞെടുക്കപ്പെട്ട 16 രാജ്യസഭാ എംപിമാർ സത്യപ്രതിജ്ഞ ചെയ്തു ചുമതലയേറ്റു.

ചടങ്ങിൽ രാജ്യസഭാധ്യക്ഷനും ഉപരാഷ്ട്രപതിയുമായ സി.പി. രാധാകൃഷ്ണൻ പുതിയ അംഗങ്ങൾക്ക് സത്യവാചകം ചൊല്ലിക്കൊടുത്തു. ബിഹാർ, ആസാം, ഹരിയാന, ഹിമാചൽപ്രദേശ്, മഹാരാഷ്ട്ര, ഒഡീഷ, തെലുങ്കാന തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നുള്ള പ്രതിനിധികളാണ് സത്യപ്രതിജ്ഞ ചെയ്തത്. ബിഹാർ മുൻ മുഖ്യമന്ത്രി നിതീഷ് കുമാർ രാജ്യസഭാംഗമായി സത്യ പ്രതിജ്ഞ ചെയ്തിരുന്നു.

സത്യപ്രതിജ്ഞ ചെയ്തവരിൽ 11 പേർ എൻഡിഎയിൽനിന്നും 5 പേർ കോൺഗ്രസിൽനിന്നും ഉള്ളവരാണ്. ബിജെപി ദേശീയ അധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ടതിനെ തുടർന്ന് ബിഹാറിലെ എംഎൽഎ സ്ഥാനം രാജിവെച്ചാണ് നിതിൻ നബിൻ രാജ്യസഭയിലെത്തുന്നത്.

ബീഹാറിൽനിന്നും വീണ്ടും തെരഞ്ഞെടുക്കപ്പെട്ട രാംനാഥ് ഠാക്കുറിനൊപ്പം ഉപേന്ദ്ര കുശ്വാഹ (ആർഎൽഎം), ശിവേഷ് കുമാർ (ബിജെപി), തുടങ്ങിയവരും സത്യപ്രതിജ്ഞ ചെയ്തു. ആസാമിൽ നിന്ന് തേരാഷ് ഗോവാല (ബിജെപി), ജോഗൻ മോഹൻ (ബിജെപി), പ്രമോദ് ബോറോ (യുപിപിഎൽ) എന്നിവരും ഛത്തീസ്ഗഡിൽ നിന്ന് ലക്ഷ്മി വർമ (ബിജെപി), ഫൂലോ ദേവി നേതം (കോൺഗ്രസ്) തുടങ്ങിയവരും സത്യപ്രതിജ്ഞ ചെയ്തവരിൽ ഉൾപ്പെടുന്നു.

ഹരിയാനയെ പ്രതിനിധീകരിച്ച് കരംവീർ സിംഗ് ബൗദ്ധ് (കോൺഗ്രസ്), സഞ്ജയ് ഭാട്ടിയ (ബിജെപി) എന്നിവരും തെലുങ്കാനയിൽനിന്ന് കോൺഗ്രസ് നേതാക്കളായ അഭിഷേക് മനു സിംഗ്വി, വെം നരേന്ദ്ര റെഡ്ഢി എന്നിവരും സത്യപ്രതിജ്ഞ ചെയ്തു ചുമതലയേറ്റു.

ഒഡീഷയിൽനിന്ന് ബിജെപിയുടെ സുജിത് കുമാറും ഹിമാചൽ പ്രദേശിൽനിന്നു കോൺഗ്രസ് അംഗം അനുരാഗ് ശർമയും സത്യപ്രതിജ്ഞ ചെയ്തു.






## പശ്ചിമേഷ്യൻ യുദ്ധം:

# ഇന്ത്യയിൽ 25 ലക്ഷം പേർ ദാരിദ്ര്യത്തിലാകുമെന്ന് യുഎൻ

ന്യൂഡൽഹി: പശ്ചിമേഷ്യയിലെ സംഘർഷം ഇന്ത്യയിലെ ഏകദേശം 25 ലക്ഷം ആളുകളെ ദാരിദ്ര്യത്തിലേക്ക് തള്ളിവിടുമെന്ന് ഐക്യരാഷ്ട്രസഭയുടെ പുതിയ റിപ്പോർട്ട്. യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം (യുഎൻഡിപി) തയ്യാറാക്കിയ റിപ്പോർട്ടിലാണ് ഇക്കാര്യമുള്ളത്. സംഘർഷം മൂലം ഇന്ധനവില, ചരക്കു കൂലി, മറ്റ് ഉല്പാദനച്ചെലവുകൾ എന്നിവ വർദ്ധിക്കുന്നത് സാധാരണക്കാരുടെ വാങ്ങൽ ശേഷിയെ ഇല്ലാതാക്കുകയും രാജ്യത്തിന്റെ പുരോഗതിയെ പിന്നോട്ടടിക്കുകയും ചെയ്യും. ആഗോളതലത്തിൽ 88 ലക്ഷം പേർ ദാരിദ്ര്യഭീഷണി നേരിടുമ്പോൾ അതിൽ വലിയൊരു ഭാഗം ദക്ഷിണേഷ്യയിലായിരിക്കുമെന്ന് റിപ്പോർട്ട് നിരീക്ഷിക്കുന്നു. ഇന്ത്യയിലെ ദാരിദ്ര്യനിരക്ക് 23.9 ശതമാനത്തിൽ നിന്ന് 24.2 ആയി ഉയരുമെന്നാണ് പ്രാഥമിക വിലയിരുത്തൽ.

ഊർജ ആവശ്യങ്ങൾക്കായി ഇന്ത്യ പശ്ചിമേഷ്യയെ വൻതോതിൽ ആശ്രയിക്കുന്നതും പ്രതിസന്ധിയുടെ ആക്കം കൂട്ടുന്നു. വളത്തിന്റെ 45 ശതമാനവും പശ്ചിമേഷ്യൻ രാജ്യങ്ങളാണ് നല്കുന്നത്. ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്ന 90 ലക്ഷത്തിലധികം വരുന്ന ഇന്ത്യക്കാരുടെ വരുമാനത്തിലുണ്ടാകുന്ന കുറവും അതുമൂലം രാജ്യത്തേക്ക് വിദേശപണത്തിന്റെ ഒഴുക്ക് തടസ്സപ്പെടുന്നതും ദശലക്ഷക്കണക്കിനു കുടുംബങ്ങളെ പ്രതിസന്ധിയിലാക്കും.

ആരോഗ്യമേഖലയിലും വലിയ വെല്ലുവിളികൾ നേരിടേണ്ടി വരുമെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. മെഡിക്കൽ ഉപകരണങ്ങളുടെ അസംസ്കൃത വസ്തുക്കൾക്ക് 50 ശതമാനം വരെ വിലവർദ്ധന ഉണ്ടായേക്കാം. മരുന്നുകളുടെ മൊത്തവില പത്ത് ശതമാനം വർദ്ധിച്ചു. ആഭരണങ്ങൾ, വസ്ത്രങ്ങൾ തുടങ്ങിയ മേഖലകളിലെ ചെറുകിട വ്യവസായികളെയും പ്രതിസന്ധി ബാധിക്കും.

പ്രതിസന്ധികളെ അതിജീവിക്കാൻ സാമൂഹിക സുരക്ഷാപദ്ധതികൾ ശക്തിപ്പെടുത്തണമെന്നും ഊർജ-ഭക്ഷ്യ വിതരണ ശൃംഖലകളിൽ വൈവിധ്യവൽക്കരണം കൊണ്ടുവരണമെന്നും യുഎൻ അസി. സെക്രട്ടറി ജനറൽ കന്നി വിഗ്നരാജ നിർദേശിച്ചു.

# ഇന്ത്യ അംബേദ്കർ സ്മരണ പുതുക്കി

മുംബൈ: ഭരണഘടനാ ശില്പി ഡോ. ബി.ആർ. അംബേദ്കറുടെ 135-ാം ജന്മവാർഷിക ദിനത്തോടനുബന്ധിച്ച് രാജ്യതലസ്ഥാനത്തും വിവിധ സംസ്ഥാനങ്ങളിലും അനുസ്മരണച്ചടങ്ങുകൾ നടത്തി. അംബേദ്കറുടെ ഭൗതിക ശരീരം സംസ്കരിച്ച മുംബൈ ദാദറിലെ ചൈത്യഭൂമി സ്മാരകത്തിലും ബുദ്ധമതം സ്വീകരിച്ച നാഗ്പൂരിലെ ദീക്ഷഭൂമിയിലും പതിനായിരക്കണക്കിനു പേർ സംഗമിച്ചു. ചൈത്യഭൂമിയിൽ മഹാരാഷ്ട്ര ഗവർണർ ജിഷ്ണു ദേവ് വർമ, മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസ്, ഉപമുഖ്യമന്ത്രിമാരായ ഏക്നാഥ് ഷിൻഡെ, സുനേത്ര പവാർ, അംബേദ്കറുടെ കൊച്ചുമകനും ദലിത് നേതാവുമായ പ്രകാശ് അംബേദ്കർ എന്നിവർ പുഷ്പാഞ്ജലി അർപ്പിച്ചു.

പാർലമെന്റ് വളപ്പിലെ അംബേദ്കർ പ്രതിമയ്ക്കു മുന്നിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ ആദരമർപ്പിച്ചു. വൈസ് പ്രസിഡണ്ട് സി.പി. രാധാകൃഷ്ണൻ, ലോക്സഭാ സ്പീക്കർ ഓം ബിർള, മറ്റ് പാർലമെന്റ് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു. ഗുജറാത്ത് ഗാന്ധിനഗറിലെ ലോക്ഭവനിൽ രാഷ്ട്രപതി ദ്രൗപതി മുർമു അംബേദ്കർ പ്രതിമയിൽ പുഷ്പാഞ്ജലി അർപ്പിച്ചു.



അംബേദ്കറുടെ ആദർശങ്ങൾക്കായി അവസാന ശ്വാസംവരെ പോരാടുമെന്ന് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി പറഞ്ഞു. മല്ലികാർജുൻ ഖാർഗെ, പ്രിയങ്ക ഗാന്ധി തുടങ്ങിയവരും അംബേദ്കറെ അനുസ്മരിച്ച് സമൂഹമാധ്യമങ്ങളിൽ എഴുതി.

# കഠിനാധ്വാനത്തിന് വിലയേറിയ അംഗീകാരം

കോട്ടയം: താഴെത്തട്ടിൽനിന്ന് കഠിനാധ്വാനത്തിലൂടെ ഉയരങ്ങൾ കീഴടക്കിയ പ്രിയ സഹപ്രവർത്തകന് ബിഎംഡബ്ല്യു കാർ സമ്മാനമായി നൽകി ഓക്സിജൻ സിഇഒ സിജോ കെ. തോമസ്. ഓക്സിജനിൽ 25 വർഷത്തെ സ്തുത്യർഹമായ സേവനം പൂർത്തിയാക്കിയ വൈസ് പ്രസിഡണ്ട് പ്രവീൺ പ്രകാശിനാണ് ആഡംബര കാർ സമ്മാനമായി ലഭിച്ചത്. 19-ാം വയസ്സിൽ സാധാരണ ടെക്നീഷ്യനായാണ് പ്രവീൺ പ്രകാശ് ഓക്സിജന്റെ ഭാഗമാകുന്നത്.



**ഓക്സിജനിൽ 25 വർഷത്തെ സേവനം പൂർത്തിയാക്കിയ വൈസ് പ്രസിഡണ്ട് പ്രവീൺ പ്രകാശിന് സിഇഒ ഷിജോ കെ. തോമസ് ബിഎംഡബ്ല്യു കാർ സമ്മാനമായി നൽകുന്നു.**

രണ്ടര പതിറ്റാണ്ടായി കമ്പനിയുടെ വളർച്ചയിൽ നിർണായക പങ്കുവഹിച്ച അദ്ദേഹം, തന്റെ കഠിനാധ്വാനവും അർപ്പണബോധവും കൊണ്ട് വൈസ് പ്രസിഡണ്ട് സ്ഥാനത്തേക്ക് ഉയരുകയായിരുന്നു. സാധാരണ ജീവനക്കാരിൽ നിന്നു സ്ഥാപനത്തിന്റെ നേതൃനിരയിലേക്ക് ഒരാൾ വരുന്നത് മറ്റുള്ളവർക്ക് വലിയൊരു പ്രചോദനമാണെന്ന് ഷിജോ കെ. തോമസ് പറഞ്ഞു.

ഓരോ ജീവനക്കാരനും നൽകുന്ന മൂല്യമാണ് ഏതൊരു സ്ഥാപനത്തിന്റെയും വിജയരഹസ്യമെന്ന് സമ്മാനം നൽകിയ ചടങ്ങിൽ ഷിജോ ചൂണ്ടിക്കാട്ടി. ജീവനക്കാരാണ് സ്ഥാപനത്തിന്റെ യഥാർത്ഥ നട്ടെല്ല്. അവരുടെ വളർച്ചയും സന്തോഷവുമാണ് കമ്പനിയുടെ വിജയം. പ്രവീണിനെപോലെ ദീർഘകാലം സ്ഥാപനത്തോടൊപ്പം നിൽക്കുന്ന ജീവനക്കാർ തങ്ങളുടെ നേതൃത്വത്തിലും ടീം മാനേജ്മെന്റിലുമുള്ള വിശ്വാസത്തിന്റെ അടയാളമാണ്- അദ്ദേഹം കൂട്ടിച്ചേർത്തു.

# സിബിഎസ്ഇ 10: തിരുവനന്തപുരം മേഖല ഒന്നാമത്

ന്യൂഡൽഹി: സിബിഎസ്ഇ പത്താം ക്ലാസ് ബോർഡ് പരീക്ഷയിൽ 93.70 ശതമാനം വിജയം. മേഖല തിരിച്ചുള്ള കണക്കിൽ കേരളവും ലക്ഷദ്വീപും ഉൾപ്പെടുന്നു.തിരുവനന്തപുരം മേഖല ഒന്നാം സ്ഥാനം നിലനിർത്തി. 99.79 ശതമാനം വിജയത്തോടെ വിജയവാഡ മേഖലയുമായി ഒന്നാം സ്ഥാനം പങ്കിടുകയായിരുന്നു. സംസ്ഥാനം തിരിച്ചുള്ള കണക്കിൽ കേരളം ദേശീയ തലത്തിൽ രണ്ടാമതായി. 99.80. തമിഴ്നാടിനാണ് ഒന്നാം സ്ഥാനം (99.92 ശതമാനം). കഴിഞ്ഞ വർഷം 99.86 ശതമാനം വിജയവുമായി കേരളവും തമിഴ്നാടും ഒന്നാം സ്ഥാനത്തായിരുന്നു. ഇക്കൊല്ലം മുതൽ പത്താം ക്ലാസ് ബോർഡ് പരീക്ഷയെഴുതാൻ സിബിഎസ്ഇ ഒരു അവസരം കൂടി നല്കുന്നതിനാൽ അതുകൂടി കഴിഞ്ഞ ശേഷമാകും വിദ്യാർത്ഥികളുടെ ഗ്രേഡ് നിർണയിക്കുക.



# കെസിഎസ് ചിക്കാഗോയുടെ ആദ്യ ഇൻഡോർ പിക്കിൾബോൾ ടൂർണമെന്റ് വൻവിജയം



ചിക്കാഗോ: കെ.സി.എസ് ചിക്കാഗോയുടെ ആദ്യ ഇൻഡോർ പിക്കിൾബോൾ ടൂർണമെന്റ് ഏപ്രിൽ 18-ന് വില്ല പാർക്കിൽ വിജയകരമായി സംഘടിപ്പിച്ചു. ഏകദേശം 200 പേർ പങ്കെടുത്ത ഈ പരിപാടി കളിക്കാരും കുടുംബാംഗങ്ങളും ഉൾപ്പെടെ എല്ലാവർക്കും ആവേശകരവും ഓർമ്മപ്പെടുത്തുന്നതുമായ അനുഭവമായി മാറി.

കെസിഎസ് ജോയിന്റ് സെക്രട്ടറി ക്രിസ് കട്ടപ്പുറം, വൈസ് പ്രസിഡണ്ട് മാറ്റ് വിളങ്ങാട്ടുശ്ശേരിൽ, ലിജോ മുണ്ടപ്ലാക്കിൽ, സിറിൽ അമ്പനാട്ട് എന്നിവരുടെ നേതൃത്വത്തിൽ മികച്ച ഏകോപനത്തിലും ടൂർണമെന്റ് സുതാര്യമായി നടന്നു. അവരുടെ കഠിനാദ്ധ്വാനവും സമർപ്പണവും പരിപാടിയുടെ വിജയത്തിന് നിർണായകമായി.

മൊത്തം 24 ടീമുകൾ പങ്കെടുത്ത ഈ മത്സരത്തിൽ ആവേശകരമായ പ്രകടനങ്ങളാണ് അരങ്ങേറിയത്. മാതാപിതാക്കളും കുട്ടികളും ഉൾപ്പെടെയുള്ള പ്രേക്ഷകർ മുഴുവൻ മത്സരങ്ങളും

ഷാജി പള്ളിവീട്ടിൽ

ആവേശത്തോടെ ആസ്വദിച്ചു. റഫറിമാരുടെ അഭാവത്തിലും എല്ലാ മത്സരങ്ങളും യാതൊരു പ്രശ്നങ്ങളും കൂടാതെ സുതാര്യമായി നടന്നത് കളിക്കാരുടെ മികച്ച സ്പോർട്സ്മാൻ സ്പിരിറ്റിനെയാണ് പ്രതിഫലിപ്പിക്കുന്നത്.

**മത്സരത്തിലെ വിജയികൾ:** ഒന്നാം സമ്മാനം-ജൂബിൻ വെട്ടിക്കാട്ട് & ജെസ്വിൻ ഇലവുങ്കൽ, രണ്ടാം സമ്മാനം-സുനിൽ കോയിത്തറ & മാത്യു മൂന്നുപറയിൽ, മൂന്നാം സമ്മാനം-ക്രിസ് ചാക്കോ കൊട്ടാരത്തിൽ പാറേട്ട് & ക്രിസ്ത്യൻ ചേലക്കൽ, നാലാം സമ്മാനം -പോൾ & ജോസ് വിളങ്ങാട്ടുശ്ശേരിൽ.

ഈ മികച്ച പരിപാടിയെ വിജയകരമാക്കുവാൻ പ്രവർത്തിച്ച എല്ലാ കോ-ഓർഡിനേറ്റർമാർക്കും പങ്കെടുത്ത ടീമുകൾക്കും മാതാപിതാക്കളും യുവജനങ്ങളും കുട്ടികളും ഉൾപ്പെടെയുള്ള പ്രേക്ഷകർക്കും കെസിഎസ് ചിക്കാഗോ ഹൃദയംനിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു. ഈ ടൂർണമെന്റ് നമ്മുടെ സമൂഹത്തിന്റെ ഐക്യവും ആവേശവും പ്രതിഫലിപ്പിക്കുന്ന മറ്റൊരു മനോഹരമായ ഉദാഹരണമായി മാറി.

# ക്നാനായ കാത്തലിക് അസോസിയേഷൻ ഓഫ് ജോർജിയ കേരള ഹൈക്കോടതി വിധിക്കെതിരെ പ്രതിഷേധിച്ചു

ജോർജിയ: ക്നാനായ സമുദായം നൂറ്റാണ്ടുകളായി പിന്തുടരുന്ന പാരമ്പര്യങ്ങളുടെയും ആചാരാനുഷ്ഠാനങ്ങളുടെയും കടക്കൽ കത്തി വെക്കുന്ന കേരള ഹൈക്കോടതി വിധിക്കെതിരെ ഏപ്രിൽ 12-ന് ക്നാനായ കാത്തലിക് അസോസിയേഷൻ ഓഫ് ജോർജിയ (കെസിഎജി) പ്രസിഡണ്ട് ജോണി ഇല്ലിക്കാട്ടിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന അറ്റ്ലാന്റ ക്നാനായ സമുദായാംഗങ്ങളുടെ യോഗം ശക്തമായി പ്രതി


സിബി മുളയാനിക്കുന്നേൽ

ഷേധിച്ചു. കോട്ടയം രൂപതാ നേതൃത്വവും കെസിസി നേതൃത്വവും കോടതിയിൽ സമർപ്പിച്ച തെറ്റായ രേഖകളും സത്യവാങ്മൂലവും വിധി സമുദായത്തിന് എതിരാകുവാൻ കാരണമായിട്ടുണ്ടെന്ന് ജോണി ഇല്ലിക്കാട്ടിൽ തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ പ്രസ്താവിച്ചു.




തുടർന്ന് കെസിഎജിയുടെ മുൻ പ്രസിഡണ്ടുമാരായ തോമസ് കവനാൻ, ഫിലിപ്പ് ഇല്ലിക്കാട്ടിൽ, സന്തോഷ് ഉപ്പൂട്ടിൽ, ഷാജൻ പൂവത്തുംമൂട്ടിൽ, ഡൊമിനിക് ചാക്കോനാൽ, ജാക്സൺ കുടിലിൽ, കെസിഎജി മെംബേഴ്സ് സൈമൺ ഇല്ലിക്കാട്ടിൽ, ജെയിംസ് കല്ലറകാണിയിൽ, സാജു വട്ടക്കുന്നത്ത്, ടോമി മന്നാകുളം എന്നിവരും തങ്ങളുടെ അഭിപ്രായങ്ങൾ അറിയിച്ചു. ഈ വിധി ചോദിച്ചു വാങ്ങിയതാണെന്നും കീഴ്ക്കോടതിയിൽ നല്കിയിരിക്കുന്ന തെറ്റായ അഫിഡവിറ്റിൽ മാറ്റം വരുത്തിയാലേ മുന്നോട്ട് കോടതിയിൽ നിന്നും അനുകൂല വിധി നേടിയെടുക്കുവാൻ സാദ്ധ്യതയുള്ളൂ എന്നും പ്രസംഗകരിൽ പലരും അഭിപ്രായപ്പെട്ടു.

കെസിഎജി വൈസി പ്രസിഡണ്ട് ഡാർലി ഉപ്പൂട്ടിൽ സ്വാഗതം ആശംസിച്ചു. സിബി മുളയാനിക്കുന്നേൽ, ഏബ്രഹാം കളത്തിൽ, നിഷ പുലിക്കൂട്ടിൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.






# സമർപ്പണത്തിന്റെ അമ്പതു വർഷങ്ങൾ: വന്ദ്യ ചട്ടത്തിൽ അച്ചന് വൈദിക സേവനത്തിന്റെ സുവർണ്ണാദരം

ജിനു കുര്യൻ പാമ്പാടി

ന്യൂജേഴ്സി: അഞ്ചു പതിറ്റാണ്ടുകളോളം ദൈവസേവനത്തിനായി ജീവിതം സമർപ്പിച്ച വന്ദ്യ ഗീവർഗീസ് തോമസ് ചട്ടത്തിൽ കോർ എപ്പിസ്കോപ്പയുടെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷങ്ങൾ മലങ്കര ആർച്ച് ഡയോസിസൻ ആസ്ഥാനം സ്ഥിതി ചെയ്യുന്ന ഓൾഡ് ടാപ്പൻ ന്യൂജേഴ്സിയിൽ ഭക്ത്യാദരപൂർവം നടന്നു. ആത്മീയ ചൈതന്യവും വിശ്വാസ ഐക്യവും വിളിച്ചോതിയ ഈ മഹാസംഗമത്തിൽ വിശ്വാസികളും സഭാനേതാക്കളും സാമൂഹിക-ആത്മീയ രംഗങ്ങളിലെ പ്രമുഖരും പങ്കെടുത്തു.

രാവിലെ നടന്ന പ്രാർത്ഥനാ ശുശ്രൂഷകൾക്ക് ശേഷം അമേരിക്കൻ അതിഭദ്രാസനാധിപനും പാത്രിയർക്കൽ വികാരിയുമായ അഭിവന്ദ്യ യെൽദോ മോർ തീത്തോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. ഭക്തിനിർഭരമായ ശുശ്രൂഷ വിശ്വാസികൾക്ക് ആത്മീയ ഉണർവ്വും ദൈവാനുഭവത്തിന്റെ ആഴവും പകർന്നു.

തുടർന്നു നടന്ന പൊതുസമ്മേളനം അഭിവന്ദ്യ യെൽദോ മോർ തീത്തോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. തന്റെ ഉദ്ഘാടന പ്രസംഗത്തിൽ ചട്ടത്തിൽ അച്ചൻ അമേരിക്കൻ അതിഭദ്രാസനത്തിനും സഭയ്ക്കും അർപ്പിച്ച ത്യാഗപരമായ സേവനവും ആത്മാർത്ഥമായ വൈദിക ജീവിതവും പ്രത്യേകം എടുത്തുപറഞ്ഞു. വിവേക് അലക്സ് അച്ചൻ ചടങ്ങിൽ സ്വാഗതം ആശംസിച്ചു.



ആകമാന സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ ഇഗ്നേഷ്യസ് അഫ്രേം രണ്ടാമൻ പാത്രിയർക്കീസ് ബാവയുടെ സന്ദേശം ആർച്ച്ബിഷപ് യെൽദോ മോർ തീത്തോസ് മെത്രാപ്പോലീത്ത അറിയിച്ചു. അബൂൻ മോർ ബസേലിയോസ് ജോസഫ് കാതോലിക്കാ ബാവയുടെ അനുഗ്രഹാനുമോദന കല്പന വന്ദ്യ മത്തായി വർഗീസ് പുതുക്കുന്നത്ത് കോർ എപ്പിസ്കോപ്പ വായിച്ചു. പരിശുദ്ധ എപ്പിസ്കോപ്പൽ സിനഡ് സെക്രട്ടറിയും കോട്ടയം ഭദ്രാസനാധിപനുമായ അഭിവന്ദ്യ തോമസ് മോർ തിമോത്തിയോസ് മെത്രാപ്പോലീത്തയുടെ സന്ദേശം റവ.ഡോ. ജെറി ജേക്കബ് അച്ചൻ വായിച്ചു.



അമേരിക്ക-യൂറോപ്പ് ക്നാനായ ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ആയൂബ് മോർ സിൽവാനോസ് മെത്രാപ്പോലീത്ത മുഖ്യപ്രഭാഷണം നടത്തി. ചട്ടത്തിൽ അച്ചന്റെ ദീർഘകാല ആത്മീയ നേതൃത്വവും സഭയോടുള്ള അർപ്പണബോധവും അദ്ദേഹം പ്രശംസിച്ചു. വ്യക്തിപരമായി അച്ചനുമായും കുടുംബവുമായി പുലർത്തുന്ന സ്നേഹബന്ധവും തിരുമേനി തന്റെ പ്രസംഗത്തിൽ പങ്കുവെച്ചു.

ഡയോസീസൻ സെക്രട്ടറി പോൾ തോട്ടക്കാട് അച്ചൻ, വന്ദ്യ ഗീവർഗീസ് കരുത്തലക്കൽ കോർ എപ്പിസ്കോപ്പ, വർഗീസ് കോര പരുത്തുവയലിൽ അച്ചൻ എന്നിവർ തുടർന്ന് വിവിധ ഇടവകകളെ പ്രതിനിധീകരിച്ച് പ്രതിനിധികൾ ആശംസകൾ നേർന്നു. പ്രസംഗങ്ങളിൽ എല്ലാം ലില്ലിക്കുട്ടി അമ്മായിയുടെ പ്രാർത്ഥനാപൂർണ്ണമായ പിന്തുണയും അചഞ്ചല സമർപ്പണവും അതുല്യമായ അതിഥി സൽക്കാരവും പ്രത്യേകം സ്മരിച്ചു. അച്ചന്റെ വൈദിക ജീവിതത്തിൽ കുടുംബത്തിന്റെ ശക്തമായ പിന്തുണ പ്രത്യേകിച്ച് മകൻ ജോബിയും മകൾ ലേഖയും നല്കിയ സഹകരണം എല്ലാവരും അഭിനന്ദിച്ചു.



ഇതിനൊപ്പം അച്ചന്റെ സഹോദരങ്ങൾ പങ്കുവെച്ച അച്ചനോടുള്ള സ്നേഹത്തിന്റെ വികാരനിർഭരമായ അനുഭവങ്ങൾ ചടങ്ങിനു കൂടുതൽ ശോഭ പകർന്നു.

തനിക്കു ലഭിച്ച എല്ലാ അനുഗ്രഹങ്ങൾക്കും ദൈവത്തോടും ജീവിതയാത്രയിൽ ഒപ്പമുണ്ടായിരുന്ന എല്ലാവരോടും ചട്ടത്തിൽ അച്ചൻ മറുപടി പ്രസംഗത്തിൽ ഹൃദയപൂർവ്വം നന്ദി രേഖപ്പെടുത്തി. പുണ്യശ്ലോകനായ പെരുമ്പള്ളി







തിരുമേനിയുടെയും പാറേക്കുളത്തു യാക്കോബ് മോർ തീമോത്തിയോസ് തിരുമേനിയുടെയും അനുഗ്രഹസ്മരണകൾ അദ്ദേഹം ആദരവോടെ പരാമർശിച്ചു. സഹവൈദികരും വിശ്വാസികളും നാളിതുവരെയും നല്കിയ അളവറ്റ സ്നേഹത്തിനും സഹകരണത്തിനും അദ്ദേഹം പ്രത്യേകം നന്ദി അറിയിച്ചു.

വരും തലമുറയ്ക്ക് ആത്മീയ പ്രചോദനമേകുന്ന വിധത്തിൽ സംഘടിപ്പിക്കപ്പെട്ട ഈ സുവർണ്ണ ജൂബിലി ആഘോഷം അമേരിക്കൻ യാക്കോബായ സമൂഹത്തിന് ഒരിക്കലും മറക്കാനാവാത്ത ആത്മീയ അനുഭവമായി മാറി.

# ശ്രീനാരായണ മിഷൻ സെന്റർ വാഷിങ്ടൺ ഡിസി വിഷു ആഘോഷിച്ചു

വാഷിങ്ടൺ ഡിസി: ശ്രീനാരായണ മിഷൻ സെന്റർ വാഷിങ്ടൺ ഡിസി (എസ്എൻഎംസി)യുടെ ആഭിമുഖ്യത്തിൽ വിഷു 2026 ആഘോഷം ബേഥെസ്ദയിലെ സെവൻ ലോക്ക്സ് എലമെന്ററി സ്കൂളിൽ വിപുലമായി സംഘടിപ്പിച്ചു.

കേരളത്തിന്റെ പാരമ്പര്യവും സാംസ്കാരിക പൈതൃകവും മനോഹരമായി പ്രതിഫലിപ്പിച്ച ഈ ആഘോഷം പങ്കെടുത്ത എല്ലാവർക്കും ഓർമ്മയിൽ ഒരു നിറഞ്ഞ അനുഭവമായി മാറി.

വിഷുക്കണി, വിഷുക്കൈനീട്ടം, സമൃദ്ധമായ പരമ്പരാഗത വിഷുസദ്യ എന്നിവ പരിപാടിയുടെ പ്രധാന ആകർഷണങ്ങളായിരുന്നു. കൂടാതെ നിറപ്പകിട്ടാർന്ന സാംസ്കാരിക പരിപാടികൾ വേദിയെ സമ്പുഷ്ടമാക്കി.

കഴിഞ്ഞ ഏതാനും ആഴ്ചകളായി നടത്തിയ പരിശീലനത്തിന്റെ ഫലമായി 50-ൽപരം കുടുംബാംഗങ്ങൾ അവതരിപ്പിച്ച കലാപരിപാടികൾ ഏറെ ശ്രദ്ധേയമായി. പരിപാടികളുടെ ഉയർന്ന നിലവാരം പ്രേക്ഷകരുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രമായി.



ദീപാർപ്പണവും അതിനുശേഷം മുൻ പ്രസിഡണ്ടുമാരും നിലവിലെ കമ്മിറ്റിയംഗങ്ങളും ചേർന്നു നടത്തിയ നിലവിളക്ക് തെളിക്കലും ചേർന്നാണ് പരിപാടികൾക്ക് തുടക്കമായത്. തുടർന്ന് പാർവതി അഭിലാഷ് ദൈവദശകം മനോഹരമായി ആലപിച്ചു. രാജേന്ദ്ര പ്രസാദ് വിഷു സന്ദേശവും ആശംസയും പങ്കുവെച്ചു. ഗുരുദേവ പ്രാർത്ഥനകൾ പഠിക്കുന്നതിനായി ഈ വർഷം ആരംഭിച്ച ഗുരുഗീതം പ്രാർത്ഥനാസംഘത്തിന്റെ സമൂഹ ഗാനാവതരണം പ്രത്യേക ശ്രദ്ധ നേടി.

സെക്രട്ടറി സജീവ് സദാനന്ദൻ സ്വാഗതപ്രസംഗവും ട്രഷറർ അപ്പുക്കുട്ടി വേണുഗോപാലൻ നന്ദിപ്രസംഗവും നടത്തി. സിദ്ധാർത്ഥ് പ്രേംജിത്, നിവേദിത കാട്ടുപറമ്പിൽ എന്നിവർ പരിപാടിയുടെ അവതാരകരായി ശ്രദ്ധേയമായ രീതിയിൽ പ്രവർത്തിച്ചു.



ഒരുമയും സന്തോഷവും കൂട്ടായ പരിശ്രമവും നിറഞ്ഞ ഇത്തരം നിമിഷങ്ങളാണ് നാം ഏറ്റവും വിലമതിക്കുന്നതെന്ന് പ്രസിഡണ്ട് സന്ദീപ് പണിക്കർ പറഞ്ഞു. നമ്മുടെ കൊച്ചുകേരളത്തിന്റെ സാംസ്കാരിക പൈതൃകവും ഉത്സവങ്ങളുമെല്ലാം കൊണ്ടുവന്ന് ഒരുമയുടെ ആത്മാവ് ശക്തിപ്പെടുത്തുന്നതിൽ എസ്എൻഎംസി പ്രതിബദ്ധമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പരിപാടി വിജയകരമാക്കാൻ സഹായിച്ച എല്ലാ അംഗങ്ങൾക്കും അദ്ദേഹം നന്ദി രേഖപ്പെടുത്തി.

കേരളീയരുടെ പ്രിയപ്പെട്ട ഉത്സവങ്ങളിൽ ഒന്നായ വിഷു സമൃദ്ധിയുടെയും പുതുവർഷത്തിന്റെ തുടക്കത്തിന്റെയും പ്രതീകമാണ്.

വിഷുക്കണി കാണുന്നത് വിഷുക്കൈനീട്ടം നല്കുന്നതും കുടുംബബന്ധങ്ങൾ കൂടുതൽ ദൃഢമാക്കുകയും സന്തോഷവും ഐക്യവും വർദ്ധിപ്പിക്കുകയും ചെയ്യുന്ന സവിശേഷ ആചാരങ്ങളായി കരുതപ്പെടുന്നു. ആഘോഷത്തിൽ പങ്കെടുത്ത എല്ലാ കുടുംബങ്ങൾക്കും ഇത് മറക്കാനാവാത്ത വേറിട്ട അനുഭവമായി മാറി.






കേരളാ എക്സ്പ്രസ് KERALA EXPRESS

വഴിവിളക്കുകൾ 8

# ക്രിസ്റ്റീന



ആൻസി സിറിയക് ഇലക്കാട്ട്

കാർമ്മോത്സുകത സടകുടഞ്ഞ് എഴുന്നേറ്റ ഒരു ഉച്ചനേരം. കാലങ്ങളായി അവഗണിക്കപ്പെട്ട ഒരു അലമാര, അതിദയനീയമായി എന്നെ നോക്കുന്നതുപോലെ. അടുക്കിപ്പെറുക്കിന്റെ ആത്മാവ് യാത്രയാകുന്നതിന് മുമ്പ് അലമാരി വൃത്തിയാക്കണം. വല്ലപ്പോഴും മാത്രം അനുഭവപ്പെടുന്ന ഇത്തരം ഉൾവിളികളെ കേൾക്കാതിരിക്കുന്നത് ശരിയല്ലല്ലോ. സ്വയം പ്രേരിത വ്യഗ്രതകൾ കൊണ്ട് മാത്രം ചെയ്യാൻ സാധിക്കുന്ന അനേകായിരം കാര്യങ്ങളിൽ ഒന്ന് കുഞ്ഞ് ഉണരുന്നതിന് മുമ്പ് ചെയ്തു തീർക്കണം. വർധിതവീര്യത്തോടെ അലമാര തുറന്നപ്പോൾ ആദ്യം കൈയിൽ തടഞ്ഞത് പഴയ കമ്മലുകളൊക്കെ സൂക്ഷിച്ചിരുന്ന ഒരു പാത്രമാണ്. പാത്രം തുറന്നപ്പോൾ കണ്ണുടക്കിയത് നീലക്കല്ല് പതിച്ച ഒരു വെള്ളി കമ്മലിലാണ്.

ആ നീലക്കല്ലുപോലെ തിളങ്ങുന്ന കണ്ണുകൾ ഉള്ള ക്രിസ്റ്റീന. അവരാണ് എനിക്ക് ആ കമ്മൽ സമ്മാനിച്ചത്. കമ്മലുകളും മാലകളും ഒന്നും അടിക്കടി മാറുന്ന ശീലം ഇല്ലാത്തതുകൊണ്ട് ആ കമ്മൽ കേടുപാടുകൾ ഒന്നും കൂടാതെ ഇപ്പോഴും എന്റെ കൈയിൽ ഭദ്രമായി ഉണ്ട്. ഇരുപതിലേറെ വർഷമായി കാണണം, ആ കമ്മൽ എന്റെ കൈയിൽ എത്തിയിട്ട്.

ബാല്യകാലം മനസ്സിൽ കോറിയ ഏറ്റവും മിഴിവേറിയ ചിത്രങ്ങളിൽ ഒന്നാണ് ക്രിസ്റ്റീനയുടേത്. എന്റെ അച്ചാച്ചന്റെ സഹോദരി, സിസ്റ്റർ അനിജ കുറെ വർഷങ്ങൾ ജർമ്മനിയിൽ നേഴ്സ് ആയി ജോലി ചെയ്തിരുന്നു. അനിജ ആന്റിയുടെ സഹപ്രവർത്തകയും വളരെ അടുത്ത സുഹൃത്തും ആയിരുന്നു ജർമ്മൻകാരിയായ ക്രിസ്റ്റീന. ജർമ്മനിയിലെ സേവന കാലാവധി പൂർത്തിയാക്കി തിരിച്ചു നാട്ടിൽ വന്ന അനിജ ആന്റിയെ കാണാനാണ് ക്രിസ്റ്റീന ആദ്യമായി ഇന്ത്യയിൽ എത്തിയത്. അങ്ങനെയാണ് അവർ ഞങ്ങളുടെ വീട്ടിലും എത്തിയത്. വിദേശികളായ മനുഷ്യരെ അതിനു മുമ്പ് ഇത്ര അടുത്ത് കണ്ടിട്ടുണ്ടെന്ന് തന്നെ എനിക്ക് തോന്നുന്നില്ല. മറ്റേതോ ലോകത്തെയും സംസ്കാരത്തെയും ഞങ്ങളിലേക്ക് എത്തിച്ച ക്രിസ്റ്റീന കൗതുകത്തിന്റെയും ആഹ്ലാദത്തിന്റെയും മാലപ്പടക്കങ്ങൾ ആയിരുന്നു ഞങ്ങൾ കുട്ടികൾക്ക് സമ്മാനിച്ചത്.

അവരുടെ ആ തിളങ്ങുന്ന നീല കണ്ണുകളാണ് ഞാൻ ആദ്യം ശ്രദ്ധിച്ചത്. കൊലുന്നനെയുള്ള ശരീരപ്രകൃതി. നീണ്ട മുഖം. ചുവപ്പ് കലർന്ന വെളുത്ത നിറം. മുന്നിലേക്ക് വെട്ടിയിട്ടിരിക്കുന്ന ചെമ്പൻ നിറമുള്ള കോലൻ തലമുടി. അവരുടെ വിശാലമായ നെറ്റിയെ മറച്ചിരുന്ന ആ മുടിയിഴകൾ, അവർ സംസാരിക്കുമ്പോൾ ഏതോ പാശ്ചാത്യ സംഗീതത്തിന്റെ താളങ്ങൾ സൃഷ്ടിച്ചു. ഞങ്ങൾക്ക് ജർമ്മനും ക്രിസ്റ്റീനയ്ക്ക് മലയാളവും അറിയില്ലാതിരുന്നതുകൊണ്ട് ഞങ്ങൾ തമ്മിൽ നേരിട്ട് കാര്യമായ സംഭാഷണങ്ങൾ ഉണ്ടായില്ല. അനിജ ആന്റി പരിഭാഷകയായി നിന്ന് അത്യാവശ്യം ചില കാര്യങ്ങൾ ഞങ്ങൾ സംസാരിച്ചു. വാക്കുകൾ പതുങ്ങി മാറിനിന്നുവെങ്കിലും കണ്ണുകളും കൈകളും ഒക്കെ കാര്യമായി സംസാരിച്ചു. അവരുടെ ഒരു മൂളൽപോലും ഞങ്ങളെ സംബന്ധിച്ചിടത്തോളം നവ്യാനുഭൂതിയായിരുന്നു. ഇന്ത്യയും കേരളവും ഒക്കെ നന്നായി ഇഷ്ടപ്പെട്ടു എന്നും, ഇനി എല്ലാ വർഷവും കേരളത്തിൽ വരുമെന്നും ക്രിസ്റ്റീന പറഞ്ഞെങ്കിലും ഞങ്ങൾ ആരും അത് കാര്യമായി എടുത്തില്ല. പക്ഷേ, ക്രിസ്റ്റീന വാക്കു പാലിച്ചു. പിന്നീട് എല്ലാ വർഷവും അവർ കൃത്യമായി കേരളത്തിൽ എത്തി. പലപ്പോഴും ഞങ്ങളുടെ വീട്ടിലും. ആദ്യകാഴ്ചയിൽ പാശ്ചാത്യ വേഷത്തിൽ ആയിരുന്നു ക്രിസ്റ്റീന എങ്കിലും, പിന്നത്തെ ഒന്ന് രണ്ട് വരവുകളിൽ സൽവാർ കമ്മീസ് ആയി മാറി അവരുടെ വേഷം. പിന്നീട് ഒരു വർഷം ഒരു ഓണക്കാലത്താണ് ക്രിസ്റ്റീന നാട്ടിലെത്തിയത്. അന്ന് അവരെ കണ്ട് ഞാൻ ശരിക്കും അമ്പരന്നു. കേരള സാരി, തലയിൽ മുല്ലപ്പൂമാല, ഇരു കൈകളിലും കുപ്പിവള, കൈവെള്ളയിൽ മൈലാഞ്ചി, നെറ്റിയിൽ ചുവന്ന വട്ടപ്പൊട്ട്- ഈ നാടിനെയും ഇതിന്റെ സംസ്കാരത്തെയും ആ യൂറോപ്യൻ വനിത മനസ്സിൽ ഏറ്റുവാങ്ങുകയായിരുന്നു. ഇവിടുത്തെ കാറ്റിനെയും കടലിനെയും കായലോളങ്ങളെയും ആന സവാരിയെയും ഒക്കെ വല്ലാതെ ഇഷ്ടപ്പെട്ട ക്രിസ്റ്റീന, മനസ്സുകൊണ്ട് ഒരു പാതി മലയാളി ആയിക്കഴിഞ്ഞിരുന്നു. മലയാളത്തിൽ ഏതാനും ചില വാക്കുകൾ ഒഴിച്ച് മറ്റൊന്നും അവരുടെ നാവിന് വഴങ്ങിയില്ലെങ്കിലും ആ നാലോ അഞ്ചോ വാക്കുകളെ ഒരു അമൂല്യനിധി പോലെ അവർ കരുതി. അന്ന് ഞങ്ങളുടെ എല്ലാം ഒപ്പം ഇരുന്ന്- അവിയലും സാമ്പാറും തോരനും പപ്പടവും ഒക്കെ കൂട്ടി വാഴയിലയിൽ ഓണസദ്യ ഉണ്ട്, പായസവും കുടിച്ചാണ് അവർ മടങ്ങിയത്. ബാംഗ്ലൂർ ഡേയ്സ് സിനിമയിലെ പാരിസ് ലക്ഷ്മിയെ കാണുമ്പോൾ എല്ലാം ഞാൻ ക്രിസ്റ്റീനയെയാണ് ഓർമ്മിക്കുക. അവിവാഹിതയായിരുന്ന ക്രിസ്റ്റീനയുടെ യഥാർത്ഥ പ്രായം എത്രയായിരുന്നു എന്ന് എനിക്കറിയില്ല. എന്റെ മനസ്സിൽ എപ്പോഴും അവർക്ക് 30 -35 വയസ്സാണ് പ്രായം.

കേരളത്തെയും ഞങ്ങളെയും ഒക്കെ ഏറെ സ്നേഹിച്ച ക്രിസ്റ്റീന, ഓരോ പ്രാവശ്യം ജർമ്മനിക്ക് മടങ്ങുമ്പോഴും അടുത്ത വർഷം കാണാം എന്ന ഉറപ്പ് ഞങ്ങൾക്ക് തന്നിരുന്നു. ജർമ്മനിയിൽ വളരെ സാധാരണമായ നിലയിൽ ജീവിച്ച അവർ, ഒരു വർഷത്തെ ജോലിയിൽനിന്നും മിച്ചം പിടിക്കുന്ന പൈസ വെച്ചാണ് ഓരോ വർഷവും ഒരു മാസത്തെ അവധിക്ക് കേരളത്തിൽ വന്നിരുന്നത് എന്ന് പിന്നീട് അനിജ ആന്റി പറഞ്ഞാണ് അറിഞ്ഞത്. ഞങ്ങളുടെയൊക്കെ മനസ്സിൽ അന്നുണ്ടായിരുന്ന ധാരണ എല്ലാ സായിപ്പന്മാരും മദാമ്മമാരും അതിസമ്പരാണെന്നായിരുന്നു. ക്രിസ്റ്റീന കൊണ്ടുവന്നിരുന്ന ജർമ്മൻ ചോക്ലേറ്റുകൾ ഞങ്ങളുടെ കുട്ടിക്കാലത്തിന് എന്തു മധുരമാണ് സമ്മാനിച്ചത്.

ക്രിസ്റ്റീന അവരുടെ ഏതോ ഒരു വരവിൽ എനിക്ക് തന്ന കമ്മലുകളിൽ ഒന്നായിരുന്നു ആ നീലക്കല്ല് പതിപ്പിച്ച വെള്ളിക്കമ്മൽ. കമ്മലുകളോട് വലിയ കമ്പം ഒന്നുമില്ലായിരുന്നെങ്കിലും ക്രിസ്റ്റീനയോടുള്ള സ്നേഹത്തെ പ്രതി ഇക്കാലം അത്രയും ഞാൻ ആ കമ്മൽ സൂക്ഷിച്ചു. പതുക്കെ പതുക്കെ ക്രിസ്റ്റീനയുടെ വരവിന്റെ ഇടവേള കൂടി. രണ്ടു വർഷമോ മൂന്നു വർഷമോ കൂടുമ്പോൾ അവർ വരും. ഒന്നോ രണ്ടോ ആഴ്ചകൾക്കു ശേഷം മടങ്ങും. ഒന്ന് രണ്ട് തവണകൂടി അവർ വീട്ടിൽ വന്നിട്ടുണ്ടാവും. പിന്നീട് ക്രിസ്റ്റീന വരാതെയായി. അനിജ ആന്റിയോട് ചോദിച്ചപ്പോൾ അവർക്ക് അസുഖമാണെന്നും യാത്ര ബുദ്ധിമുട്ടാണെന്നും അറിയിച്ചെന്നും, അസുഖം കുറയുന്ന മുറയ്ക്ക് അവർ വീണ്ടും വരുമെന്നും, ഞങ്ങളെയൊക്കെ കാണുമെന്നും പറഞ്ഞു. പക്ഷേ, പിന്നീട് ഒരിക്കലും ക്രിസ്റ്റീന വന്നില്ല. അവർക്ക് ക്യാൻസർ ആയിരുന്നുവെന്നും കുറെ നാളത്തെ ചികിത്സകൾക്കു ശേഷം അവർ മരിച്ചുവെന്നും അവരുടെ സഹോദരി അറിയിച്ച കാര്യം പിന്നീട് എപ്പോഴോ അനിജയാന്റി പറഞ്ഞു.

ഞങ്ങൾക്ക് തീർത്തും അപരിചിതമായ ഒരു ലോകത്തിന്റെയും സംസ്കാരത്തിന്റെയും ആദ്യാനുഭവമായി മുന്നിലവതരിച്ച, നീലക്കണ്ണുകൾ ഉള്ള, ചെമ്പൻ മുടിക്കാരിയായ ആ സ്ത്രീയുടെ മരണവാർത്ത വല്ലാത്ത ഒരുതരം ശൂന്യതയും നിരാശാ ബോധവും ആണ് എന്നിൽ സൃഷ്ടിച്ചത്. ലോകത്തിന്റെ മറ്റേതോ ഒരു കോണിൽ, ഏതോ ഗ്രാമത്തിൽ അവർ ഇപ്പോഴും ഉണ്ടാവുമെന്ന് മനസ്സ് വെറുതെ ആശ്വസിക്കാൻ ശ്രമിച്ചു. ഇനിയൊരു ഓണക്കാലത്ത് സെറ്റ് സാരിയുടുത്ത്, മുല്ലപ്പൂവും വെച്ച് ഓണസദ്യ ഉണ്ണാൻ അവർ വന്നാലോ!!!

---

**(ആൻസി സിറിയക് ഇലക്കാട്ട് (കോട്ടയം ബിസിഎം കോളജ് ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക) രചിച്ച്, മഷിക്കൂട്ട് പബ്ലീഷേഴ്സ് പ്രസിദ്ധീകരിച്ച, നാട്ടുവഴിയിലെ വിളക്കുമരങ്ങൾ എന്ന പുസ്തകത്തിൽ നിന്ന്)**

# 55–ാം വയസിൽ 138 ഡിഗ്രികൾ; ദശരഥ് സിങ് പഠനം തുടരുന്നു

ന്യൂഡൽഹി: നമ്മളിൽ പലരും ഒരിക്കൽ വിദ്യാഭ്യാസം പൂർത്തിയാക്കി ജീവിതത്തിൽ മുന്നേറുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കാനാണ് ശ്രമിക്കുന്നത്. എന്നാൽ രാജസ്ഥാനിൽനിന്നുള്ള മുൻ സൈനികന്റെ കഥ വ്യത്യസ്തമാണ്.

വിദ്യാഭ്യാസത്തെ ഒറ്റത്തവണ ഘട്ടമായി കണക്കാക്കാതെ, ഒരിക്കലും നിലയ്ക്കാത്ത ജീവിതത്തിന്റെ തുടർച്ചയായ ഭാഗമായി കണക്കാക്കിയ അദ്ദേഹം അപൂർവ നേട്ടങ്ങൾ സ്വന്തമാക്കുന്നതിന്റെ തിരക്കിലാണ്. ജുൻജുനു ജില്ലയിലെ ദശരഥ് സിങ്ങിന്റെ ജീവിതമാണിത്. അദ്ദേഹത്തിന്റെ വിദ്യാഭ്യാസ പാത ദീർഘവും സ്ഥിരതയുള്ളതുമാണ്, സൈനിക ദിനങ്ങൾ മുതൽ വിരമിക്കലിനു ശേഷമുള്ള ജീവിതംവരെ അത് തുടരുന്നു. നവാൽഗഡ് തെഹ്സിലിലെ ഖിരോദ് ഗ്രാമത്തിൽനിന്നുള്ളയാളാണ് ദശരഥ് സിങ്. മുൻ തലമുറകളിൽ ഔപചാരിക വിദ്യാഭ്യാസം സാധാരണമല്ലാതിരുന്ന ഒരു കർഷക കുടുംബത്തിൽനിന്നാണ് അദ്ദേഹം വരുന്നത്. "എന്റെ കുടുംബത്തിൽ വിദ്യാഭ്യാസ പശ്ചാത്തലം ഇല്ലാതിരുന്നിട്ടും, ഞാൻ ഒരു ചെറിയ ഗ്രാമീണ സ്കൂളിലാണ് പഠനം ആരംഭിച്ചത്. ഒരു സർക്കാർ സ്കൂളിൽനിന്നു 10–ാം ക്ലാസ് പൂർത്തിയാക്കിയ ശേഷം, സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം കോളജ് വിദ്യാഭ്യാസം നേടുക എന്നത് വിദൂര സ്വപ്നമായി തോന്നി" സിങ് പറയുന്നു. തുടർവിദ്യാഭ്യാസം നേടുന്നതിൽ അദ്ദേഹം, കനത്ത വെല്ലുവിളിയാണു നേരിട്ടത്. 1988–ൽ, സിങ് സൈന്യത്തിൽചേർന്നു. പഞ്ചാബ്, ജമ്മു കശ്മീർ എന്നിവയുൾപ്പെടെ വിവിധ പ്രദേശങ്ങളിൽ ഏകദേശം 16 വർഷം സേവനമനുഷ്ഠിക്കുകയും ചെയ്തു. സേവനത്തിനിടയിലും വിദ്യാഭ്യാസം അദ്ദേഹത്തിന്റെ മനസിൽ തുടർന്നു. സേവനത്തിനിടയിലെ പരിമിതമായ ഒഴിവു സമയം പഠനവുമായി ബന്ധം നിലനിർത്താൻ അദ്ദേഹം ഉപയോഗിച്ചു. 2004 -ൽ സർവീസിൽനിന്നു വിരമിച്ചശേഷം, സിങ് പൂർണമായും വിദ്യാഭ്യാസത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. വിവിധ സ്ഥാപനങ്ങളിൽനിന്നു റെഗുലർ പഠനത്തിലൂടെയും വിദൂരവിദ്യാഭ്യാസത്തിലൂടെയും അദ്ദേഹം യോഗ്യതകൾ ഒന്നിനു പുറകെ ഒന്നായി കൂട്ടിച്ചേർത്തു.



"ഞാൻ ആദ്യം കൊമേഴ്സ് ബിരുദം നേടി, തുടർന്ന് എൽ.എൽ.ബി, എൽ.എൽ.എം, ബി.ജെ.എം.സി, ബി.എഡ് എന്നിവ റെഗുലർ വിദ്യാർത്ഥിയായി നേടി. അതേസമയം ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ സർവകലാശാല, ജെയിൻ വിശ്വഭാരതി ഇൻസ്റ്റിറ്റ്യൂട്ട്, സ്വകാര്യ സർവകലാശാലകൾ എന്നിവയിലൂടെ മറ്റ് യോഗ്യതകൾ നേടി. കാലക്രമേണ, അദ്ദേഹത്തിന്റെ അക്കാദമിക് നേട്ടങ്ങളുടെ പട്ടിക ഗണ്യമായി വികസിച്ചു.

മൂന്ന് പി.എച്ച്ഡികൾ, ഏഴ് ബിരുദ ബിരുദങ്ങൾ, 46 ബിരുദാനന്തര ബിരുദങ്ങൾ, 23 ഡിപ്ലോമകൾ, സൈനിക പഠനവുമായി ബന്ധപ്പെട്ട ഏഴ് ബിരുദങ്ങൾ, വിവിധ മേഖലകളിലായി 52 സർട്ടിഫിക്കറ്റുകൾ എന്നിവ അദ്ദേഹം പൂർത്തിയാക്കിയിട്ടുണ്ട്. ഇഗ്നോയിൽ നിന്ന് വേദപഠനത്തിൽ നേടിയ ബിരുദാനന്തര ബിരുദമാണ് അദ്ദേഹത്തിന്റെ ഏറ്റവും പുതിയ യോഗ്യത. അവിടെയും അദ്ദേഹം മികച്ച പ്രകടനം കാഴ്ചവെച്ചു.

തന്റെ അക്കാദമിക് നേട്ടങ്ങൾക്ക് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നു അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും സിങ് പറയുന്നു. ഇന്ത്യ ബുക്ക് ഓഫ് റെക്കോഡ്സ്, ഗോൾഡൻ ബുക്ക് ഓഫ് റെക്കോഡ്സ്, ഏഷ്യ ബുക്ക് ഓഫ് റെക്കോഡ്സ്, ഇന്റർനാഷണൽ ബുക്ക് ഓഫ് റെക്കോഡ്സ് എന്നിവയുൾപ്പെടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് 11 ലോക റെക്കോഡുകൾ അദ്ദേഹത്തിനുണ്ട്. നിയമരംഗത്തെ രണ്ടാമത്തെ കരിയർ സിങ്ങിനെ സംബന്ധിച്ചിടത്തോളം, വിദ്യാഭ്യാസം അക്കാദമിക് വളർച്ചയെ മാത്രമല്ല, സൈനിക സേവനത്തിനുശേഷം പ്രഫഷണൽ പങ്ക് കെട്ടിപ്പടുക്കുന്നതിനെയും കുറിച്ചായിരുന്നു. "വിരമിച്ച ശേഷം, സൈനികരുടെ ക്ഷേമത്തിനായി സംഭാവന ചെയ്യേണ്ടതിന്റെ ആവശ്യകത എനിക്ക് തോന്നി. ഞാൻ നിയമ ബിരുദം നേടി പ്രാക്ടീസ് ആരംഭിച്ചു, വിരമിച്ചതുമായ ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നു" – സിങ് വിശദീകരിക്കുന്നു.

# പാചകവാതക ക്ഷാമവും വിലക്കയറ്റവും: ടൂറിസം, ഹോട്ടൽ മേഖല തകർച്ചയിൽ

കോട്ടയം: പശ്ചിമേഷ്യൻ മേഖലയിലെ യുദ്ധവും പാചകവാതകക്ഷാമവും ചേർന്ന് ജില്ലയിലെ ടൂറിസം, റസ്റ്ററന്റ് മേഖലയെ വിഷുക്കാലത്ത് തള്ളിവിട്ടത് നിലയില്ലാക്കയത്തിലേക്ക്. പിടിച്ചുനിൽക്കാനാകാതെ പലരും സംരംഭം നിർത്തിയപ്പോൾ മറ്റു പലരും കനത്ത നഷ്ടം സഹിച്ചും തുടരുകയാണ്.

ഭക്ഷണശാലകൾക്ക് പ്രവർത്തിക്കുന്നതിന് ആവശ്യമായ പാചകവാതകം ഇപ്പോൾ ലഭിക്കുന്നില്ല. അതിനാൽത്തന്നെ കരിഞ്ചന്തയെ ആശ്രയിക്കുകയാണ് പലരും. വാണിജ്യ സിലിണ്ടറിന് ഇപ്പോൾ തീവിലയാണ്. പച്ചക്കറി, മീൻ തുടങ്ങിയവയ്ക്കും വില കയറി. ഭക്ഷണം കൊടുക്കാൻ വഴിയില്ലാത്തതിനാൽ ഹൗസ്ബോട്ടുകൾ അവധിക്കാല ട്രിപ്പുകൾ ഒഴിവാക്കിത്തുടങ്ങി. അടുത്ത ഒരു വർഷത്തേക്കുള്ള ഉപജീവന മാർഗം ടൂറിസം മേഖല പ്രധാനമായും കണ്ടെത്തുന്നത് ഈ അവധിക്കാലത്താണ്. അതാണ് ഇപ്പോൾ പ്രതിസന്ധിയിലായിരിക്കുന്നത്.

പാചകവാതക ക്ഷാമം കാരണം ഭക്ഷണം കൊടുക്കാൻ വഴിയില്ലാത്തതിനാൽ ഹോട്ടലുകളും ഇവന്റ് മാനേജ്മെന്റ് കമ്പനികളും വിഷു സദ്യയിലടക്കം മെനു വെട്ടിക്കുറച്ചു. വിവാഹം അടക്കമുള്ള ആഘോഷങ്ങളിൽ പുതിയ ബുക്കിങ്ങുകൾ സ്വീകരിക്കുന്നതിനും മടിച്ചു തുടങ്ങി. ബുക്കിങ് സ്വീകരിക്കുന്നവരാകട്ടെ അതിലും മെനു വെട്ടിക്കുറച്ചു. മലയോര മേഖലയിലെ റസ്റ്ററന്റുകളിലും സമാന സ്ഥിതിയാണ്.

ഡിസംബർ, ജനുവരി, ഫെബ്രുവരി മാസത്തിലെ ഉപയോഗത്തിന്റെ ശരാശരി കണക്കാക്കി അതിന്റെ 62 ശതമാനം എന്ന തോതിലാണ് ഇപ്പോൾ പാചകവാതകം ഹോട്ടലുകൾക്കും റസ്റ്ററന്റുകൾക്കും കിട്ടുന്നത്. കേരള ഹോട്ടൽ ആൻഡ് റസ്റ്ററന്റ് അസോസിയേഷന്റെ ഇടപെടലിലൂടെയാണ് അത്രയെങ്കിലും കിട്ടുന്നതെന്നും അവശ്യ സേവനത്തിനായി സർക്കാർ ഇടപെടണമെന്നും സംസ്ഥാന സെക്രട്ടറി എൻ. പ്രതീഷ് പറഞ്ഞു.

'കരിമീൻ പൊള്ളിച്ചതും ഊണും കഴിച്ച് കായലിൽ ഒരു യാത്ര' – കുമരകത്ത് എത്തുന്ന വിനോദസഞ്ചാരികൾക്ക് മുൻപിൽ ഹൗസ്ബോട്ടുകൾ വെച്ചിരുന്ന ആ പ്രധാന ആകർഷണം ഇപ്പോഴില്ല. പാചകവാതകം കിട്ടാതായതോടെ യാത്ര മാത്രമാക്കി പലരും പ്ലാൻ ചുരുക്കി.

തെരഞ്ഞെടുപ്പിനും നാട്ടിലെ ആഘോഷങ്ങൾക്കുമായി മടങ്ങിയ അതിഥിത്തൊഴിലാളികളിൽ ഭൂരിപക്ഷവും തിരിച്ചുവരാത്തത് മേഖലയുടെ പ്രതിസന്ധിയുടെ ആഴം കൂട്ടി. ഹോട്ടലുകൾ, ഹൗസ്ബോട്ടുകൾ എന്നിവയിലെ പ്രധാന പണിക്കാർ ഇവരാണ്. പ്രതീക്ഷിച്ച സമയത്ത് ഇവർ തിരിച്ചെത്താതായതോടെ നടത്തിപ്പുകാരും കുടുംബാംഗങ്ങളും പലയിടത്തും അടുക്കളയിൽ കയറി. വിറകടുപ്പ് ഉപയോഗിച്ച് ശീലമില്ലാത്തതും ചൂടും പുകയും സഹിക്കേണ്ടി വരുന്നതും പിന്മാറ്റത്തിന് കാരണമായി ഹോട്ടലുടമകൾ പറയുന്നു. ഉത്തരേന്ത്യൻ ഗ്രാമങ്ങളിലെ ജീവിതസാഹചര്യം മെച്ചപ്പെട്ടെന്നും തിരിച്ചുവരുന്നവരുടെ എണ്ണം കുറയുമെന്നും ഹോട്ടൽ ആൻഡ് റസ്റ്ററന്റ് അസോസിയേഷൻ പറയുന്നു.

വ്യാവസായിക ആവശ്യത്തിനുള്ള പാചകവാതക ക്ഷാമം രൂക്ഷമാക്കുന്നതിന് പിന്നിൽ വിതരണ കമ്പനികളുടെ ഇടപെടലെന്ന ആരോപണവുമായി വിതരണ ഏജൻസികൾ. കമ്പനികളിൽ നിന്ന് കിട്ടുന്ന സിലിണ്ടറുകൾ ഉപയോക്താക്കൾക്ക് നൽകുകയാണ് ഏജൻസികൾ ചെയ്യുന്നത്.

മുൻപ് ബുക്കിൽ എഴുതുകയോ അല്ലെങ്കിൽ ഒടിപി വഴിയോ ആയിരുന്നു സിലിണ്ടർ ഡെലിവറി ഉറപ്പാക്കിയിരുന്നത്. ഇപ്പോൾ അത് ഒടിപി വഴി മാത്രമാക്കി. സാങ്കേതിക കാരണങ്ങളാൽ ഒടിപി പലപ്പോഴും കിട്ടുന്നുമില്ല. ഇത് ഏജൻസികളും ഉപയോക്താക്കളും തമ്മിലുള്ള തർക്കത്തിന് കാരണമാകുന്നുണ്ട്. ബുക്കിങ് പലപ്പോഴും പരാജയപ്പെടുന്നതും മസ്റ്ററിങ് നിർബന്ധമാക്കിയതും യുദ്ധ പശ്ചാത്തലത്തിൽ കമ്പനികൾ മുതലെടുക്കുകയാണെന്നാണ് ആരോപണം.

# റിസർവ് സീറ്റ് ഉപയോഗം: പരശുറാം എക്സ്പ്രസ് ഇന്ത്യയിൽ ഒന്നാമത്

തിരുവനന്തപുരം: ഇന്ത്യയിൽ ഏറ്റവും കൂടുതൽ ഒക്യുപെൻസിയുള്ള (റിസർവ് ചെയ്യുന്ന സീറ്റുകളുടെ ഉപയോഗ നിരക്ക്) എക്സ്പ്രസ് ട്രെയിനുകളിൽ ആദ്യ പത്തിൽ എട്ടും കേരളത്തിലോടുന്നവ. 267.67 ശതമാനം ഒക്യുപെൻസിയുള്ള കന്യാകുമാരി-മംഗളൂരു പരശുറാം എക്സ്പ്രസാണ് ഇന്ത്യയിൽ ഒന്നാമത്. കന്യാകുമാരിയിൽനിന്നു മംഗളൂരുവിലേക്കുള്ള യാത്രയ്ക്കിടയിൽ ഈ ട്രെയിനിലെ റിസർവ്ഡ് സീറ്റിൽ നാല് പേർ വരെ മാറി മാറി യാത്ര ചെയ്യുന്നുവെന്നാണു കണക്ക്. മംഗളൂരു-കന്യാകുമാരി പരശുറാം, തിരുവനന്തപുരം-ന്യൂഡൽഹി കേരള, കന്യാകുമാരി-കത്ര ഹിമസാഗർ, എറണാകുളം-ഓഖ, ഗാന്ധിധാം-നാഗർകോവിൽ ഉൾപ്പെടെ ദക്ഷിണ റെയിൽവേയുടെ ആറ് ട്രെയിനുകൾ ആദ്യ പത്തിലുണ്ട്. ഇന്ത്യയിലെ ഏറ്റവും കൂടുതൽ ഒക്യുപെൻസിയുള്ള 10 വന്ദേഭാരതുകളിൽ നാലെണ്ണം കേരളത്തിലാണ്. തിരുവനന്തപുരം-മംഗളൂരു വന്ദേഭാരത് ആണ് (187.78 ശതമാനം) ഒന്നാമത്. വാരാണസി-മീററ്റ് (181.53 ശതമാനം), മംഗളൂരു-തിരുവനന്തപുരം (173.33 ശതമാനം), കാസർഗോഡ്-തിരുവനന്തപുരം (172.87 ശതമാനം), മീററ്റ്-വാരാണസി (172.16 ശതമാനം), പട്ന-ഗോമതി നഗർ (163.08 ശതമാനം), തിരുവനന്തപുരം-കാസർഗോട് (159.36 ശതമാനം), അജ്മേർ-ചണ്ഡിഗഡ് (158.21 ശതമാനം), ഡൽഹി-ജോധ്പൂർ (156.69 ശതമാനം), ഗോമതി നഗർ-പട്ന (155.97 ശതമാനം) എന്നിവയാണ് രണ്ട് മുതൽ പത്ത് വരെ സ്ഥാനങ്ങളിലുള്ള വന്ദേഭാരത് ട്രെയിനുകൾ.

# ഡാളസ് ഇടവകയിൽ പതിമൂന്ന് കുട്ടികൾ അൾത്താര ശുശ്രൂഷയിലേക്ക്

**ജോക്കുട്ടി മേലേടത്ത്**

ഡാളസ്: ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ ഇടവകയിൽ പതിമ ൂന്ന് കുട്ടികൾ അൾത്താര ശുശ്രൂഷയിലേക്ക് പ്രവേശിക്കുന്നു. നിരന്തരമായ പരിശീലനത്തിലൂടെ ആത്മീയമായി ഒരുക്കിയാണ് കുട്ടികളെ ഈ ശുശ്രൂഷയിലേക്ക് പ്രവേശിപ്പിക്കുന്നത്. എയ്ഡൻ കളരിക്കൽ, ജെയ്മി കുഴിപ്പിൽ, എയ്ഡൻ കടവിൽ, ക്രിസ്റ്റഫർ പോട്ടൂർ, ഐസക് ചാമക്കാല, എയ്ഡൻ പുതുക്കാട്ട്, നോയൽ പച്ചിക്കര, എയ്ഡൻ പൗവത്തേൽ, ജോൺ പഴയിടത്ത്, സേവ്യർ വില്ലൂത്തറ, ഐസയ അത്തിമറ്റത്തിൽ, എമ്മാനുവേൽ വില്ലൂത്തറ, നിയൽ ചെമ്മാച്ചേൽ എന്നിവരാണ് ശുശ്രൂഷയ്ക്കായ് പരിശീലനം പൂർത്തിയാക്കിയത്. തിരുക്കർമ്മങ്ങൾ ഞായറാഴ്ച രാവിലെ 9.30-ന് മാതാപിതാക്കളുമൊന്നിച്ചുള്ള പ്രദക്ഷിണത്തോടെ നടത്തി. ഇവരെ പ്രത്യേകം പ്രാർത്ഥിച്ച് ഒരുക്കിയ മാതാപിതാക്കളെ വികാരി ഫാ. ബിൻസ് ചേത്തലിൽ അഭിനന്ദിച്ചു.




# ഹൂസ്റ്റൺ ക്നാനായ കാത്തലിക് സൊസൈറ്റി കേരള ഹൈക്കോടതി വിധിയിൽ ആശങ്ക പ്രകടിപ്പിച്ചു

**സാജൻ കണ്ണാലിൽ**

ഹൂസ്റ്റൺ: ഹൂസ്റ്റൺ ക്നാനായ കാത്തലിക് സൊസൈറ്റി (കെസിഎസ്) കേരള ഹൈക്കോടതി വിധിയെക്കുറിച്ച് ചർച്ചായോഗം സംഘടിപ്പിച്ചു. ക്നാനായ സമൂഹത്തിന്റെ എൻഡോഗമിയുടെ നിലനില്പിനെയും ദീർഘകാലമായി പാലിച്ചുവരുന്ന പാരമ്പര്യങ്ങളെയും ബാധിക്കുന്ന കേരള ഹൈക്കോടതിയുടെ പുതിയ വിധിയെ തുടർന്നുണ്ടായ ആശങ്കകൾ ചർച്ച ചെയ്യുന്നതിനായിരുന്നു ഹൂസ്റ്റൺ കമ്യൂണിറ്റി സെന്ററിൽ ഈ യോഗം നടത്തിയത്.



നൂറുകണക്കിന് സമുദായാംഗങ്ങൾ പങ്കെടുത്ത യേഗത്തിൽ പങ്കെടുത്തവർ തുറന്ന സംവാദത്തിൽ ഏർപ്പെട്ടു. പ്രസ്തുത വിധി തങ്ങളുടെ സാംസ്കാരികവും മതപരവുമായ വ്യക്തിത്വത്തിൽ ഉണ്ടാക്കുന്ന സ്വാധീനങ്ങളെക്കുറിച്ച് ഏവരും ശക്തവും സൃഷ്ടിപരവുമായ അഭിപ്രായങ്ങളും പങ്കുവെച്ചു.

ഹൂസ്റ്റൺ കെ.സി.എസ് പ്രസിഡണ്ട് സാബു മുളയാനിക്കുന്നേൽ എക്സിക്യൂട്ടീവ് ടീമിനൊപ്പം യോഗത്തിന് നേതൃത്വം നല്കി. സമുദായാംഗങ്ങൾ തങ്ങളുടെ പാരമ്പര്യവും ആചാരങ്ങളും സംരക്ഷിക്കാനുള്ള പ്രതിബദ്ധത പ്രകടിപ്പിച്ചു.

ഭാവി തലമുറകൾക്കായി ക്നാനായ മക്കളുടെ തനിമയും പാരമ്പര്യവും സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം ഏവരും അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധം ചൂണ്ടിക്കാട്ടി.

സംഘടനയുടെ അടിസ്ഥാന മൂല്യങ്ങൾ നിലനിർത്തുന്നതിൽ ഹൂസ്റ്റൺ കെ.സി.എസ് പ്രതിജ്ഞാബദ്ധമാണെന്ന് പ്രസിഡണ്ട് സാബു മുളയാനിക്കുന്നേൽ ആവർത്തിച്ചു. നിയമപരവും സാമൂഹികവുമായ മാറ്റങ്ങൾ നേരിടുമ്പോഴും സമുദായത്തിന്റെ സാംസ്കാരികവും പാരമ്പര്യപരവുമായ അടിത്തറ സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിൽ സംഘടന ഉറച്ചുനിൽക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി.

യോഗത്തിൽ തങ്ങളുടെ ആശങ്കയറിയിക്കുന്ന പ്രമേയം പാസാക്കുകയും ഏവരും സംയുക്ത പ്രതിജ്ഞ എടുക്കുകയും ചെയ്തു.

സമൂഹത്തിൽ തങ്ങളുടെ തനിമയും വ്യക്തിത്വവും സംരക്ഷിക്കാൻ ഒരു മനസ്സോടെ മുന്നോട്ടു പോകാനുള്ള തീരുമാനം ഐക്യത്തിന്റെ ആഹ്വാനം ഉയർന്നുകേട്ട യോഗത്തിൽ പ്രകടമായി.

# ലിസി പീറ്റേഴ്സ് ഇണ്ടിക്കുഴിക്ക് ക്വാണ്ടം ഇന്റഗ്രേറ്റീവ് മെഡിസിനിൽ ഡോക്ടറേറ്റും പിഎച്ച്ഡിയും ലഭിച്ചു

ജോസ് കണിയാലി

ചിക്കാഗോ: ലിസി പീറ്റേഴ്സ് ഇണ്ടിക്കുഴിയുടെ ഏഴു വർഷത്തെ കഠിനാദ്ധ്വാനത്തിന് വിജയസമാപ്തി. 65-ാമത്തെ വയസ്സിൽ ഇന്റഗ്രേറ്റീവ് മെഡിസിനിൽ എംഡിയും പിഎച്ച്ഡിയും കരസ്ഥമാക്കി തിളക്കമാർന്ന വിജയത്തിന് ലിസി പീറ്റേഴ്സ് ഉടമയായി. 1982-ൽ തിരുവനന്തപുരം ഗവ. കോളജ് ഓഫ് നേഴ്സിംഗിൽ നിന്നും ബിഎസ്സി നേഴ്സിംഗ് പഠനം പൂർത്തിയാക്കി. 1987 മുതൽ കുടുംബസമേതം ചിക്കാഗോയിൽ താമസിക്കുന്നു. ഇതിനോടകം വിവിധ ആശുപത്രികളിൽ സ്റ്റാഫ് നേഴ്സ്, നേഴ്സ് പ്രാക്ടീഷണർ, ലാക്റ്റേഷൻ കൺസൾട്ടന്റ്, ഇൻസ്ട്രക്ടർ എന്നിങ്ങനെ വിവിധ മേഖലകളിൽ സേവനമനുഷ്ഠിക്കാൻ ലിസി ഇണ്ടിക്കുഴിക്ക് അവസരം ലഭിച്ചു.

യൂണിവേഴ്സിറ്റി ഓഫ് ഇല്ലിനോയ്സ് ചിക്കാഗോ (UIC)യിൽനിന്ന് മറ്റേണൽ ചൈൽഡ് നേഴ്സിംഗിൽ മാസ്റ്റർ ബിരുദം കരസ്ഥമാക്കി. റഷ് യൂണിവേഴ്സിറ്റി ചിക്കാഗോയിൽ നിന്ന് പീഡിയാട്രിക് നേഴ്സിംഗിൽ നേഴ്സ് പ്രാക്ടീഷണർ പ്രോഗ്രാം ലിസി പൂർത്തിയാക്കി. കൂടാതെ ക്ലിനിക്കൽ നേഴ്സ് സ്പെഷ്യലിസ്റ്റ്, പീഡിയാട്രിക് നഴ്സ് പ്രാക്ടീഷണർ എന്നിവയിൽ അഡ്വാൻസ്ഡ് പ്രാക്ടീസ് നേഴ്സിംഗ് ലൈസൻസിനും ഉടമയാണ്.

അനേകവർഷത്തെ ആശുപത്രി ജോലിക്കുശേഷം ലിസി സ്വന്തമായി ചിക്കാഗോയിൽ “ഹെൽത്തി ബേബീസ് ഹാപ്പി ഫാമിലീസ്” എന്ന പേരിലുള്ള പീഡിയാട്രിക് സ്പെഷ്യാലിറ്റി കെയർ ലാക്റ്റേഷൻ ക്ലിനിക് ആരംഭിച്ചു. കഴിഞ്ഞ 20 വർഷക്കാലമായി അമ്മമാർക്കും കുഞ്ഞുങ്ങൾക്കും വളരെ ഫലപ്രദമായ സേവനം ഈ ക്ലിനിക്കിലൂടെ ചെയ്തുവരുന്നു.

പ്രായത്തിനതീതമായി ആയുഷ്കാല വിദ്യാഭ്യാസം ജീവിതശൈലിയായി കരുതുന്ന ലിസി വെൽനെസ്സ് കെയറിന് വളരെയധികം പ്രാധാന്യം നൽകുന്നു. മരുന്നുകളുടെ അതിപ്രസരമില്ലാതെ ആരോഗ്യം സംരക്ഷിക്കുക എന്ന ആശയത്തെ മുൻനിർത്തിയാണ് ഇന്റഗ്രേറ്റീവ് മെഡിസിനിൽ തന്റെ പഠനം ആരംഭിച്ചത്. ആധുനിക വൈദ്യശാസ്ത്രത്തോടൊപ്പം പരമ്പരാഗത ചികിത്സാവിധികളായ ആയുർവേദം, ഹോമിയോപ്പതി, ചൈനീസ് മെഡിസിൻ, അക്യുപങ്ചർ, എനർജി മെഡിസിൻ, ഹെർബൽ മെഡിസിൻ, മൈൻഡ്-ബോഡി മെഡിസിൻ, ന്യൂട്രീഷൻ തുടങ്ങിയ ചികിത്സാരീതികളും ചേർന്നുള്ള ഒരു സമഗ്ര സമീപനമാണ് ഇന്റഗ്രേറ്റീവ് മെഡിസിൻ. ഈ ചികിത്സാക്രമം വഴി മരുന്നുകളുടെ അമിതമായ ഉപയോഗം കുറയ്ക്കുന്നതിനോടൊപ്പം പാർശ്വഫലങ്ങളായ കിഡ്നി ഡാമേജ്, ബ്രെയ്ൻ ഡാമേജ് തുടങ്ങിയവ ലഘൂകരിച്ച് ജീവിത നിലവാരം മെച്ചപ്പെടുത്താനും സഹായിക്കുന്നു. ഈ ചികിത്സാക്രമം ഡയബറ്റിസ്, കാൻസർ, ആർത്രൈറ്റിസ്, ഹാർട്ട് ഡിസീസ് മുതലായ ക്രോണിക് അസുഖങ്ങൾക്ക് ഫലപ്രദമായി പരിഗണിച്ചു വരുന്നു. അസുഖത്തിന്റെ ഉറവിടം കണ്ടെത്തി വ്യക്തിഗതമായ ചികിത്സാ സമ്പ്രദായമാണ് ഈ പദ്ധതിയുടെ പ്രത്യേകത.

സങ്കീർണ്ണമായ അനേകം കോഴ്സുകളും, ആയിരം മണിക്കൂർ ക്ലിനിക്കൽ പ്രാക്ടീസും അടങ്ങിയതാണ് ഐഎംഡി പ്രോഗ്രാമിന്റെ പാഠ്യപദ്ധതി. അതോടൊപ്പം ഒരു ചികിത്സാ രീതിയിൽ ഗവേഷണം നടത്തി പ്രബന്ധം അവതരിപ്പിക്കുമ്പോഴാണ് പിച്ച്.ഡി നേടാൻ സാധിക്കുന്നത്. ഈ പ്രായത്തിൽ ഇതുപോലെയുള്ള അഡ്വാൻസ്ഡ് വിദ്യാഭ്യാസം പൂർത്തീകരിക്കാൻ സാധിച്ചത് ദൈവാനുഗ്രഹം കൊണ്ടു മാത്രമാണെന്ന് ലിസി ഇണ്ടിക്കുഴി വിശ്വസിക്കുന്നു. തനിക്കു കിട്ടിയ പുതിയ അറിവുകൾ രോഗം മൂലം വിഷമത അനുഭവിക്കുന്നവർക്ക് സേവനം ചെയ്യുവാനാണ് ലിസി ഉദ്ദേശിക്കുന്നുത്.


ഡോ. ലിസി പീറ്റേഴ്സ് ഇണ്ടിക്കുഴി

# ലോകപ്രശസ്ത മോഹൻവീണ സംഗീതജ്ഞൻ പോളി വർഗീസിന് ന്യൂയോർക്കിൽ സ്വീകരണം നല്കി

ശ്രീകുമാർ ഉണ്ണിത്താൻ

ന്യൂയോർക്ക്: മോഹൻവീണ എന്ന അപൂർവ സംഗീതോപകരണ വാദനത്തിലൂടെ ലോകപ്രശസ്ത സംഗീതജ്ഞൻ പോളി വർഗീസിന് ന്യൂയോർക്കിൽ സ്വീകരണം നല്കി. ലോകസഞ്ചാരത്തിന്റെ ഭാഗമായി ഒട്ടേറെ രാജ്യങ്ങളിൽ സംഗീതപരിപാടികൾ അവതരിപ്പിക്കുന്ന തൃശൂർ സ്വദേശി പോളി വർഗീസ് അമേരിക്കൻ പര്യടനത്തിന് ഇടയിൽ ന്യൂയോർക്കിൽ എത്തിച്ചേർന്നപ്പോളാണ് മോഹൻവീണയിൽ സംഗീത സദസ് നടത്തിയത്. ന്യൂയോർക്കിലെ കലാ-സാംസ്കാരിക രംഗത്ത് സജീവസാന്നിദ്ധ്യമായ രവി വേലിക്കെട്ടിലിന്റെ (രവി നായർ) നേതൃത്വത്തിൽ ആയിരുന്നു സ്വീകരണ പരിപാടി നടത്തിയത്.



സിത്താറിന്റെയും വീണയുടെയും സരോദിന്റെയും ഭാവങ്ങൾ ഇഴചേർന്ന ഇരുപത്തിരണ്ടോളം തന്ത്രികളുള്ള മോഹൻവീണയിൽ വിസ്മയം തീർക്കുന്ന ലോകത്തിലെ ചുരുക്കം ചില സംഗീതജ്ഞരിൽ ഒരാളാണ് പോളി വർഗീസ്. അപൂർവ്വങ്ങളിൽ അപൂർവമായ ഒരു സംഗീതവിരുന്നാണ് കാണികൾക്ക് നല്കിയത്. ഓരോ രാഗത്തിലും മോഹൻവീണയിൽ സംഗീതം ആലപിച്ച അദ്ദേഹം കാണികളെ വിസ്മയ ലോകത്ത് എത്തിച്ചു. കേട്ടിരുന്നവർ ഏവരും അദ്ദേഹത്തെ മുക്തകണ്ഠം പ്രശംസിച്ചു.



കവി-നാടക-സിനിമ നടൻ, സംഗീത സംവിധായകൻ, ചിത്രകാരൻ എന്നീ നിലകളിലും ഹിന്ദുസ്ഥാനി സംഗീതത്തിലും അഗാധ പാണ്ഡിത്യമുള്ള പോളി വർഗീസ് അഞ്ചു വർഷമായി ഓസ്ട്രേലിയയിലാണ് താമസം. എങ്കിലും യൂറോപ്യൻ രാജ്യങ്ങൾ ഉൾപ്പെടെ വിവിധ രാജ്യങ്ങളിൽ അദ്ദേഹം സംഗീതവിരുന്നുകൾ നടത്താറുണ്ട്. തോളിൽ മോഹൻവീണയുമായി പലപ്പോഴും ലോകയാത്രകളിലാണ് പോളി വർഗീസ്. 2012-ൽ മൊസാർട്ട് മ്യൂസിക് ഫെസ്റ്റിവലിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് പങ്കെടുത്തു.

ഹിന്ദുസ്ഥാനി സംഗീത കലാകാരനും ഗ്രാമി പുരസ്കാര ജേതാവുമായ പണ്ഡിറ്റ് വിശ്വമോഹൻ ഭട്ടിന്റെ ശിഷ്യനാണ് പോളി. സിതാർ, സന്തൂർ, സാരംഗി, സരോദ്, ഹവായിയൻ ഗിറ്റാർ എന്നിവയുടെ സമന്വയമാണ് 22 തന്ത്രികളുള്ള സംഗീതോപകരണമായ മോഹൻവീണ. പണ്ഡിറ്റ് വിശ്വമോഹൻ ഭട്ട് സൃഷ്ടിച്ചതാണ് ഈ വാദ്യോപകരണം. അദ്ദേഹം രണ്ട് മോഹൻവീണകൾ മാത്രമാണ് നിർമ്മിച്ചത്. അതിലൊന്ന് പോളിയുടെ സ്വന്തമാണ്. ഇതിലേക്ക് രണ്ട് തന്ത്രികൾ പോളി കൂട്ടിച്ചേർത്തു. അതാണ് ഇന്ന് എല്ലാ വേദികളിലും പോളീ വർഗീസ് വായിക്കുന്നത്. പങ്കെടുത്ത ഏവർക്കും വിനോദ് കെആർകെ സ്വാഗതവും പത്മകുമാർ നന്ദിയും പറഞ്ഞു. ന്യൂയോർക്കിലെ പ്രമുഖരായ നിരവധി ആളുകൾ പങ്കെടുത്ത ഈ പരിപാടിയുടെ വിജയത്തിന് വേണ്ടി സുരേഷ് പണിക്കർ, ഹരിലാൽ നായർ എന്നിവരും പ്രവർത്തിച്ചു.

# യാത്രാമൊഴി



പ്രൊഫ. ബാബു തോമസ് പൂഴിക്കുന്നേൽ

ഓർമ്മക്കുറിപ്പ്



ജോസ് കണിയാലി

ഏപ്രിൽ 7 എന്റെ ലോകം അല്പം കൂടി ശൂന്യമായി. എന്റെ പ്രിയ സുഹൃത്ത് ബാബു തോമസ് പൂഴിക്കുന്നേൽ ശാന്തനായി യാത്രയായി. ഒരു മുന്നറിയിപ്പുമില്ലാതെ ഹൃദയമിടിപ്പിന്റെ നിശബ്ദമായ നിലയ്ക്കൽ. അരികിൽ ഉണ്ടായിരുന്ന ഭാര്യ വത്സയോട് പോലും യാത്ര പറയാതെ, ഒരു വലിയ ജ്ഞാനത്തിന്റെ സമാധാനപരമായ വിശ്രമത്തിലേക്കുള്ള മാറ്റം. വിരമിച്ച കോളേജ് പ്രൊഫസർ, പ്രിൻസിപ്പാൾ, എഴുത്തുകാരൻ, പ്രഭാഷകൻ, ചിന്തകൻ എന്നിങ്ങനെ അടയാളപ്പെടുത്തലുകൾ ബാബുവിനുണ്ടായിരുന്നു. എന്നാൽ എനിക്ക് അദ്ദേഹം ആ പദവികൾക്കും അപ്പുറമായിരുന്നു. ദിവസവും ഏഴു കടലുകൾക്കുമപ്പുറം എന്റെ ഫോണിന്റെ മറുതലയ്ക്കൽ ഉണ്ടായിരുന്ന സ്നേഹശബ്ദം. ഓരോ പ്രഭാതങ്ങളിലും പതിവുപോലെ നമ്മുടെ പതിവ് ഫോൺ വിളികൾക്കായി അറിയാതെ കാതോർത്തു പോകുന്നു. ബാബുവിന്റെ മൂർച്ചയുള്ള തമാശകളും, നാമൊന്നിച്ചു ചിരിച്ച നിമിഷങ്ങളും, ലളിതമായ കാര്യങ്ങളെപ്പോലും ഗൗരവമായ ഉൾക്കാഴ്ചകളാക്കി മാറ്റുന്ന താങ്കളുടെ രീതിയും ഞാനൊരുപാട് മിസ്സ് ചെയ്യുന്നു. നമ്മുടെ സംഭാഷണങ്ങൾ എന്റെ ദിനചര്യയുടെ ഹൃദയമിടിപ്പായിരുന്നു. അവിടെ നമുക്ക് എന്തു തമാശകളും പറയാമായിരുന്നു, തർക്കിക്കാമായിരുന്നു, കളിയാക്കാമായിരുന്നു, മനസ്സുതുറന്ന് ചിരിക്കാമായിരുന്നു. ചെറിയ കാര്യങ്ങളിൽ ചിലപ്പോൾ അസ്വസ്ഥനാകുമെങ്കിലും ചെറിയ സാന്ത്വനങ്ങളിൽ ഉണർന്ന് ഉഷാറാവുകയും ചെയ്തിരുന്ന വലിയ മനസ്സുള്ള ഒരു തലയെടുപ്പുള്ള മനുഷ്യൻ. ഒരു പണ്ഡിതൻ വിട വാങ്ങുമ്പോൾ ഒരു വലിയ ലൈബ്രറിയാണ് കത്തിയമരുന്നത് എന്ന് പറയാറുണ്ടല്ലോ. താങ്കളുടെ വിയോഗത്തിലൂടെ എനിക്ക് ഒരു ലൈബ്രറിയും, ഒരു വലിയ ചിന്താ ലോകവും, അതിലുപരി എന്റെ ചിരിയുടെ ലോകവുമാണ് നഷ്ടമായത്. ബാബൂ, താങ്കൾ അവശേഷിപ്പിച്ചുപോയ നിശബ്ദതയ്ക്ക് ഒരു വലിയ ഭാരമുണ്ട്. എങ്കിലും നമ്മുടെ സൗഹൃദത്തിന്റെ ഓർമ്മകൾ, അമേരിക്കയിൽ എന്റെ വീട്ടിലും മറ്റു പല സ്ഥലങ്ങളിലും സിംഗപ്പൂർ, മലേഷ്യ, ബഹാമസ് തുടങ്ങിയ സ്ഥലങ്ങളിൽ നമ്മുടെ കുടുംബങ്ങൾ ഒന്നിച്ച് ചെലവഴിച്ച നല്ല ദിവസങ്ങൾ എല്ലാം എന്നും ഞാൻ ഹൃദയത്തോട് ചേർത്തുപിടിക്കും.

പ്രിയ സുഹൃത്തേ...നിത്യശാന്തി നേരുന്നു. നമ്മൾ പങ്കിട്ട ഓരോ നിമിഷങ്ങൾക്കും നന്ദി.











# പെട്ടിക്കകത്തെ താമരപ്പെണ്ണിനെ കൈപ്പത്തിയും അരിവാൾത്തുമ്പും ആരും കാണാതെ തോണ്ടുന്നുണ്ടാകും!

സാമൂഹ്യപാഠം



അനിൽ പെണ്ണുക്കര

ദമയന്തിയുടെ സ്വയംവരം. ദേവന്മാരും അസുരന്മാരും കലിദ്വാപരന്മാരും സ്വയംവരത്തിൽ പങ്കെടുക്കാൻ എത്തുന്നുണ്ട്. ദമയന്തി ആരുടെ കഴുത്തിലാവും വരണമാല്യം ചാർത്തുക എന്ന ആശങ്ക മാത്രമേ ശേഷിക്കുന്നുള്ളൂ. ദേവേന്ദ്രാദികൾ വരണത്തിന് കഴുത്ത് പാകമാക്കി അങ്ങനെ മുൻനിരയിലുണ്ട്. നന്നായി മുടി ഒതുക്കി രാജത്വത്തിന്റേതായ പ്രൗഢിയിൽ വിവിധ രാജാക്കന്മാർ കൊതിയോടെ കഴുത്ത് നീട്ടി ഇരിപ്പുണ്ട്. പോകുന്നവഴിക്ക് അറിയാതെ മാല തന്റെ കഴുത്തിൽ വന്നു വീണാലോ? വിഷു ബംബർ പോലെ! വരും ഇപ്പോൾ വരും വരാതിരിക്കുമോ പ്രതീക്ഷയാണ് ആശ്രയം! ദമയന്തി മാത്രം ഒന്നും മിണ്ടുന്നില്ല. ദൂതന്മാരും പ്രവാചകന്മാരും രാവിലെയും വൈകിട്ടും ഉച്ചയ്ക്ക് ഒക്കെ ഇരുന്ന് വലിയ ചർച്ചയിലാണ്. വരണം വരൻ മാത്രം.?!

വരൻ ആരായിരിക്കും? വലിയ ആശങ്കയാണ്. വരും ഇപ്പോൾ വരും... വരാതിരിക്കുമോ...? പ്രതീക്ഷയാണ് ആശ്രയം! ദമയന്തിക്ക് ഇപ്പോൾ നളനോട് ഒരു ഇഷ്ടമുണ്ടെന്ന് പരക്കെ സംസാരമുണ്ട്. കഷ്ടകാലത്തിന് കഴുത്തിൽ ആ പെണ്ണ് മാല വച്ചാലോ? ആശങ്കയോടെ ഇരിക്കുകയാണ് എല്ലാവരും. സ്വയംവര മുഹൂർത്തം അടുക്കുംതോറും ഭൈമി കാമുകന്മാരുടെ ചങ്കിടിപ്പും ആശയും ഒക്കെ തെളിഞ്ഞും ആളിയും കത്തുകയാണ്. “എനിക്ക് കിട്ടണം എനിക്ക് കിട്ടണം ഞാൻ കെട്ടും” എന്ന ഒരേവാശിയിലാണ് സർവ്വകാമുകന്മാരും. ദമയന്തി ആകട്ടെ സർക്കാർ ചെലവിൽ സ്ട്രോങ്ങ് റൂമിൽ വളരെ ബന്ധവസായി ഒരു ന്യൂക്ലീയർ ബോംബുപോലെ സുഖിക്കുയാണ്. പുറത്തോട്ട് ഇറങ്ങുവാൻ സമ്മതിക്കാതെ കാത്തുവെച്ചിരിക്കുകയാണ്. ബട്ടണിൽ തൊട്ടാൽ ബോംബ് ആരുടെയെല്ലാം തലയ്ക്കടിക്കും... അയ്യോ!

ഈ ദമയന്തിയുടെ ഇപ്പോഴത്തെ സംരക്ഷകർ ഇലക്ഷൻ കമ്മീഷൻ ആണ്. പുതിയകഥയാണ് കേട്ടോ. മഹാഭാരതത്തിൽ ഇലക്ഷൻ കമ്മീഷന് ദമയന്തിയുടെമേൽ അവകാശമേ ഉണ്ടായിരുന്നില്ല. എന്നല്ല അക്കാലത്ത് ദമയന്തിക്ക് ഒരു ഇലക്ഷൻ കമ്മീഷന്റെയും ആവശ്യമില്ലായിരുന്നു. നടന്നുപോവുക.. മുൻകൂട്ടി കണ്ടുവച്ചിരിക്കുന്നവരെ കെട്ടുക. പക്ഷേ ഇവിടെ സ്ഥിതി വ്യത്യസ്തമാണ്. ഇവിടെ പുറകെ ഇടതും വലതും നടുവും അങ്ങനെ മൂന്ന് വിഭാഗങ്ങളാണ്. ഈ വിഭാഗങ്ങളിൽ കോവിലകം നാട്ടുരാജാക്കന്മാരുടെ സംഘടന മത്സരത്തിന് വന്നിരിക്കുന്നത് യുണൈറ്റഡ് എന്ന പേരിലാണ്. പക്ഷേ, കൂട്ടത്തിൽ; ഒറ്റക്കെട്ടിനുള്ളിലും തെറ്റിത്തെറ്റി നേതാക്കന്മാരും ഉണ്ട്. എല്ലാവർക്കും ദമയന്തിയെ വരിക്കണമെന്ന് വിശാലമായ മനസ്സുള്ളവരും എന്നെ ഭരിക്കണം എന്നെ ഭരിക്കണം എനിക്ക് വേണം എന്ന മട്ടിലുള്ളവരാണ്.

ഇലക്ഷൻ കമ്മീഷന്റെ കീഴിൽ ഇരിക്കുന്ന ദമയന്തി പുതിയ പേരാണ് വോട്ടുകൾ. അപ്പോൾ ഭൈമീകാമുകർ ആരെന്ന് പറയേണ്ടല്ലോ. വോട്ട് പെട്ടികൾ തുറക്കുന്നതിന് ഇനിയും കാത്തിരിക്കണം. പക്ഷേ വരന്റെ സ്ഥാനത്തിന് വേണ്ടി മത്സരവും തമ്മിലടിയും കുതികാൽവെട്ടും നിഴൽ യുദ്ധവും ദൂതന്മാരെ അയക്കലും ഒക്കെ തകൃതിയായി നടക്കുന്നു. അത് ഒഴിവാക്കാൻ പാടില്ല. വെട്ടിപ്പിടിക്കുന്നവനാണ് ക്ഷത്രിയൻ. അവനാണ് രാജ്യാധികാരം.

ദേവേന്ദ്രനും കലിയും ദ്വാപരനും ഊക്കോട് മുന്നിലുണ്ട്. കിട്ടിയാൽ അപ്പൊ തട്ടിക്കൊണ്ടു പോകാം എന്ന മട്ടിൽ. മറ്റും മറ്റുപലരും വേറെയും ഉണ്ട്. പാപം ‘ദമയന്തിക്ക്’ ഉള്ളുതുറക്കാൻ ഇനിയും മെയ് 4 വരെ കാത്തിരിക്കണം. അതിനുള്ളിൽ ആരൊക്കെ ആരെയൊക്കെ ഇല്ലാതാക്കും എന്നും ഏത് കുഴിയിൽ ചാടിക്കുമെന്നും പറയാൻ പറ്റില്ല. ‘അയ്യോ ഒരു മോഹവും എനിക്കില്ല’ എന്ന് പാടിയ ഗോപൻ ദേവേന്ദ്രന്റെ അനുഗ്രഹത്തോടെ മോഹിയായി മുന്നിലുണ്ട്. കണ്ണ് ചിമ്മാത്ത ദേവന്മാരും കണ്ണു ചിമ്മുന്ന മനുഷ്യന്മാരും തമ്മിലാണ് പ്രധാന മത്സരം. വാടാത്ത പൂ ചൂടിയ ദേവന്മാരെ ദമയന്തിക്ക് തിരിച്ചറിയാനും ശരിയായ നടനെ സ്വീകരിക്കാനും അറിയാമെന്ന് വിഡ്ഢികൾക്ക് അറിഞ്ഞുകൂടാ.

കേരളത്തിലെ വരാൻ പോകുന്ന തെരഞ്ഞെടുപ്പ് ഫലവും അതിനുമുമ്പുള്ള തമ്മിലടിയും ഒന്ന് ഇതിഹാസത്തിന്റെ പശ്ചാത്തലത്തിൽ ഓർത്തു പോയതാണ്. ഈ തെരഞ്ഞെടുപ്പിൽ ദമയന്തിക്കുവേണ്ടി ഓടിയത് സതീശനളനാണ്. ഹംസമായ മുസ്ലീം ലീഗും പിന്നെക്കുറെ അഭ്യുദയ കാംക്ഷികളും കൂടെയുണ്ടായിരുന്നു. അതിനിടയ്ക്ക് എല്ലാം ശരിയാക്കുന്നവർ ശരിയായ ദമയന്തി മുസ്ലീം ലീഗ് ആണെന്ന് കരുതി ഒരു ചെമ്പനീർപ്പൂ നീട്ടിയതാണ്. ലീഗുദമയന്തിക്ക് സതീശൻ നളനെ മാത്രം മതിയെന്നു പറയുന്നു. പെരുന്നയിലെ ഋതുപർണ്ണനാകട്ടെ ഈ നളനോടത്ര കമ്പമില്ലെന്നു പറഞ്ഞുകേൾക്കുന്നു. കലിദ്വാപരന്മാരായ ഇടതന്മാർ നളനെയും ദമയന്തിയെയും തെറ്റിക്കാൻ നടത്തിയ എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടു. പക്ഷേ, എല്ലാം കഴിഞ്ഞപ്പോൾ ഇതാ പാളയത്തിൽനിന്ന് പുഷ്കരന്മാർ സമരവുമായി ഇറങ്ങിയിരിക്കുന്നു. കള്ളച്ചൂതും വെല്ലുവിളിയും എന്ന് വേണ്ട എന്തിനും പുഷ്കരന്മാർ വാർത്തയാണ്. പുഷ്കരന്മാരിൽ കേമൻ സാക്ഷാൽ ഗോപാലനാണ്. കണ്ണൂരുള്ള പുഷ്കരനും നളനെ വെല്ലുവിളിച്ച് മുന്നോട്ടുവന്നിരിക്കുകയാണ്. ദമയന്തി വരിക്കുമോ തള്ളുമോ എന്നൊന്നും തീർച്ചയായിട്ടില്ല. പക്ഷേ പുഷ്ക്കര-നള വെല്ലുവിളി മത്സരങ്ങൾ നടക്കുകയാണ്.

ഒരു പരിണയ സ്വയംവര ഭാവനയിലെ നെല്ലും കല്ലും പതിരും!

പാവം രമേശനും ദമയന്തിയെ ഓർത്ത് അങ്ങനെ കഴിയുകയാണ്. ഇലക്ഷൻ കമ്മീഷൻ തടവറയിൽ നോക്കി വട്ടമിടുന്ന ഹംസങ്ങൾക്ക് കുറവില്ല. സാമ്യമകന്നോരുദ്യാനമല്ലേ... പ്രേമ ദൂതുമായി എങ്ങും പാറിപറക്കുന്നുണ്ട്.

വാര്യരുടെ ഹംസത്തിന് നളദമയന്തി ബാന്ധവം മാത്രമേ ലക്ഷ്യമുണ്ടായിരുന്നു. കീശയിൽ എന്തെങ്കിലും ആശിച്ചിട്ടില്ല. പക്ഷേ, ഇവിടെ ഹംസങ്ങൾ പറക്കുന്നത് സ്വയമേവ പോരുന്ന കഷണങ്ങൾക്ക് വേണ്ടിയാണ്. എന്തായാലും മെയ് 4 പരിണയ ദിവസംവരെ നളദമയന്തിപുഷ്ക്കരകലിദ്വാപരസംവാദങ്ങളും വെല്ലുവിളിനിഴൽ നാടകകള്ളച്ചൂതുകളും അരങ്ങേറും. ഒടുവിൽ തടവിലായ ദമയന്തി പുറത്തുവന്ന് ചിരിക്കുമ്പോൾ ആർക്കൊക്കെ അത് ഹൃദ്യമാകും ആരൊക്കെ ചിരിക്കും എന്നറിയാം.

ഉടുപ്പുകൾ ഒത്തിരി അധികം വരും. ഇരിക്കുന്ന കൊമ്പുകൾ പലതും മുറിച്ചെന്നു വരും. എന്നാലെന്ത് ആങ്ങള ചാവുമല്ലോ നാത്തൂൻ കരയുമല്ലോ.

**സാമൂഹികപാഠം:**

*പെട്ടിക്കകത്തെ താമരപ്പെണ്ണിനെ കൈപ്പത്തിയും അരുവാൾത്തുമ്പും ആരും കാണാതെ തോണ്ടുന്നുണ്ടാകും! അവളാകട്ടെ ക്ലോക്കിലെ പെൻഡുലംപോലെ ആടിച്ചിരിക്കുന്നുണ്ടാവും.*

# ചരിത്രത്തിൽ ഇടം നേടി പൈതൃകം – 2026

ചാണ്ടി കറുകപ്പറമ്പിൽ

ഓഷ്യാന: 1700-ൽ അധികം വരുന്ന ഓഷ്യാനയിലെ ക്നാനായ സമൂഹത്തിന്റെ സംഗമ ഭൂമിയായി സിഡ്നിയിലെ പൈതൃകം-2026 വേദി നിറഞ്ഞാടിയപ്പോൾ, ഓഷ്യാനയിലെ ക്നാനായ ചരിത്രത്തിലെ ഏറ്റവും തിളക്കമാർന്ന കൺവൻഷൻ അനുഭവമായി മാറി. ഓസ്ട്രേലിയയിലെ വിവിധ സ്ഥലങ്ങളിൽ നിന്നും ന്യൂസിലാൻഡിൽ നിന്നും എത്തിയ ക്നാനായക്കാർ തങ്ങളുടെ പൈതൃകമൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് രണ്ട് ദിനരാത്രങ്ങളിൽ മഴവിൽ വർണ്ണങ്ങളുടെ ചാരുതയോടെ അണിനിരന്നപ്പോൾ, കഴിഞ്ഞ രണ്ടു വർഷക്കാലത്തെ അവരുടെ കാത്തിരിപ്പിന്റെയും തയ്യാറെടുപ്പിന്റെയും പൂർത്തീകരണമായി മാറി. ഓഷ്യാനയിലെ ക്നാനായ സംഘടനയായ കെസിസിഒയും സിഡ്നിയിലെ അംഗസംഘടനയായ എസ്കെസിഎയും സംയുക്തമായി നടത്തിയ പൈതൃകം-2026 അടയാളപ്പെടുത്തിയത് ദീർഘനാളത്തെ അവരുടെ കൂട്ടായ പരിശ്രമങ്ങളുടെയും സഹകരണത്തിന്റെയും സമ്പൂർണ്ണ വിജയമാണ്.

ആദ്യദിനത്തിലെ സായാഹ്നത്തിൽ നടന്ന ഉദ്ഘാടന സമ്മേളനത്തിൽ കോട്ടയം അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ജോസഫ് പണ്ടാരശ്ശേരി പിതാവ് തിരികൊളുത്തി ഓഷ്യാനയിലെ ക്നാനായ സമൂഹത്തെ അഭിസംബോധന ചെയ്തു സംസാരിച്ചു. കെസിസിഒയുടെ കർമ്മനിരതനായ അദ്ധ്യക്ഷൻ ജോസ് ഏബ്രഹാം അദ്ധ്യക്ഷത വഹിക്കുകയും വിശിഷ്ടാതിഥിയായി എത്തിയ കെസിസി പ്രസിഡണ്ട് ബാബു സാർ ആശംസകൾ അർപ്പിക്കുകയും ചെയ്തു.

ആതിഥേയരായ സിഡ്നി ക്നാനായ കാത്തലിക് അസോസിയേഷന്റെ അമരക്കാരനും കൺവൻഷൻ ചെയർമാനുമായ ബേബി ജോസഫ് സ്വാഗതവും കെസിസിഒയുടെ ബഹുമാന്യനായ വൈസ് പ്രസിഡണ്ട് ജിജോമോൻ തോമസ് കൃതജ്ഞതയും അർപ്പിച്ചു. തുടർന്നു നടന്ന കലാസന്ധ്യയിൽ വിവിധ അംഗസംഘടനകൾക്കു വേണ്ടി ഓഷ്യാനയിലെ ക്നാനായ യുവത്വം വേദിയിൽ തട്ടുപൊളിപ്പൻ പ്രകടനങ്ങൾ നടത്തിയപ്പോൾ എഴുന്നേറ്റു നിന്ന് കയ്യടിക്കുന്ന കാഴ്ചക്കാരെയാണ് കാണാനായത്. നൃത്തച്ചുവടുകളുടെ അകമ്പടിയോടെ ഓരോ യൂണിറ്റിൽ നിന്നും എത്തിയ ചെണ്ട ടീം നടത്തിയ പ്രകടനങ്ങൾ നയനമനോഹരമായ കാഴ്ചയായി. ക്നാനായ കൺവൻഷനുകളുടെ ഹൈലൈറ്റ് ഇവന്റുകളിൽ ഒന്നായ മിസ്റ്റർ & മിസ് ക്നാ കോമ്പറ്റീഷനിൽ വാശിയേറിയ മത്സരങ്ങൾക്കൊടുവിൽ ബ്രിസ്ബെനിൽ നിന്നും എത്തിയ ജോർജ് തുരുത്തിയും പെർത്തിൽ നിന്നും എത്തിയ സാനിയ ജോസും ജേതാക്കളായി.

രണ്ടാം ദിവസം മെൽബൺ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജോൺ പനംതോട്ടം പിതാവിന്റെ നിറസാന്നിദ്ധ്യം ചടങ്ങുകളിൽ ഉടനീളം പ്രകടമായിരുന്നു. അരങ്ങിൽ എന്നപോലെ കളിക്കളത്തിലും യുവത്വത്തിന്റെ തേരോട്ടം ദൃശ്യമായിരുന്നു. വോളിബോൾ, വടംവലി തുടങ്ങിയ അതിവാശിയേറിയ മത്സര വിഭാഗങ്ങളിൽ ഓഷ്യാന ക്നാനായ സമൂഹത്തിലെ രണ്ടാം തലമുറയുടെ ആധിപത്യമാണ് സിഡ്നിയിൽ കാണാനായത്. കൺവൻഷനിൽ പങ്കെടുക്കാനെത്തിയ മുഴുവൻ ആൾക്കാരും ഇദംപ്രഥമമായി പ്രാദേശിക സംഘടനാടിസ്ഥാനത്തിൽ നടത്തപ്പെട്ട റാലിയിൽ അണിനിരന്നത് വർണ്ണാഭമായ കാഴ്ചയായി.

സമാപനസമ്മേളനത്തിനു ശേഷം അരങ്ങേറിയ കെസിവൈഎൽ ഡാൻസ് കോമ്പറ്റീഷൻ ബോളിവുഡ് സിനിമകളിലെ കൊറിയോഗ്രാഫിയെ അനുസ്മരിപ്പിക്കുംവിധം മികവുറ്റതായിരുന്നു. മൂന്നു ദിവസവും അഭിവന്ദ്യ പണ്ടാരശ്ശേരി പിതാവിന്റെ നേതൃത്വത്തിൽ അർപ്പിക്കപ്പെട്ട വിശുദ്ധ ബലിയോടെയാണ് ഈ കൺവൻഷൻ പുരോഗമിച്ചത് എന്നതും ചരിത്ര താളുകളിൽ തങ്കലിപികളിൽ എഴുതിച്ചേർക്കപ്പെടും. പൈതൃകം-2026 ന്റെ സമ്പൂർണ്ണ വിജയത്തിനായി എണ്ണയിട്ട യന്ത്രം പോലെ അത്യദ്ധ്വാനം ചെയ്ത കെസിസിഒ & എസ്കെസിഎ സംഘടനകളിലെ എല്ലാ നിസ്വാർത്ഥമതികളായ അംഗങ്ങൾക്കും ഈ പൈതൃകം 26-ന്റെ വിജയം സമർപ്പിക്കുന്നു. ഓഷ്യാനയിലെ ക്നാനായ സമൂഹത്തിന് പൈതൃകം 26 പകർന്നു നല്കിയ മഹത്തായ സന്ദേശം ശ്രദ്ധേയമായി. വിഭാഗീയതയുടെ പേരിലും നിയമപരമായി നിലനിൽക്കാത്ത മുടന്തൻ ന്യായങ്ങൾ പറഞ്ഞും ഓഷ്യാനയിലെ ക്നാനായക്കാരെ കൺവൻഷനുകളിൽ നിന്നും മാറ്റിനിർത്തുന്ന പിന്തിരിപ്പൻ ശക്തികൾക്ക് അടിയറ വെക്കാനുള്ളതല്ല കെസിസിഒ എന്ന് അസന്നിഗ്ധമായി തെളിയിക്കപ്പെട്ടു.













# കലാവേദിയുടെ നാടകം ന്യൂയോർക്കിൽ അരങ്ങേറി

കോരസൺ വർഗീസ്

ന്യൂയോർക്ക്: ന്യൂയോർക്കിലെ കലാസംഘടനയായ കലാവേദിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട “ബോധിവൃക്ഷണത്തണലിൽ” എന്ന സാമൂഹിക നാടകം ന്യൂയോർക്കിലെ ഗ്ലെനോക്സിൽ നടത്തപ്പെട്ടു. ന്യൂജേഴ്സിയിലുള്ള ഫൈൻ ആർട്സ് എന്ന കലാസംഘടനയാണ് നാടകം അവതരിപ്പിച്ചത്. അവതരണ മികവുകൊണ്ടും അർത്ഥവത്തായ ഉള്ളടക്കം കൊണ്ടും മികവുപുലർത്തിയ നാടകത്തിനു കാണികളുടെ വലിയ സാന്നിദ്ധ്യം ഉണ്ടായിരുന്നു.





ഇതിൽനിന്നും ലഭിക്കുന്ന പണം പൂർണ്ണമായും സമൂഹത്തിലെ മനുഷ്യനന്മയ്ക്കുവേണ്ടി മാത്രം വിനിയോഗിക്കുമെന്നു കലാവേദി പ്രസിഡണ്ട് സിബി ഡേവിഡ് പറഞ്ഞു. കഴിഞ്ഞ കാലങ്ങളിൽ ന്യൂയോർക്കിലും കേരളത്തിലും കലയുടെ വിവിധ തലങ്ങൾ അവതരിപ്പിക്കുകയും കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന കലാവേദി എന്ന സംഘടന ഇവിടുത്തെ സമൂഹത്തിനു മാതൃകയാണ് എന്ന് സംഘടനയുടെ വൈസ് പ്രസിഡണ്ട് കോരസൺ വർഗീസ് പ്രസ്താവിച്ചു. സെക്രട്ടറി ബിജു ചാക്കോ സ്വാഗതം ആശംസിക്കുകയും പ്രാരംഭ നടപടികൾ നിയന്ത്രിക്കുകയും ട്രഷറർ മാത്യു മാമ്മൻ നന്ദി പ്രകാശിപ്പിക്കുകും ചെയ്തു.

സഹജീവിക്കു സ്വന്തം വൃക്ക ദാനം നൽകി ആദരണീയമായ മാതൃക കാട്ടിയ സുനിതയെ കലാവേദിയുടെ മാനവികത പുരസ്കാരം നൽകി ആദരിച്ചു. കലാവേദിയുടെ പ്രയാണത്തിൽ നിർണ്ണായകമായ സാന്നിദ്ധ്യം തെളിയിച്ച ബിന്ദു ഡേവിഡ്, ഷാജി ജേക്കബ്, മാമ്മൻ ഏബ്രഹാം, ഷാജു സാം, മാത്യു മാമ്മൻ, രഞ്ജി കൊച്ചുമ്മൻ എന്നിവർക്ക് കലാവേദി അംഗീകാരം നൽകി ആദരിച്ചു. സ്നേഹ വിനോയിയുടെ സംഗീതവും, റിയയുടെ നേതൃത്വത്തിൽ കലാഹാർട്സ് അവതരിപ്പിച്ച സംഘ നൃത്തവും സായാഹ്നത്തെ മധുരമാക്കി.

വിശക്കുന്നവർക്ക് ആശ്രയമായ ‘അഞ്ചപ്പം’ സംഘടനയ്ക്ക് ഒരു ലക്ഷം രൂപ നൽകി ഈ വർഷത്തെ കാരുണ്യ പ്രവർത്തികൾക്കു തുടക്കം കുറിച്ചു. അമേരിക്കയിലെ സന്നദ്ധ സംഘടനകളുമായി ഒത്തുചേർന്നു വിവിധ കാരുണ്യപദ്ധതികളിൽ പങ്കാളിയാകുവാനും, അമേരിക്കയിലെ എഴുത്തുകാരെയും മാധ്യമ പ്രവർത്തകരെയും പ്രോത്സാഹിപ്പിക്കുവാനുമായുള്ള നിരവധി പ്രവർത്തനങ്ങളിൽ കലാവേദി സജീവമാകുകയാണ് എന്ന് സംഘടനയുടെ സ്ഥാപക പ്രസിഡണ്ട് സിബി ഡേവിഡ് പറഞ്ഞു.








ഇത്തരം കൂട്ടായ കലാപ്രവർത്തനങ്ങൾ ആണ് ബോധിവൃക്ഷത്തണലുകളായി സമൂഹത്തിൽ ഇണക്കമുണ്ടാക്കുന്നതെന്നു ഫൈൻ ആർട്സ് സംഘടനയുടെ പ്രസിഡണ്ട് ജോർജ് തുമ്പയിൽ പറഞ്ഞു.





# ബ്രോങ്ക്സ് സെയിന്റ് തോമസ് സീറോമലബാർ ഫൊറോന ഇടവക സിൽവർ ജൂബിലി നിറവിൽ

# ആഘോഷങ്ങൾ മാർ ജോയി ആലപ്പാട്ട് ഉദ്ഘാടനം ചെയ്തു



ന്യൂയോർക്ക്: ചിക്കാഗോ സീറോമലബാർ രൂപതയിലെ ആദ്യകാല ഇടവകയായ ബ്രോങ്ക്സ് സെയിന്റ് തോമസ് സീറോമലബാർ ഫൊറോന ദേവാലയത്തിന്റെ സിൽവർ ജൂബിലി ആഘോഷങ്ങൾക്ക് രൂപത അദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് തുടക്കം കുറിച്ചു. ന്യൂയോർക്കിലും പരിസര പ്രദേശങ്ങളിലും മാർത്തോമ്മാ നസ്രാണി വിശ്വാസം വ്യാപിപ്പിക്കുന്നതിൽ ബ്രോങ്ക്സ് ഇടവകയുടെ പങ്ക് വളരെ വലുതാണെന്ന് ബിഷപ് മാർ ജോയി ഉദ്ഘാടനപ്രസംഗത്തിൽ പറഞ്ഞു. ന്യൂയോർക്കിലും കണക്ടിക്കട്ടിലും സ്ഥാപിതമായിട്ടുള്ള സീറോമലബാർ പള്ളികളുടെ മാതൃദേവാലയം ബ്രോങ്ക്സ് ഇടവകയാണ്. ഈ ഇടവക സ്ഥാപി

**ഷോളി കുമ്പിളുവേലി**

ക്കാൻ നേതൃത്വം നല്കിയ ബഹുമാനപ്പെട്ട റവ.ഫാ. ജോസ് കണ്ടത്തിക്കുടി അച്ചനേയും ആദ്യകാല കൈക്കാരന്മാരേയും നന്ദിയോടെ സ്മരിക്കുന്നു.

ചിക്കാഗോ രൂപതയുടെ വളർച്ചയിൽ ബ്രോങ്ക്സ് ഇടവക നിർണ്ണായകമായ പങ്കു വഹിച്ചിട്ടുണ്ടെന്നും മാർ ജോയി ആലപ്പാട്ട് എടുത്തുപറഞ്ഞു. ചിക്കാഗോ സീറോമലബാർ രൂപതയിലെ പ്രഥമ തദ്ദേശീയനായ വൈദികൻ ഫാ. കെവിൻ മുണ്ടക്കൽ ബ്രോങ്ക്സ് ഇടവകയുടെ സംഭാവനയാണ്.

മാർച്ച് 21-ന് ഞായറാഴ്ച വിശുദ്ധ കുർബാനയ്ക്കുശേഷം നടന്ന ഉദ്ഘാടനച്ചടങ്ങിൽ മാർ ജോയി ആലപ്പാട്ട് തിരിതെളിച്ചു. കൂടാതെ ഇടവകയിലെ എല്ലാ ഭവനങ്ങളിലേക്കും സിൽവർ ജൂബിലി വിളക്കുകൾ നല്കുകയും ചെയ്തു. ഇടവകയുടെ ആരംഭം മുതലുള്ള കൈക്കാരന്മാർ ചടങ്ങിൽ സന്നിഹിതരായിരുന്നു. ഇടവക വികാരി റവ. ഫാ. കുര്യാക്കോസ് വടാന സ്വാഗതം ആശംസിച്ചു. റവ.ഫാ. റോയ്സൺ മേനോലിക്കൽ, റവ.ഫാ. ഫ്രാൻസിസ് നമ്പ്യാപറമ്പിൽ തുടങ്ങിയവർ ആശംസകൾ നേർന്നു. കൈക്കാരന്മാരായ ജോർജ് പട്ടേരിൽ, ഡെന്നി കല്ലുകളം, അനിൽ കണ്ടത്തിൽ തുടങ്ങിയവർ ചടങ്ങുകൾക്ക് നേതൃത്വം നല്കി.



ന്യൂയോർക്കിലും പരിസരപ്രദേശങ്ങളിലുമുണ്ടായിരുന്ന സീറോമലബാർ വിശ്വാസി കൂട്ടായ്മ ഫാ. ജോസ് കണ്ടത്തിക്കുടിയുടെ നേതൃത്വത്തിൽ നടത്തിയ ദീർഘനാളത്തെ പരിശ്രമത്തിന്റെ ഫലമായാണ് ബ്രോങ്ക്സ് സെന്റ് തോമസ് സീറോമലബാർ ഇടവക സ്ഥാപിതമായത്. വർഷങ്ങളായി അടഞ്ഞു കിടന്നിരുന്ന സെയിന്റ് വാലന്റയിൻ ദേവാലയം ന്യൂയോർക്ക് അതിരൂപത നാമമാത്രമായ വാടകയ്ക്ക് സീറോമലബാർ വിശ്വാസികൾക്കായി തരികയും 2002 മാർച്ച് 24-ാം തീയതി അന്നത്തെ ചിക്കാഗോ രൂപത ബിഷപ് മാർ ജേക്കബ് അങ്ങാടിയത്ത് സെയിന്റ് തോമസ് സീറോമലബാർ കത്തോലിക്കാ ദേവാലയം എന്ന് പുനഃനാമകരണം നടത്തി ആശീർവദിച്ച് വിശ്വാസികൾക്കായി സമർപ്പിച്ചു. ബ്രോങ്ക്സ് ഇടവക ആരംഭിക്കുന്നതിനായി കഠിനപ്രയത്നം നടത്തിയ ജോസ് മാളിയേക്കൽ, പരേതനായ തോമസ് ചാമക്കാല തുടങ്ങി എല്ലാ മുൻകാല നേതാക്കളെയും ഇടവക സമൂഹം നന്ദിയോടെ സിൽവർ ജൂബിലി വേളയിൽ സ്മരിക്കുന്നു. സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഒരുവർഷം നീണ്ടുനിൽക്കുന്ന വിവിധ പരിപാടികൾക്ക് ഇടവകഭരണസമിതി രൂപം നല്കിവരുന്നു.



# വീഡിയോ റിലീസ് മത്സരവുമായി ചെറുപുഷ്പ മിഷൻലീഗ്

**സിജോയി പറപ്പള്ളിൽ**

ചിക്കാഗോ: ചിക്കാഗോ രൂപതയിലെ ചെറുപുഷ്പ മിഷൻലീഗ് (സി.എം.എൽ) സംഘടന ദേശീയ തലത്തിൽ 'ദി സൈബർ സോവേഴ്സ്' എന്ന പേരിൽ വീഡിയോ റിലീസ് മത്സരം സംഘടിപ്പിക്കുന്നു. ചിക്കാഗോ രൂപതയുടെ രജത ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ചാണ് ഈ മത്സരം ഒരുക്കിയിരിക്കുന്നത്. കുട്ടികളും മുതിർന്നവരും അടങ്ങുന്ന വിവിധ ടീമുകൾക്ക് ഓരോ ഇടവകയിൽ നിന്നും പങ്കെടുക്കാം.

'സി.എം.എൽ വഴി സഭയിലും സമൂഹത്തിലും ഒരു മിഷനറിയായിരിക്കുക' (Be a missionary in the church and society through CML) എന്ന വിഷയത്തെ അടിസ്ഥാനമാക്കി റിലീസ് നിർമ്മിക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. വിജയികൾക്ക് കാഷ് അവാർഡുകളും ട്രോഫികളും സർട്ടിഫിക്കറ്റുകളും സമ്മാനിക്കും.

സോണിയ ബിനോയ് മത്സരത്തിന്റെ മുഖ്യ കോ-ഓർഡിനേറ്ററായി പ്രവർത്തിക്കുന്നു. സി.എം.എൽ രൂപത ഡയറക്ടർ ഫാ. ജോർജ് ദാനവേലിൽ, പ്രസിഡണ്ട് സിജോയി സിറിയക് പറപ്പള്ളിൽ, ജനറൽ സെക്രട്ടറി ടിസൺ തോമസ് എന്നിവരുടെ നേതൃത്വത്തിലുള്ള രൂപതാ എക്സിക്യൂട്ടീവ് കമ്മിറ്റി മത്സരം ക്രമീകരിക്കുന്നു.



# മോഹിനിയാട്ടത്തിൽ വേൾഡ് ഗിന്നസ് ഒരു സ്റ്റെപ്പ് അകലെ; ചരിത്രത്തിന്റെ ഭാഗമാകാൻ ഫൊക്കാന

**ശ്രീകുമാർ ഉണ്ണിത്താൻ**

ന്യൂയോർക്ക്: മോഹിനിയാട്ടത്തിൽ വേൾഡ് ഗിന്നസ് ചരിത്രത്തിന്റെ ഭാഗമാകാൻ ഫൊക്കാന ഒരുക്കുന്ന അപൂർവ്വ അവസരം. ഫൊക്കാന കൺവൻഷനിൽ കേരളത്തിന്റെ തനത് ലാസ്യനൃത്ത കലാരൂപമാണ് മോഹിനിയാട്ടം. ആ നാട്യശാസ്ത്രത്തിൽ അമേരിക്കയിൽ ഒരു ഗിന്നസ് വേൾഡ് റെക്കോർഡ് നേടുവാൻ ഫൊക്കാന ഇന്ത്യൻ അമേരിക്കൻ ഡാൻസേഴ്സിന് അവസരം ഒരുക്കുന്നു. നോർത്ത് അമേരിക്കയിൽ മോഹിനിയാട്ടം കളിക്കുകയും പഠിക്കുകയും ചെയ്യുന്ന ഡാൻസേഴ്സിന് കിട്ടുന്ന അസുലഭ സന്ദർഭമാണ് ഫൊക്കാന ഒരുക്കുന്നത്.

ലോകമെമ്പാടുമുള്ള മനുഷ്യനേട്ടങ്ങളുടെയും പ്രകൃതിയിലെ അത്ഭുതങ്ങളുടെയും ആധികാരിക ശേഖരമാണ് ഗിന്നസ് വേൾഡ് റെക്കോർഡുകൾ. അങ്ങനെയൊരു റെക്കോർഡ് മോഹിനിയാട്ടത്തിൽ ഈ കൺവൻഷനിലൂടെ നേടുന്നതിന് ഫൊക്കാന സുവർണ്ണാവസരമൊരുക്കുന്നു. ഗിന്നസ് വേൾഡ് റെക്കോർഡിൽ പങ്കാളികളാകുക എന്നത് വലിയൊരു ബഹുമതിയും പ്രിവിലേജുമാണ്. അസാദ്ധ്യവും അപൂർവവും അതുല്യവുമായ കാര്യങ്ങൾക്കാണ് ഗിന്നസ് റെക്കോർഡ് ലഭിക്കുക. ഈ ബഹുമതി നേടുവാൻ വേണ്ടിയാണ് ഫൊക്കാന നിങ്ങളെ ക്ഷണിക്കുന്നത്.

ഭാരതീയ സംസ്കാരത്തെ സംരക്ഷിക്കുന്നതിനും നമ്മുടെ കലകളും സാഹിത്യവും എത്രത്തോളം ഉന്നതമായ നിലവാരം പുലർത്തുന്നവയാണെന്നും നമ്മുടെ സംസ്കാരം മറ്റുള്ളവരുടേതിനേക്കാൾ ഒന്നുകൊണ്ടും താഴെയല്ലെന്നും വരും തലമുറയെ ബോദ്ധ്യപ്പെടുത്തേണ്ടതുണ്ട്. അതിനുള്ള പരിശ്രമങ്ങളുടെ ഭാഗമായിട്ടാണ് മലയാളത്തിലെ ഒരേയൊരു ശാസ്ത്രീയ നൃത്തകലയായ മോഹിനിയാട്ടത്തിൽ നാം ഒരു ഗിന്നസ് റെക്കോർഡിനു വേണ്ടി പരിശ്രമിക്കുന്നത്.

ചിലർ ചോദിച്ചേക്കാം 'ഒരു ഗിന്നസ് റെക്കോർഡ് കൊണ്ട് എന്ത് പ്രയോജനം' എന്ന്. എന്നാൽ, ആയിരങ്ങൾ ഒരേ മനസ്സോടെ ഒന്നിക്കുമ്പോൾ അതൊരു വലിയ സന്ദേശമായി മാറുന്നു. പ്രവാസത്തിന്റെ ഏകാന്തതയിൽ നിന്നും തിരക്കുകളിൽ നിന്നും മാറി, സ്വന്തം സംസ്കാരത്തെ മുറുകെപ്പിടിക്കുന്ന ഓരോ മലയാളിയുടെയും ജീവിതത്തിന്റെ അടയാളപ്പെടുത്തലാണിത്. സ്വന്തം സംസ്കാരം കാത്തു സൂക്ഷിക്കുകയും അത് നമ്മുടെ വരുംതലമുറയിലേക്ക് കൈമാറുകയും ചെയ്യുക എന്നത് നമ്മുടെ കടമയാണ്.

വേദികളിൽ എത്താതെ പോയവർക്കും അംഗീകാരം ആഗ്രഹിക്കുന്നവർക്കും വേണ്ടിയുള്ള ഒരു വലിയ വേദി കൂടിയാണിത്. കാലം മാറുമ്പോൾ സഹാനുഭൂതിയും പിന്തുണയും ആവശ്യമായ പ്രവാസി സഹോദരങ്ങൾക്ക് ഒരു സമൂഹത്തിന്റെ കരുതലും ശ്രദ്ധയും ഉറപ്പാക്കുക എന്ന ലക്ഷ്യംകൂടി ഫൊക്കാന ഈ സംഗമത്തിനു നല്കുന്നുണ്ട്.

ഓഗസ്റ്റ് 8-ന് വൈകുന്നേരം 3 മണിക്ക് നടക്കുന്ന ഈ ഗിന്നസ് റെക്കോർഡ് ശ്രമത്തിൽ പങ്കെടുക്കുന്നവർക്ക് ഔദ്യോഗിക സർട്ടിഫിക്കറ്റും 60 മണിക്കൂർ വെരിഫൈഡ് വോളന്റിയർ അവേഴ്സും ലഭിക്കുന്നതാണ്. കൂടാതെ മികച്ച മൂന്ന് ഡാൻസ് സ്കൂളുകൾക്ക് വിവിഐപി പുരസ്കാരങ്ങളും നല്കും. (based on their Participation level) പങ്കെടുക്കുന്ന മോഹിനിയാട്ടം ഡാൻസേഴ്സിന് ഓഗസ്റ്റ് 8-ന് ഡേ രജിസ്ട്രേഷൻ ഫ്രീ ആണ്. (Worth $400.00) അതുപോലെ തന്നെ മോഹിനിയാട്ടം കോസ്റ്റ്യൂമും ഫ്രീ ആയി നല്കുന്നതാണ്.

ഇന്ത്യയുടെ ഉപരാഷ്ട്രപതി, കേരള മുഖ്യമന്ത്രി, കേരള ഗവർണർ, ന്യൂജേഴ്സി ഗവർണർ, പദ്മവിഭൂഷൺ അടൂർ ഗോപാലകൃഷ്ണൻ, പദ്മശ്രീ എം.എ. യൂസഫലി, പദ്മശ്രീ മട്ടന്നൂർ ശങ്കരൻകുട്ടി, പ്രമുഖ സിനിമാതാരങ്ങളായ നവ്യാ നായർ, അന്നാ ബെൻ, പ്രൊഫ. ഗോപിനാഥ് മുതുകാട് തുടങ്ങിയ പ്രമുഖർ സാക്ഷ്യം വഹിക്കുന്ന ഈ ചരിത്രപരമായ മുന്നേറ്റത്തിൽ പ്രമുഖ ഡാൻസ് ടീച്ചറായ ഗുരു ബീനാ മേനോനും ടീമിനും ഒപ്പം അണിചേരാനും ഇപ്പോൾതന്നെ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

അമേരിക്കയിലെ പ്രധാന ഡാൻസ് ടീച്ചേഴ്സും ഗുരുക്കന്മാരുമായ ബിന്ധ്യ ശബരി, ദേവിക നായർ, ലിസ ജോസഫ്, ലതിക നായർ, അശ്വതി അരുൺ, ബേസിൽ കാളഹർട്സ്, ബേബി തടവനാൽ, ആശ അഗസ്റ്റിൻ, മാലിനി നായർ, നീന ഫിലിപ്പ്, സൗമ്യാ, ചന്ദ്രിക കുറുപ്പ്, ലക്ഷ്മി കുറുപ്പ്, ആഞ്ജന ആൽബനി, സുഷമ പ്രവീൺ, നിമ്മി ദാസ്, സുജിത് തോന്നാറിൽ, റൂബീന സുദർശൻ തുടങ്ങി നിരവധി ഡാൻസ് സ്കൂളുകളും ടീച്ചേഴ്സും ഇതിന്റെ ഭാഗമായി മുന്നോട്ടു പോകുമ്പോൾ നിങ്ങൾ ഓരോരുത്തരെയും ഇതിന്റെ ഭാഗമാകുവാൻ ക്ഷണിക്കുകയാണ്.




നിശ്ചിത സമയത്തിനുള്ളിൽ അവതരിപ്പിക്കാവുന്ന മോഹിനിയാട്ടം എത്രയും നന്നാക്കാമോ അത്രയും നന്നാക്കുക എന്ന ശൈലിയിലൂടെയാണ് ഫൊക്കാന മുന്നോട്ടു പോകുന്നത്. ഏറ്റവും മികവോടു കൂടിയ ഈ മോഹിനിയാട്ടം പ്രോഗ്രാം അവതരിപ്പിച്ചു ഗിന്നസ് റെക്കോർഡ് നേടുക എന്നതാണ് ഫൊക്കാനയുടെ ലക്ഷ്യം എന്ന് പ്രസിഡണ്ട് സജിമോൻ ആന്റണി അഭിപ്രായപ്പെട്ടു.

ഫൊക്കാന ഇന്റർനാഷണൽ കൺവൻഷൻ 2026 ഓഗസ്റ്റ് 6 മുതൽ 9 വരെ പെൻസിൽവേനിയയിലെ മനോഹരമായ പോക്കനോസ് മൗണ്ടൻസിലെ കൽഹാരി റിസോർട്ടിൽ നടക്കുമ്പോൾ അത് ഫൊക്കാനയുടെയും മറ്റ് ഏത് പ്രവാസി സംഘടനകളുടെയും ചരിത്രത്തിൽ ഇന്നുവരെ കണ്ടിട്ടില്ലാത്ത ഒരു കൺവൻഷന് സാക്ഷിയാകുന്ന ചരിത്ര നിമിഷങ്ങളിലേക്ക് നിങ്ങളെയും ക്ഷണിക്കുകയാണ്.

ഈ സമൂഹത്തിലെ ഓരോ ജീവിതത്തിനും ഒരു സ്ഥാനം ഉണ്ട്. ഒരു കലാകാരിയുടെ പ്രകടനം മാത്രമല്ല മോഹിനിയാട്ടം. അത് ദൈവത്തിന്റെ കൈയൊപ്പ് പതിഞ്ഞ കലയാണ്. ലക്ഷ്യം ശരിയെങ്കിൽ അതിലേക്കുള്ള വഴിയും ധർമ്മമാകും. അങ്ങനെ ഗിന്നസ് ബുക്കിലേക്ക് നമുക്ക് നടന്നു കയറാം. ചരിത്രം വഴിമാറട്ടെ.

## ഏലിയാമ്മ ഏബ്രഹാം അന്തരിച്ചു



ഡാളസ്: ദീർഘകാലം ചിക്കാഗോ ഹിൽസൈഡിൽ താമസിച്ചിരുന്ന ഏബ്രഹാം കുര്യന്റെ (ബേബിച്ചായൻ) ഭാര്യ ഏലിയാമ്മ ഏബ്രഹാം (കുഞ്ഞുമോൾ-75) ഡാളസിൽ അന്തരിച്ചു. റാന്നി കൊറ്റനാട് പനത്തോട്ടത്തിൽ കുടുംബാംഗമാണ്. റാന്നി ഐപിസി കൊറ്റനാട് സഭാംഗമായിരുന്നു. മക്കൾ: ലിൻഡ, ലാൻസ്, ലീന. സഹോദരങ്ങൾ: കുഞ്ഞുമോൻ (ഡൽഹി), മോളി (ചിക്കാഗോ), സാബു (ചിക്കാഗോ). സംസ്കാരം ചിക്കാഗോ ഇന്റർ നാഷണൽ പെന്തെക്കോസ്ത് അസംബ്ലിയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 25-ന് ശനിയാഴ്ച രാവിലെ 9.30-ന് സയോൻ ക്രിസ്ത്യൻ ചർച്ചിൽ ആരംഭിക്കുന്ന ശുശ്രൂഷകൾക്കു ശേഷം ഉച്ചയോടെ മേരിഹിൽ സെമിത്തേരിയിൽ നടക്കും.

**വാർത്ത: കുര്യൻ ഫിലിപ്പ്**



KERALA EXPRESS പ്രവാസി താളുകൾ

# മലയാളി സന്യാസിനി സംഗമം ചിക്കാഗോയിൽ വർണ്ണാഭമായി നടത്തപ്പെട്ടു

**റോയി ചേലമലയിൽ**

ചിക്കാഗോ: സെ. തോമസ് സീറോ മലബാർ രൂപതാ സ്ഥാപനത്തിന്റെയും അഭിവന്ദ്യ ജേക്കബ് അങ്ങാടിയത്ത് പിതാവിന്റെ മെത്രാഭിഷേകത്തിന്റെയും രജത ജൂബിലിയുടെ ഭാഗമായി അമേരിക്കയിലും കാനഡയിലും ശുശ്രൂഷ സിനി സമൂഹങ്ങളുടെ പ്രതിനിധികളുടെയും സാന്നിദ്ധ്യത്തിൽ അമേരിക്കയിലെ റിതുവേനിയൻ ബൈസന്റൈൻ കത്തോലിക്കാ രൂപതയുടെ ബിഷപ് റോബർട്ട് പിപ്റ്റ ഉദ്ഘാടനം ചെയ്തു.

ഉച്ചകഴിഞ്ഞു നടന്ന സെമിനാറിന് പിതാവും നിരവധി വൈദികരും സഹകാർമ്മികരായിരുന്നു.

തുടർന്ന് മുത്തുക്കുടകളുടെയും ചെണ്ടമേളങ്ങളുടെയും അകമ്പടിയോ വിളക്കു കൊളുത്തി ഉദ്ഘാടനം ചെയ്തു. ബിഷപ് ജോയി ആലപ്പാട്ട് അദ്ധ്യക്ഷനായിരുന്നു. ജൂബിലേറിയൻ ബിഷപ് ജേക്കബ് അങ്ങാടിയത്ത്, വാഷിങ്ടൺ വൈറ്റ് ഹൗസ് ഫെയ്ത്ത് ഓഫീസിലെ മതാന്തര ബന്ധങ്ങളുടെ ല്കിയവരെയും സാമ്പത്തിക സഹായം നല്കിയവരെയും ആദരിച്ച ചടങ്ങിന് സേക്രഡ് ഹാർട്ട് ക്നാനായ ഫൊറോന വികാരി ഫാ. ഏബ്രഹാം കളരിക്കൽ നേതൃത്വം നല്കി. ചിക്കാഗോ സീറോമലബാർ രൂപതാ വികാരി ജന








ചെയ്യുന്ന എല്ലാ മലയാളി സിസ്റ്റേഴ്സിന്റെയും സംഗമം ചിക്കാഗോ ബെൻസെൻവിൽ സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ അരങ്ങേറി. ഇതോടനുബന്ധിച്ച പൊതുസമ്മേളനം നിരവധി വൈദിക മേലദ്ധ്യക്ഷന്മാരുടെയും 28-ൽപരം സന്യാ സ്പ്രിംങ്ഫീൽഡിലെ ബിഷപ് അഭി. തോമസ് പപ്പറോക്കി നേതൃത്വം നല്കി. അഞ്ചു മണിക്കു നടന്ന സമൂഹബലിയിൽ ബിഷപ് മാർ ജോയി ആലപ്പാട്ട് മുഖ്യകാർമ്മികനായിരുന്നു. ബിഷപ് റോബർട്ട് പിപ്റ്റ വചനസന്ദേശം നല്കി. അഭി. ജേക്കബ് അങ്ങാടിയത്ത് ടെ ഈ സംഗമത്തിൽ പങ്കെടുത്ത ഇരുനൂറ്റിഅമ്പതിൽപ്പരം സന്യാസിനികളെ പ്രദക്ഷിണമായി സമ്മേളന നഗരിയിലേക്ക് ആനയിച്ചു. തുടർന്നു നടന്ന പൊതുസമ്മേളനം റിതുവേനിയൻ ബൈസന്റൈൻ കത്തോലിക്കാ രൂപതയുടെ ബിഷപ് റോബർട്ട് പിപ്റ്റ നിലവിളക്കു... ലെയ്സൻ ഓഫീസറും മലങ്കര ഓർത്തഡോക്സ് രൂപതാംഗവുമായ റവ. ഫാ. അലക്സാണ്ടർ കുര്യൻ, ഡൊമിനിക്കൻ സന്യാസിനി റവ. സിസ്റ്റർ അമേലിയ, സിസ്റ്റർ ആനി സെറീൻ എന്നിവർ അനുഗ്രഹ പ്രസംഗങ്ങൾ നടത്തി.

ഈ സംഗമത്തിനു നേതൃത്വം ന റാൾമാരായ ഫാ. തോമസ് മുളവനാൽ, ഫാ. ജോൺ മേലേപ്പുറം, ഫാ. തോമസ് കടുകപ്പള്ളിൽ, രൂപതാ ചാൻസലർ ഫാ. ജോൺസൺ കോവൂർ പുത്തൻപുരയിൽ, ബെൻസൻവിൽ സേക്രഡ് ഹാർട്ട് പള്ളി വികാരി ഫാ. ഏബ്രഹാം കളരിക്കൽ,

(ശേഷം 28-ാം പേജിൽ)


# ഡാളസ് ഇടവകയിൽ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണം ഏപ്രിൽ 25-ന്


**ജോക്കുട്ടി മേലേടത്ത്**

ഡാളസ്: ഡാളസ് ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ പള്ളി ഇടവകയിൽ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണം ഏപ്രിൽ 25-ന് ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3.30-ന് നടത്തപ്പെടും. ഈ വർഷം 29 കുട്ടികളാണ് ദിവ്യകാരുണ്യ നാഥനെ ആഘോഷമായി സ്വീകരിക്കാൻ പ്രാർത്ഥനാപൂർവം ഒരുങ്ങിയിരിക്കുന്നത്.

ലിയാ മാടപറമ്പത്ത്, നേത്തൻ മാടപറമ്പത്ത്, നിയ തടത്തിൽ, മിലാഹ് എട്ടുപറയിൽ, അലക്സിസ് ചെമ്മാച്ചേൽ, നീവാഹ് വിരുത്തിക്കുളങ്ങര, ക്ലയർ അരിച്ചിറ, നീൽ ചെമ്മാച്ചേൽ, കാതറിൻ സ്രാമ്പിച്ചിറ, എലിയറ്റ് മുടിക്കുന്നേൽ, സഞ്ജന കാവിൽ, ജോഷ്വാ പുത്തൻപറമ്പിൽ, ജോഷ്വാ ഏലൂർ, ജോർജ് കാരത്തുരുത്തേൽ, ജറമിയ ഓളിയിൽ, ഫെലിക്സ് കോയിത്തറ, അഷേർ തകടിയേൽ, ജെസീക്ക അറയ്ക്കപറമ്പിൽ, സെയിറ കുടിലിൽ, എയ്ഡൻ പൗവ്വത്തേൽ, ആഡ്രൂ പച്ചിക്കര, മിലൻ വിരുത്തിക്കുളങ്ങര, ജെമി കുഴിപ്പിൽ, ഗ്രയിസ് അത്തിമറ്റത്തിൽ, നിയ വിശാഖന്തറ, ജോഷ്യാ കണ്ടത്തിൽ, ബെഞ്ചമിൻ പയ്യമ്പള്ളിൽ, മലിയ ചേന്നക്കാട്ട്, സെറീന ചാമക്കാല എന്നിവരാണ് ദിവ്യകാരുണ്യ സ്വീകരണത്തിനായി ഒരുങ്ങുന്നത്.

ഇവരുടെ മാതാപിതാക്കളുടെ വിവിധ കമ്മിറ്റി അംഗങ്ങളുടെ നേതൃത്വത്തിൽ ഒരുക്കങ്ങൾ പുരോഗമിക്കുന്നു. ഇടവകയുടെ ഏറെ അനുഗൃഹീതമായ ഈ ദിവസത്തിന്റെ പുണ്യം കുഞ്ഞുങ്ങളിൽ നിറയാൻ ഏവരും പ്രാർത്ഥിക്കണമെന്ന് വികാരി ഫാ. ബിൻസ് ചേത്തലിൽ ഏവരോടും ആവശ്യപ്പെട്ടു.



# VICTORY ON A PLATTER, JUDGMENT ON TRIAL

George Abraham

The great Vince Lombardi, the legendary coach of the Green Bay Packers, is famously credited with the line: “Winning isn’t everything, it’s the only thing.” Taken at face value, it can sound harsh, even ruthless. But its real meaning is far deeper and far more demanding. Winning, in Lombardi’s philosophy, is not an accident or a moment, but it is the outcome of total commitment. It demands preparation, discipline, teamwork, and relentless effort. It calls for an uncompromising pursuit of excellence and absolute focus. At its core, it is not about arrogance or obsession with victory, but about refusing to accept mediocrity. It is, ultimately, a call to pursue excellence with intensity, clarity, and purpose.

Kerala now stands at such a moment. The people have already delivered their verdict—the formal declaration is only a matter of time. Yet, even before the dust has settled, power brokers across factions are busy positioning themselves, lobbying, and speculating about leadership in the next government. The prevailing sentiment is that the UDF is poised to emerge victorious, bringing to an end what many view as a decade of deeply flawed governance under Pinarayi Vijayan.

This naturally leads to the question dominating public discourse: who will lead a UDF government as Chief Minister? But frankly, it is a question that should not even arise. For the past five years, one leader has stood at the forefront, unyielding in exposing the failures of the CPI(M)- led government, unwavering in defending the core ideals of the Congress party, and meticulous in strategy, delivering consistent victories in by-elections and municipal contests. Today, that leadership stands on the threshold of a decisive mandate, the culmination of sustained effort and political clarity. When the path has been so clearly defined and when leadership has already been demonstrated in action, not in rhetoric, why is there even a debate?



George Abraham

V.D. Satheesan has earned his stripes. Leadership is not bestowed by entitlement, speculation, or last-minute maneuvering; it is forged over time through consistency, sacrifice, and the courage to stand firm when it matters most. Stripes are earned in the trenches and not claimed in corridors through sycophancy. At a moment of clear public mandate, leadership should not be reduced to speculation or internal maneuvering. It must be recognized where it has already been tested and proven. In this case, the stripes have already been earned.

This is also a moment to recognize a broader and equally important transition—the passing of the torch to a new generation. Every political movement renews itself by empowering leaders who have proven their mettle in contemporary battles, understand today's aspirations, and are prepared to shape the future with clarity and conviction. Renewal is not a break from the past, but a continuation of its values through fresh energy and decisive leadership. One generation had a monopoly for far too long, and the consequences are evident before us.

No leader is without flaws. Perfection, in any field, is an illusion and at best a rare accident. What truly matters is the constant striving towards that ideal. Decisiveness may, at times, be mistaken for arrogance, but leadership cannot be paralyzed by the fear of perception. It demands clarity, conviction, and the courage to act. A leader should not be judged by isolated moments or selective fragments, but by the totality of their work: the full arc of their decisions, their intent, and their results. There will always be critics; that is inevitable in public life. But history has a way of making its own distinctions. After all, no statues are ever built for critics.

George Santayana once warned, “Those who cannot remember the past are condemned to repeat it.” It is a reminder that history is not a distant archive but a mirror. Time and again, it shows us how complacency, the concentration of power, the erosion of institutions, intolerance, mismanagement, and above all, the refusal to listen to dissenting voices have led to failure.

Learning from history does not mean remaining trapped in it. It means cultivating sound judgment, the courage to confront uncomfortable truths, and the discipline to act differently when it matters. Past political experiences in states like Madhya Pradesh, Rajasthan, and Chhattisgarh stand as clear reminders that no leadership, however strong it may appear, is immune to setbacks when lessons are ignored. The challenge now before decision-makers is simple but critical: do not repeat those mistakes.

The people of Kerala, both at home and across the world, are watching closely. A mandate may be handed over, but whether it is honored through prudent, thoughtful, and forward-looking decisions is the true test that lies ahead. It truly begins with who should be at the helm?

# ഫോമാ കൺവൻഷൻ ഏർളിബേർഡ് രജിസ്ട്രേഷന് മികച്ച പ്രതികരണം; ഏപ്രിൽ 30-ന് മുമ്പ് പെയ്മെന്റ് പൂർത്തിയാക്കണം

എ.എസ്. ശ്രീകുമാർ

ഹൂസ്റ്റൺ: ഫോമായുടെ ഒൻപതാം ഫാമിലി കൺവൻഷൻ 2026-ന്റെ ഏർളി ബേർഡ് രജിസ്ട്രേഷന് ആവേശകരമായ പ്രതികരണമാണുള്ളതെന്നും ഇത് കൺവൻഷനെ ഒരു ഉത്സവമാക്കി മാറ്റാനുള്ള ജനങ്ങളുടെ ആഗ്രഹത്തിന്റെ തെളിവാണെന്നും പ്രസിഡണ്ട് ബേബി മണക്കുന്നേൽ പറഞ്ഞു. വിവിധ കോണുകളിൽ നിന്നുള്ളവരുടെ അഭ്യർത്ഥന മാനിച്ച് ഏർളി ബേർഡ് രജിസ്ട്രേഷൻ ഏപ്രിൽ 30 വരെ നീട്ടിയിട്ടുണ്ട്. ഏർളി ബേർഡ് രജിസ്ട്രേഷന്റെ മുഴുവൻ തുകയും ഏപ്രിൽ 30-നു മുൻപ് അടയ്ക്കേണ്ടതാണെന്നും എങ്കിൽ മാത്രമേ കൺവൻഷനിൽ പങ്കെടുക്കുന്നവർക്ക് ഏർളി ബേഡ് രജിസ്ട്രേഷന്റെ ആനുകൂല്യം ലഭിക്കുകയുള്ളുവെന്നും ബേബി മണക്കുന്നേൽ വ്യക്തമാക്കി.



ബേബി മണക്കുന്നേൽ



ബൈജു വർഗീസ്



സിജിൽ പാലക്കലോടി



ഷാലു പുന്നൂസ്



പോൾ പി. ജോസ്



അനുപമ കൃഷ്ണൻ

ഏപ്രിൽ 30-നുശേഷം സിംഗിൾ രജിസ്ട്രേഷന് 875 ഡോളറും ഡബിൾ രജിസ്ട്രേഷന് 1,500 ഡോളറും ആയിരിക്കും. ബൈലോ പ്രകാരം ഫോമാ ഇലക്ഷനിൽ പങ്കെടുക്കുന്ന ഡെലിഗേറ്റുകൾക്ക് സിംഗിൾ രജിസ്ട്രേഷന് 750 ഡോളറും ഡബിൾ രജിസ്ട്രേഷന് 1,250 ഡോളറും ആയിരിക്കും. അതേസമയം, ഏപ്രിൽ 30-ന് ശേഷം റഗുലർ രജിസ്ട്രേഷൻ തുടരും. നിശ്ചിത തീയതിക്കു മുമ്പായി രജിസ്ട്രേഷൻ പൂർത്തീകരിച്ചവരെ മാത്രമേ ഇലക്ഷനിൽ വോട്ട് ചെയ്യുന്ന ഡെലിഗേറ്റുകളുടെ ലിസ്റ്റിൽ അവരെ ഉൾപ്പെടുത്തി ഇലക്ഷൻ കമ്മീഷന് കൈമാറുകയുള്ളൂ.

ഫോമാ കുടുംബാംഗങ്ങൾ ഉൾപ്പെടെയുള്ളവർക്ക് പങ്കെടുക്കാവുന്ന വിധത്തിലാണ് കൺവൻഷൻ വിഭാവനം ചെയ്തിരിക്കുന്നതെന്ന് ബേബി മണക്കുന്നേൽ വിശദീകരിച്ചു. കൺവൻഷന്റെ ഉദ്ഘാടനം മുതൽ പങ്കെടുക്കുന്നവർക്കുള്ള കോഫിയും സ്നാക്സുകളും ഉൾപ്പെടെ സമാപന ദിവസമായ രണ്ടാം തീയതിയിലെ ബ്രേക്ക്ഫാസ്റ്റ് വരെ എല്ലാ ദിവസങ്ങളിലേക്കുമുള്ള ഭക്ഷണം രജിസ്ട്രേഷനിൽ ഉൾപ്പെടുന്നതാണ്.

നൂറ് അംഗസംഘടനകൾ തികച്ച് റിക്കാർഡ് സ്ഥാപിച്ച ഫോമാ അതിന്റെ 9-ാം നാഷണൽ കൺവൻഷനുള്ള വിപുലമായ തയ്യാറെടുപ്പുകളിലാണ്. 2008-ൽ ഫോമാ പിറന്ന അതേ മണ്ണായ ഹൂസ്റ്റണിലാണ് മറ്റൊരു ഫാമിലി കൺവൻഷന് കൂടി തിരശ്ശീല ഉയരുന്നത്. ജൂലൈ 30, 31, ഓഗസ്റ്റ് 1, 2 (വ്യാഴം, വെള്ളി, ശനി, ഞായർ) തീയതികളിൽ വിഖ്യാതമായ എൻ.ആർ.ജി. സ്റ്റേഡിയത്തിനു തൊട്ട് എതിർവശത്തുള്ള ആഡംബര ഹോട്ടൽ സമുച്ചയമായ വിൻധം ഹൂസ്റ്റണിൽ അരങ്ങേറുന്ന കൺവൻഷൻ അവിസ്മരണീയമാക്കാനുള്ള തീവ്രയജ്ഞത്തിലാണ് സംഘാടകർ.

കൺവൻഷന്റെ ഒന്നാം ദിനമായ ജൂലൈ 30-ാം തീയതി എല്ലാ റീജിയനുകളിൽ നിന്നുള്ളവരെ ഉൾപ്പെടുത്തിക്കൊണ്ട് തിരുവാതിരയുടെയും ചെണ്ടമേളത്തിന്റെയും അകമ്പടിയോടെയുള്ള ഘോഷയാത്രയ്ക്കുശേഷം ഉദ്ഘാടനസമ്മേളനം നടക്കും. അന്നേദിവസം വിമൻസ് ഫോറത്തിന്റെ ആഭിമുഖ്യത്തിലുള്ള ഫാഷൻ ഷോയും മിസ്റ്റർ ആൻഡ് മിസ് ഫോമാ മത്സരവും അരങ്ങേറും. രണ്ടാം ദിവസമായ ജൂലൈ 31-ന് വെള്ളിയാഴ്ച ഫോമായുടെ 2026-28 കാലഘട്ടത്തിലേക്കുള്ള ഇലക്ഷൻ നടക്കും. അതോടൊപ്പം അമേരിക്കയിലേയും കാനഡയിലേയും മികച്ച ഗായകരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഗാനമേളയും വിവിധ മത്സരങ്ങളും അരങ്ങ് കൊഴുപ്പിക്കും.

മൂന്നാം ദിവസമായ ഓഗസ്റ്റ് ഒന്നിന് ശനിയാഴ്ച ബിസിനസ് മീറ്റ്, വിവിധ വിഷയങ്ങളെ സംബന്ധിക്കുന്ന സെമിനാറുകൾ തുടങ്ങിയവ ശ്രദ്ധേയമാകും. ബാങ്ക്വറ്റോടു കൂടിയുള്ള സമാപനസമ്മേളനവും തുടർന്ന് കേരളത്തിൽ നിന്നെത്തുന്ന പ്രശസ്ത കലാപ്രതിഭകൾ അണിനിരക്കുന്ന സ്റ്റേജ് ഷോയും മറ്റൊരു ഹൈലൈറ്റാണ്. ഓഗസ്റ്റ് രണ്ടാം തീയതി ഞായറാഴ്ച ബ്രേക്ക്ഫാസ്റ്റിനുശേഷം രാവിലെ 11 മണിയോടെ ഫോമാ ഒൻപതാമത് ഫാമിലി കൺവൻഷന് ഔപചാരികമായി തിരശ്ശീല വീഴും.

കൺവൻഷനോടനുബന്ധിച്ച് നടത്തുന്ന ടൂറുകൾ ആവേശകരമാകും. 29-ന് ബുധനാഴ്ച രാവിലെ എട്ട് മണിക്ക് കൺവൻഷൻ സെന്ററിൽ നിന്ന് നാസ സന്ദർശിക്കുന്ന സംഘം പുറപ്പെടും. വൈകുന്നേരം നാലിന് അവർ മടങ്ങിയെത്തും. അതുപോലെ രണ്ടാം തീയതി ഞായറാഴ്ച രാവിലെ എട്ട് മണി മുതൽ വൈകിട്ട് ആറു മണി വരെ സാൻ അന്റോണിയോ റിവർ വാക്കിലേക്കുള്ള ടൂറും സംഘടിപ്പിച്ചിട്ടുണ്ട്.

കൺവൻഷന്റെ വിജയത്തിനായി വിവിധ കമ്മിറ്റികൾ ഊർജ്ജസ്വലമായി പ്രവർത്തിച്ചുവരുന്നു. പ്രസിഡണ്ട് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡണ്ട് ഷാലു പുന്നൂസ്, ജോ. സെക്രട്ടറി പോൾ ജോസ്, ജോ. ട്രഷറർ അനുപമ കൃഷ്ണൻ തുടങ്ങിയവർ ഫാമിലി കൺവൻഷൻ സംബന്ധിച്ച വിവിധ കമ്മിറ്റികളുടെ തയ്യാറെടുപ്പുകൾക്ക് മേൽനോട്ടം വഹിക്കുന്നു. സുബിൻ കുമാരനാണ് കൺവൻഷൻ ചെയർമാൻ.


GREEN NESTLE
VACATION HERITAGE HOME
Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India
For Vacation and Holiday rentals.
Licensed Home stay, Safe and Secured.
3 A/C rooms, Unique Packages for 2-8 people very economical.
Individual Room rental for families.
Fruits and vegetable Garden.
Feels like farm house with Pets, Animals, Fish and birds.
Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
Adhering Food Safety Regulations.
Caretaker to help you in as your needs, Travel Desk and Tour Package Facilities
CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com


THANNIKKARY
VACATION HOME
S.H.MOUNT P.O., KOTTAYAM 686006, KERALA
FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by, All Bedrooms are AC with attached bathrooms
For booking:
ABRAHAM THANNIKARI
USA - 346-632-6716
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com


B&M
AUTO COLLISION CTR
Fast & Efficient
Quality Repair
We work with all Insurance Companies
Call Anish Eapen
773-263-9863
4440 West Addison, Chicago, IL 60641
773.685.3200
773.685.7388
www.bmautocollision.com

# ക്ലെയിമുകൾ തള്ളി കമ്പനി; മെഡിസെപ്പിനെതിരെ പരാതിപ്രളയം

തിരുവനന്തപുരം: കേരള സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അവരുടെ ആശ്രിതർക്കുമായി നടപ്പാക്കിയ രണ്ടാംഘട്ട മെഡിസെപ് ആരോഗ്യ ഇൻഷുറൻസ് പദ്ധതിക്കെതിരെ പരാതിപ്രളയം. ആശുപത്രികൾ അമിതമായി തുക ഈടാക്കുന്നു, മുൻകൂട്ടി പണം വാങ്ങിയ ശേഷം മാത്രം ചികിത്സ ലഭ്യമാക്കുന്നു, ക്ലെയിമുകൾ പ്രത്യേക കാരണങ്ങളില്ലാതെ ഇൻഷുറൻസ് കമ്പനി തള്ളുന്നു തുടങ്ങിയവയാണു പ്രധാന പരാതികൾ.

ഈയിടെ വാഹനാപകടത്തിൽ ഗുരുതര പരുക്കേറ്റ മകന്റെ ചികിത്സയ്ക്കായി 8.27 ലക്ഷം രൂപ ചെലവിട്ട കാസർഗോഡ് സ്വദേശിക്ക് അനുവദിച്ചത് 10,000 രൂപ മാത്രം. പ്രശ്നപരിഹാരത്തിനായി മെഡിസെപ് ടോൾ ഫ്രീ നമ്പറിലേക്കു വിളിച്ചാൽ ആരും എടുക്കാറുമില്ല.

ആദ്യഘട്ട മെഡിസെപ് പദ്ധതിയെക്കുറിച്ചു വ്യാപക പരാതി ഉയർന്നതിനെത്തുടർന്ന് പ്രീമിയം തുക കൂട്ടി ഈ വർഷം ഫെബ്രുവരി ഒന്ന് മുതലാണ് മെഡിസെപ് 2.0 നടപ്പാക്കിയത്.

ജീവനക്കാരും പെൻഷൻകാരുമടക്കം 10 ലക്ഷത്തോളം പേരാണ് 687 രൂപ നിർബന്ധിത പ്രീമിയം അടയ്ക്കുന്നത്. അഞ്ച് ലക്ഷം രൂപയാണ് വാർഷിക ചികിത്സാ പരിരക്ഷ. ഉയർന്ന പാക്കേജുകളിലേക്കു മാറുമ്പോൾ കൂടുതൽ ആശുപത്രികൾ പദ്ധതിയുമായി സഹകരിക്കുമെന്നും അതിനുവേണ്ടിയാണ് പ്രീമിയം തുക വർധിപ്പിച്ചതെന്നുമായിരുന്നു സർക്കാർ വിശദീകരണം.

ഓരോ ചികിത്സയ്ക്കുമുള്ള നിശ്ചിത തുക അംഗീകരിച്ച് ആശുപത്രികൾ സർക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും ഇതിനെക്കാൾ ഉയർന്ന തുകയ്ക്കാണു ചികിത്സ കഴിയുമ്പോൾ ബിൽ ചെയ്യുന്നത്. കരാർ പ്രകാരമുള്ള തുക മെഡിസെപ്പിൽനിന്നും ബാക്കി തുക രോഗിയിൽനിന്നും ഈടാക്കുന്നു. ബിൽ തുകയിൽ പലപ്പോഴും ഇൻഷുറൻസ് കമ്പനി അംഗീകരിക്കുന്നത് 10 ശതമാനത്തിൽ താഴെ മാത്രമാണ്.

മെഡിസെപ്പിൽനിന്നു പണം ലഭിക്കുന്ന കാര്യത്തിൽ ഉറപ്പില്ലാത്തതിനാൽ രോഗികളിൽനിന്നു മുൻകൂർ തുക വാങ്ങുന്ന രീതി പതിവായി. ചികിത്സ കഴിഞ്ഞ് ആശുപത്രി വിടുംമുൻപ് രോഗി ബാക്കി തുകയും അടയ്ക്കണം. മെഡിസെപ്പിൽനിന്നു പണം അനുവദിച്ചാൽ മാത്രമേ ഇതു തിരികെ നൽകൂ. ഇതോടെ മെഡിസെപ്പിൽ ലഭ്യമാക്കേണ്ട കാഷ്‌ലെസ് സൗകര്യം ഇല്ലാത്ത സ്ഥിതിയായി.

പരാതിപരിഹാര ടോൾഫ്രീ നമ്പറിൽ വിളിച്ചാൽ റിക്കാർഡ് ചെയ്തുവെച്ച പൊതുവിവരങ്ങൾ കേൾക്കാമെന്നല്ലാതെ പരാതി അറിയിക്കാൻ ആളെ കിട്ടില്ല.

അതിനാൽ ജില്ലാതല ഉപഭോക്തൃ തർക്കപരിഹാര ഫോറങ്ങളെ സമീപിക്കുകയാണു പലരും. ഇവിടെ മെഡിസെപ് പരാതികൾ വർധിക്കുകയാണ്.

# സമുദ്രവ്യാപാര മേഖലയ്ക്കായി 'ഭാരത് മാരിടൈം ഇൻഷ്വറൻസ് പൂൾ'

ന്യൂഡൽഹി: പശ്ചിമേഷ്യൻ സംഘർഷങ്ങൾക്കിടയിൽ ഇന്ത്യയുടെ ചരക്കുനീക്കം സുരക്ഷിതമാക്കാൻ ലക്ഷ്യമിട്ട് ഭാരത് മാരിടൈം ഇൻഷ്വറൻസ് പൂൾ (ബിഎംഐ പൂൾ) രൂപീകരിക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന കേന്ദ്ര മന്ത്രിസഭായോഗം അനുമതി നല്കി. 12,980 കോടി രൂപയുടെ പരമാധികാര ഗാരന്റിയോടെയാണ് ഈ ഇൻഷ്വറൻസ് പദ്ധതി കേന്ദ്രസർക്കാർ നടപ്പാക്കുന്നത്. ഇതനുസരിച്ച് ഇൻഷ്വറൻസ് എടുക്കുന്ന ചരക്കു കപ്പലുകൾക്ക് പരമാവധി 12,980 കോടി രൂപയുടെ വരെ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. സംഘർഷഭരിതമായ സമുദ്രപാതകളിലൂടെ ചരക്കു കൊണ്ടുപോകുന്ന കപ്പലുകൾക്ക് കുറഞ്ഞ നിരക്കിൽ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

പശ്ചിമേഷ്യയിൽ തുടരുന്ന യുദ്ധസാഹചര്യവും ആഗോളതലത്തിലെ പ്രതിസന്ധിയും നിമിത്തം ചരക്കു കപ്പലുകൾക്കുള്ള ഇൻഷ്വറൻസ് പ്രീമിയം കുത്തനെ കൂടുന്നതിനും ഇൻഷ്വറൻസ് ലഭ്യതയിൽ തടസ്സങ്ങൾ നേരിടുന്നതിനും കാരണമാകുന്നുണ്ട്. നിലവിൽ ഇന്ത്യൻ കപ്പലുകൾക്ക് ഇൻഷ്വറൻസിനായി വിദേശ ഗ്രൂപ്പുകളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. ഉപരോധമോ ആഗോള പ്രതിസന്ധിയോ കാരണം വിദേശ ഇൻഷ്വറൻസ് കമ്പനികൾ കപ്പലുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നല്കുന്നതിൽനിന്ന് പിന്മാറിയാലും ഇന്ത്യൻ വ്യാപാരം തടസ്സപ്പെടാതിരിക്കാൻ ഒരു ആഭ്യന്തര സംവിധാനം അത്യാവശ്യമാണെന്ന് വിലയിരുത്തലിലാണ് ബിഎംഐ പൂളിന് കേന്ദ്ര സർക്കാർ രൂപം നല്കിയത്.

ഇന്ത്യൻ പതാക വഹിക്കുന്ന കപ്പലുകൾക്കും ഇന്ത്യയിലേക്ക് വരുന്നതോ ഇന്ത്യയിൽനിന്ന് പുറപ്പെടുന്നതോ ആയ കപ്പലുകൾക്കും ഈ ഇൻഷ്വറൻസ് സേവനം ലഭ്യമാകും. കപ്പലിന്റെ എൻജിൻ, ചരക്ക്, യുദ്ധകാല അപകടങ്ങൾ എന്നിവയുൾപ്പെടെ എല്ലാത്തരം സമുദ്ര റിസ്ക്കുകളും ഇതിൽ ഉൾപ്പെടും. പൂളിൽ അംഗങ്ങളായ ഇൻഷ്വറൻസ് കമ്പനികൾ വഴിയാണ് പോളിസികൾ വിതരണം ചെയ്യുക. ഏകദേശം 950 കോടി രൂപയുടെ സംയുക്ത ഇൻഷ്വറൻസ് ശേഷിയാകും ഈ പൂളിന് ഉണ്ടാകുക.

പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി ഒരു പ്രത്യേക ഭരണസമിതി രൂപീകരിക്കും. ഇന്ത്യൻ കപ്പൽ ഗതാഗത മേഖലയ്ക്ക് അനുയോജ്യമായ രീതിയിൽ ക്ലെയിം മാനേജ്മെന്റും നിയമപരമായ കാര്യങ്ങൾ ഇന്ത്യയിൽ തന്നെ കൈകാര്യം ചെയ്യാൻ ഇതിലൂടെ സാധിക്കുമെന്നും കേന്ദ്രസർക്കാർ വ്യക്തമാക്കുന്നു. വിദേശ രാജ്യങ്ങളുടെ ഉപരോധങ്ങളെ പ്രതിരോധിക്കാനും സമുദ്രവ്യാപാരത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനുമാണ് കേന്ദ്രസർക്കാർ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 93.08 |
| യൂറോ | 109.51 |
| സ്റ്റെർലിംഗ്പൗണ്ട് | 125.65 |
| സ്വിസ് ഫ്രാങ്ക് | 119.02 |
| സിംഗപ്പൂർ ഡോളർ | 73.20 |
| കനേഡിയൻ ഡോളർ | 67.96 |
| ഒമാൻ റിയാൽ | 242.07 |
| ബഹ്റൈൻ ദിനാർ | 246.76 |
| സൗദി റിയാൽ | 24.82 |
| യു.എ.ഇ. ദിർഹം | 25.31 |
| കുവൈത്ത് ദിനാർ | 301.78 |

# ടൈറ്റാനിക് ലൈഫ് ജാക്കറ്റിന് 8.39 കോടി രൂപ

ലണ്ടൻ: ടൈറ്റാനിക് കപ്പലിലെ യാത്രക്കാരി ധരിച്ചിരുന്ന ലൈഫ് ജാക്കറ്റ് 6.7 ലക്ഷം ബ്രിട്ടീഷ് പൗണ്ടിന് (ഏകദേശം 8.39 കോടി രൂപ) ലേലത്തിൽ പോയി. ലോറ മേബിൾ ഫ്രാൻസ്വാടെല്ലി എന്ന ഒന്നാം ക്ലാസ് യാത്രക്കാരിയാണ് ഇതു ധരിച്ചിരുന്നത്. ഇവർക്കൊപ്പം ലൈഫ് ബോട്ടിൽ രക്ഷപ്പെട്ട എല്ലാവരും ഈ ലൈഫ് ജാക്കറ്റിൽ ഒപ്പുവെച്ചിട്ടുണ്ട്.

ടൈറ്റാനിക് ലൈഫ് ബോട്ടിലെ ഒരു കുഷ്യൻ 3.9 ലക്ഷം പൗണ്ടിനും ഇതേ ലേലത്തിൽ വിറ്റുപോയി.

1912 ഏപ്രിൽ 15-ന് ഇംഗ്ലണ്ടിൽനിന്നു ന്യൂയോർക്കിലേക്കു യാത്ര പുറപ്പെട്ട ടൈറ്റാനിക് കപ്പൽ മഞ്ഞുമലയിൽ ഇടിച്ചു മുങ്ങുകയായിരുന്നു. യാത്രക്കാരും ജീവനക്കാരും അടക്കം 1500-2200 പേർ മരിച്ചു.

ടൈറ്റാനിക്കുമായി ബന്ധപ്പെട്ട ലേലത്തിൽ ഏറ്റവും ഉയർന്ന തുക ലഭിച്ചത് ഒരു പോക്കറ്റ് സ്വർണവാച്ചിനാണ്.

ടൈറ്റാനിക്കിലെ എഴുനൂറോളം പേരെ രക്ഷപ്പെടുത്തിയ കാർപാത്യ എന്ന കപ്പലിന്റെ ക്യാപ്റ്റന്റേതായിരുന്നു വാച്ച്. 2024-ലെ ലേലത്തിൽ 15.6 ലക്ഷം പൗണ്ടാണ് ലഭിച്ചത്.

# ചിന്നമ്മ യോഹന്നാൻ അന്തരിച്ചു



അർലിങ്ടൺ (ടെക്സസ്): ദീർഘകാലമായി അർലിങ്ടണിൽ താമസിച്ചിരുന്ന ചിന്നമ്മ യോഹന്നാൻ (87) അന്തരിച്ചു. ഭർത്താവ് പരേതനായ കെ.ജി. യോഹന്നാൻ. മക്കൾ: റെജി യോഹന്നാൻ, സാറാമ്മ യോഹന്നാൻ. മരുമക്കൾ: ബീന, ജോൺ സാം. സാറാമ്മ സാമുവൽ സഹോദരിയാണ്.

സംസ്കാര ശുശ്രൂഷകൾ ഏപ്രിൽ 20-ന് തിങ്കളാഴ്ച രാവിലെ 10 മണിക്ക് ഇർവിങ്ങിലെ ഐപിസി എബനേസർ ചർച്ചിൽ (1927 Rosebud Dr., Irving, TX 75060). തുടർന്ന് സൗത്ത് ലാൻഡ് മെമ്മോറിയൽ പാർക്കിൽ (1204 SW 3rd St., Grand Prairie, TX 75051) മൃതദേഹം സംസ്കരിക്കും. തത്സമയ പ്രക്ഷേപണം പ്രൊവിഷൻ ലൈവ് ടിവിയിൽ.



# കേരള തീരത്തിനു ഭീഷണിയായി ഉഷ്ണതരംഗം

തിരുവനന്തപുരം: വേനൽ മഴയുടെ ഇടവേളകളിൽ കേരളത്തിലെ തീരദേശ പ്രദേശങ്ങൾ ഈർപ്പമുള്ള ഉഷ്ണതരംഗങ്ങൾക്ക് ഇരയാകുന്ന പ്രവണത വർധിച്ചു വരികയാണെന്ന് കാലാവസ്ഥ ശാസ്ത്രജ്ഞർ കണ്ടെത്തി. മൺസൂൺ ഇടവേളകളിൽ കേരളത്തിലെ തീരദേശ ജില്ലകൾ ഉയർന്ന തോതിൽ ഈർപ്പമുള്ള ഉഷ്ണതരംഗ സാധ്യത നേരിടുന്നതായാണ് യുകെയിലെ റീഡിംഗ് സർവകലാശാലയിലെ ശാസ്ത്രജ്ഞർ നടത്തിയ പഠനം വ്യക്തമാക്കുന്നത്.

യുകെ, ഇന്ത്യ എന്നിവിടങ്ങളിൽ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുമായി സഹകരിച്ചു നടത്തിയ പഠനവിവരങ്ങൾ ക്ലൈമറ്റ് ഡയനാമിക്സ് ജേർണലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ വർധിക്കുന്ന ഉഷ്ണതരംഗം കേരളത്തിൽ വലിയ അപകടസാധ്യത ഉയർത്തിക്കാട്ടുന്നു എന്നു പഠനം മുന്നറിയിപ്പു നൽകുന്നു. പ്രധാനമായും താപനില അധിഷ്ഠിതമായ പരമ്പരാഗത ഉഷ്ണതരംഗങ്ങളിൽനിന്നു വ്യത്യസ്തമായി കാണപ്പെടുന്ന ഉയർന്ന ആർദ്രത ഈ സാഹചര്യത്തെ കൂടുതൽ തീവ്രമാക്കുന്നു. തീരദേശ ജില്ലകളിൽ ഈ ഉഷ്ണസമ്മർദം വർധിക്കുമ്പോൾ അത് അവിടത്തെ ജനങ്ങൾക്കിടയിൽ അപകടകരമായ വിധത്തിൽ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കാൻ സാധ്യത ഉണ്ടെന്നു പഠനം സൂചിപ്പിക്കുന്നു.

'വെറ്റ് ബൾബ് ടെംപറേച്ചർ' എന്ന സങ്കേതം ഉപയോഗിച്ച് അളക്കുന്ന ഈ പ്രതിഭാസം വരണ്ട ചൂടിനേക്കാൾ അപകടകരമാണ്.

കാരണം, വായുവിൽ ഈർപ്പം കൂടുതലായാൽ ശരീരത്തിന്റെ പ്രധാന തണുപ്പിക്കൽ പ്രക്രിയയായ വിയർപ്പിന്റെ ആവിയാകൽ മന്ദഗതിയിലാവുകയോ പൂർണമായി നിലച്ചുപോകുകയോ ചെയ്യുന്നു. ഇതോടെ ശരീരത്തിന്റെ താപനില ഉയരുകയും ഹൃദയരക്ത ധമനികളിൽ സമ്മർദം ഉണ്ടാകുകയും ചില മണിക്കൂറുകൾക്കുള്ളിൽ തന്നെ ഹീറ്റ്സ്ട്രോക്ക് സംഭവിക്കാനിടയാകുകയും ചെയ്യുന്നു. താപനില സാധാരണ പോലെ തോന്നാമെങ്കിലും ശരീരത്തെ ബാധിക്കുന്ന ഫലം അത്ര സാധാരണയല്ല. ഇത്തരം അപകടകരമായ കാലാവസ്ഥാ സാഹചര്യം നാല് ആഴ്ചകൾ മുൻപേ പ്രവചിച്ചു കണ്ടെത്താനും അതനുസരിച്ചുള്ള മുന്നൊരുക്കങ്ങൾ നടത്താനുമാകും എന്നും പഠനം വ്യക്തമാക്കുന്നു.

നാല് ആഴ്ചത്തെ മുന്നറിയിപ്പ് ജാലകം ഉള്ളതിനാൽ ആശുപത്രികളിൽ ജീവനക്കാരെ ക്രമീകരിക്കാനും ശീതീകരണ കേന്ദ്രങ്ങൾ തുറക്കാനും സ്കൂളുകൾ സമയം മാറ്റാനും വർധിച്ച ആവശ്യകതയ്ക്കായി തയാറെടുക്കാൻ വൈദ്യുതി സേവന ദാതാക്കൾക്ക് സമയം നൽകാനും കഴിയുമെന്ന് ഗവേഷകർ പറയുന്നു. ലീഡ്സ് യൂണിവേഴ്സിറ്റി, യുകെ മെറ്റ് ഓഫീസ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രോപ്പിക്കൽ മെറ്റീരിയോളജി എന്നിവയിലെ സഹപ്രവർത്തകർക്കൊപ്പം, റീഡിംഗ് യൂണിവേഴ്സിറ്റിയിലെ നാഷണൽ സെന്റർ ഫോർ അറ്റ്മോസ്ഫെറിക് സയൻസ് ആൻഡ് ഡിപ്പാർട്ട്മെന്റ് ഓഫ് മെറ്റീരിയോളജിയിലെ ഡോ. അക്ഷയ് ദേവറസ് ഈ പഠനത്തിനു നേതൃത്വം നൽകി.

## ജപ്പാനിൽ ശക്തമായ ഭൂകമ്പം; സുനാമി മുന്നറിയിപ്പ്

ടോക്കിയോ: വടക്കൻ ജപ്പാനിൽ ശക്തമായ ഭൂകമ്പത്തെ തുടർന്ന് സുനാമി മുന്നറിയിപ്പ് നല്കി. 7.4 തീവ്രത രേഖപ്പെടുത്തിയ ശക്തമായ ഭൂകമ്പമാണ് അനുഭവപ്പെട്ടതെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

ഇവാട്ടെ, ഹൊക്കൈഡോ പ്രവിശ്യകളുടെ ഭാഗങ്ങളിൽ 3 മീറ്റർ വരെ ഉയരമുള്ള തിരമാലകൾ അടിച്ചേക്കാമെന്ന് അധികൃതർ മുന്നറിയിപ്പ് നല്കി. താമസക്കാരോട് ഉയർന്ന പ്രദേശങ്ങളിലേക്ക് മാറാൻ നിർദ്ദേശിച്ചു. നാശനഷ്ടങ്ങൾ വിലയിരുത്തുന്നതിനും സ്ഥിതിഗതികൾ നിരീക്ഷിക്കുന്നതിനുമായി അടിയന്തര സേവനവിഭാഗങ്ങൾ അതീവ ജാഗ്രതയിലാണ്.

ശക്തമായ തിരമാലകൾ തീരദേശങ്ങളിലേക്ക് അടുത്തുകൊണ്ടിരിക്കുകയാണെന്നും അവ ആവർത്തിച്ച് തീരത്തേക്ക് അടിച്ചേക്കാമെന്നും അധികൃതർ അറിയിച്ചു. മുന്നറിയിപ്പുകൾ പിൻവലിക്കുന്നതുവരെ സുരക്ഷിത സ്ഥാനങ്ങളിൽ തുടരാൻ ജനങ്ങളോട് ആവശ്യപ്പെട്ടു. തീരപ്രദേശങ്ങളിൽനിന്നും നദീമുഖങ്ങളിൽനിന്നും വിട്ടുനിൽക്കണമെന്ന് അധികൃതർ കർശനനിർദേശം നല്കിയിട്ടുണ്ട്.

## മലയാളി സന്യാസിനി സംഗമം

(24-ാം പേജിൽനിന്നും)

മോർട്ടൻഗ്രോവ് സെ. മേരീസ് അസിസ്റ്റന്റ് വികാരി ഫാ. അനീഷ് മാവേലിപുത്തൻപുരയിൽ, സിസ്റ്റർ ലിസാ ആഞ്ഞലിക്കൽ എന്നിവർ നേതൃത്വം നല്കി.

സമ്മേളനത്തിന്റെ ചെയർപേഴ്സണും വികാരി ജനറാളുമായ ഫാ. തോമസ് മുളവനാൽ സ്വാഗതവും ജനറൽ കോ-ഓർഡിനേറ്റർ ടോണി പുല്ലാപ്പള്ളിൽ കൃതജ്ഞതയും പറഞ്ഞു. എലൈൻ ഒറ്റതൈക്കൽ സമ്മേളനത്തിന്റെ എംസിയായി പ്രവർത്തിച്ചു. തുടർന്ന് ചിക്കാഗോ കത്തീഡ്രൽ, സെ. മേരീസ് സേക്രഡ് ഹാർട്ട് ഇടവകയിലെ കലാകാരികളും കലാകാരന്മാരും ചേർന്ന് അവതരിപ്പിച്ച കലാസന്ധ്യ ഏവരുടെയും മുക്തകണ്ഠമായ പ്രശംസ ഏറ്റുവാങ്ങി. കലാപരിപാടികൾ ഡെന്നി പുല്ലാപ്പള്ളിൽ, ചിന്നു തോട്ടം എന്നിവർ കോ-ഓർഡിനേറ്റ് ചെയ്തു. നിയ ചെള്ളക്കണ്ടത്തിൽ കലാപരിപാടികളുടെ എംസിയായി പ്രവർത്തിച്ചു.

## വനിതാ സംവരണം

(ഒന്നാം പേജിൽ നിന്നും)

വനിതാസംവരണത്തിന്റെ മറവിൽ 2029ലെ ലോക്സഭാ തെരഞ്ഞെടുപ്പ് ലക്ഷ്യമാക്കി മണ്ഡല പുനർനിർണയം നടത്തുന്നുവെന്നു ചൂണ്ടിക്കാട്ടിയാണ് പ്രതിപക്ഷം ബില്ലിനെ എതിർത്തത്.

ഭരണഘടനയ്ക്കെതിരെയുള്ള ആക്രമണത്തെ പരാജയപ്പെടുത്തിയെന്നു കോൺഗ്രസ് പ്രതികരിച്ചു. അതേസമയം രാജ്യത്തെ വനിതകളെ പ്രതിപക്ഷം അപമാനിച്ചതായാണ് എൻ.ഡി.എ സഖ്യത്തിന്റെ വാദം. ജനസംഖ്യയുമായി ബന്ധിപ്പിക്കാതെ എല്ലാ സംസ്ഥാനങ്ങൾക്കും 50% വീതം സീറ്റുകൾ വർദ്ധിപ്പിക്കുമെന്നു സർക്കാർ വാക്കാൽ ഉറപ്പു നൽകിയിരുന്നെങ്കിലും ബില്ലിൽ ഇതുസംബന്ധിച്ചു വ്യവസ്ഥയുണ്ടായിരുന്നില്ല.

ഒരു മണിക്കൂർ സഭ നിർത്തിവച്ചാൽ ഇതുൾപ്പെടുത്താനുള്ള ഭേദഗതി കൊണ്ടുവരാമെന്ന് വോട്ടിങ്ങിനു തൊട്ടുമുൻപ് ആഭ്യന്തരമന്ത്രി അമിത് ഷാ നാടകീയമായി പ്രഖ്യാപിച്ചെങ്കിലും പ്രതിപക്ഷം വഴങ്ങിയില്ല. വനിതാസംവരണത്തെ മണ്ഡലപുനർനിർണയവുമായി ബന്ധിപ്പിക്കാനുള്ള നീക്കം ഒഴിവാക്കുമോയെന്ന് കെ.സി. വേണുഗോപാൽ ചോദിച്ചെങ്കിലും അമിത് ഷാ ആ ആവശ്യം തള്ളി.

സെൻസസുമായി കൂട്ടിക്കെട്ടി സീറ്റ് വർധിപ്പിക്കാതെ നിലവിലെ 543 സീറ്റുകളിൽ 33% വനിതാസംവരണം ഉടൻ നടപ്പാക്കണമെന്നതായിരുന്നു പ്രതിപക്ഷത്തിന്റെ നിലപാട്.

ബില്ലിനെ പരാജയപ്പെടുത്തിയ പ്രതിപക്ഷം വനിതാസംവരണത്തെ തന്നെയാണ് എതിർക്കുന്നതെന്ന് അമിത് ഷാ ആരോപിച്ചു. 2023ൽ തന്നെ വനിതാസംവരണത്തെ അനുകൂലിച്ച് നിലപാട് വ്യക്തമാക്കിയതാണെന്നും ഇപ്പോൾ അവതരിപ്പിച്ച ബില്ലിന് ഇതുമായി ഒരു ബന്ധവുമില്ലെന്നും പ്രതിപക്ഷം തിരിച്ചടിച്ചു.

രാജ്യത്തെ വനിതകളെ ആദരിക്കാനുള്ള ചരിത്രപരമായ അവസരമാണ് പ്രതിപക്ഷം നഷ്ടപ്പെടുത്തിയതെന്നു പാർലമെന്ററി കാര്യമന്ത്രി കിരൺ റിജിജു കുറ്റപ്പെടുത്തി.

ബിൽ പരാജയപ്പെട്ടെങ്കിലും വനിതകളുടെ അവകാശങ്ങൾക്കായുള്ള പോരാട്ടം സർക്കാർ തുടരുമെന്നും പറഞ്ഞു.

## മുഖ്യമന്ത്രിത്തർക്കം

(ഒന്നാം പേജിൽ നിന്നും)

ഇനിയും അവഗണിക്കാനാകില്ലെന്നാണ് അദ്ദേഹത്തിന്റെ അനുയായികളുടെ അവകാശവാദം. ദേശീയതലത്തിൽ ഉന്നതനേതൃസ്ഥാനത്തുള്ള വേണുഗോപാലിനെയാകും ഹൈക്കമാൻഡ് നിർദേശിക്കുകയെന്ന് അദ്ദേഹത്തെ പിന്തുണയ്ക്കുന്നവർ പ്രതീക്ഷിക്കുന്നു.

മൂവരെയും പിന്തുണച്ചുള്ള പ്രചാരണം തെരഞ്ഞെടുപ്പ് കഴിഞ്ഞതു മുതൽ സാമൂഹികമാധ്യമങ്ങളിൽ തകൃതിയാണ്. വേണുഗോപാൽ കേരളത്തിന്റെ നേതൃത്വം ഏറ്റെടുക്കണമെന്ന തരത്തിൽ കെ.പി.സി.സി. മുൻ അദ്ധ്യക്ഷൻ കെ. സുധാകരൻ ഫെയ്സ്ബുക്ക് കുറിപ്പിട്ടതോടെയാണ് ചർച്ച സജീവമായത്. എന്നാൽ, എഫ്.ബി കുറുപ്പിനു ലഭിച്ച കമന്റുകളിൽ 90 ശതമാനവും സുധാകരനും വേണുഗോപാലിനുമെതിരായ രൂക്ഷവിമർശനമായിരുന്നു.

മുഖ്യമന്ത്രിയാരെന്ന ചർച്ച അനവസരത്തിലാണെന്നു മൂന്ന് നേതാക്കളും പ്രതികരിച്ചെങ്കിലും ജയസാധ്യതയുള്ള സ്ഥാനാർത്ഥികളെ ഇവരുടെ വിശ്വസ്തർ ബന്ധപ്പെട്ട് ഒപ്പം നിർത്താനുള്ള ശ്രമം ആരംഭിച്ചെന്നാണ് സൂചന. ഇതോടെയാണ് കേന്ദ്രനേതൃത്വം ഇടപെട്ടത്. കസേരകളിക്കെതിരെ മറ്റ് മുതിർന്ന നേതാക്കളും രംഗത്തു വന്നു. "ജനിക്കാനിരിക്കുന്ന കുഞ്ഞിന്റെ ജാതകം എഴുതാൻ ശ്രമിക്കാതിരിക്കുന്നതാണ് നല്ലത്. എന്തിനാണ് ഈ അസഹിഷ്ണുത? ഈ അക്ഷമ? മുഖ്യമന്ത്രിയെ തെരഞ്ഞെടുക്കാൻ വ്യവസ്ഥാപിതമായ മാർഗങ്ങൾ കോൺഗ്രസിനുണ്ട്. മലർന്നുകിടന്ന് തുപ്പിയാൽ സ്വന്തം മുഖത്തേ വീഴൂവെന്ന് എല്ലാ നേതാക്കളും മനസിലാക്കിയാൽ നന്ന്" എന്നായിരുന്നു മുൻമന്ത്രി കെ.സി. ജോസഫിന്റെ ഫെയ്സ്ബുക്ക് കുറിപ്പ്.

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം.

*Inserted by: Sara, Dallas*



### ഉപകാരസ്മരണ

**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം.

*Inserted by: Sara, Dallas*



### ഉപകാരസ്മരണ

**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം.

*Inserted by: Sara, Dallas*



### ഉപകാരസ്മരണ

**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം.

*Inserted by: Sara, Dallas*

# SEEKING BRIDEGROOM

*Roman Catholic parents looking for groom for 24 year old, tall, beautiful and God-fearing daughter. She completed her masters in social science and works for the U.S. government hospital. Inviting suitable groom with good education. Please email with photo to **seanjoey2020@gmail.com**

*Pentecostal parents invite proposals for their daughter D.O.B. August 86, 5'6" working as Accounts Manager for a Financial Institution in the U.S. She did schooling and undergrad from Canada and Masters in Accounting and M.B.A. from U.S.Those who are interested may please respond with details and recent pictures to **scjoseph22@gmail.com** or call (whatsapp) **1 416 903 5007**.

*Parents seek proposal for daughter, age 26, baptized Christian, raised in USA, 5'.1", active in a Bible-based community church with Pentecostal beliefs, employed after B.S. in Engineering. Looking for one with similar faith, values, and professional background. Please email with photo & details to **Lordhears@outlook.com**

